32nd Year of Service 2024

Price $1.00

# കേരളാ എക്സ്പ്രസ്

# KERALA EXPRESS

NOT OUR MERIT BUT HIS GRACE · KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

December 27, 2024 | Vol. XXXII No. 52 | Periodicals Postage Paid







ചിക്കാഗോ മലയാളി അസോസിയേഷന്റെ ക്രിസ്മസ്–പുതുവത്സരാഘോഷങ്ങൾ വികാരി ജനറാൾ മോൺ. തോമസ് മുളവനാൽ ഉദ്ഘാടനം ചെയ്യുന്നു. സെന്റ് മേരീസ് പള്ളി വികാരി ഫാ. സിജു മുടക്കോടിൽ, പ്രസിഡണ്ട് ജസ്സി റിൻസിയും ഭാരവാഹികളും സമീപം.

ഫോട്ടോ മോനു വർഗീസ്

Visit Our Website: www.keralaexpress.com

# THIRD DEATH ANNIVERSARY


12-24-2024



## AMMAL PHILIP EDAT

CHICAGO, USA

*Inserted by*
*Sorrowing Family*




ARACKAL
VACATION HOME
UZHAVOOR, KOTTAYAM, KERALA



5 BEDROOMS (3 BR A/C), 6 BATHROOMS
LIVING, DINING & KITCHEN
READY TO OCCUPY FOR WEEKLY OR MONTHLY RENT
UZHAVOOR CHURCH & PARTY HALL NEARBY

FOR BOOKING:
USA: RAJU ARACKAL
@ 404 567 9189
INDIA: JOBIN MATHEW
@ 9961605244
EMAIL: JOBIONMATHEW@YAHOO.COM

32nd Year of Service 2024
Price $1.00
കേരളാ എക്സ്പ്രസ്
KERALA EXPRESS
Weekly Newspaper National Edition from Chicago
3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

4 രേഖകൾ പരിശോധിക്കാൻ അനുവാദമില്ല
9 സിജോ വടക്കന്റെ ട്രിനിറ്റി കമ്പനി
11 റഷ്യ കാൻസർ വാക്സിൻ വികസിപ്പിച്ചു
14 മെൽബൺ സോഷ്യൽ ക്ലബിന്റെ ക്രിസ്മസ്
23 ഫൊക്കാനയുടെ ആദരം ഏറ്റുവാങ്ങി ജി.കെ. പിള്ള





# റവ.ഫാ. ജോസ് കണ്ടത്തിക്കുടി അന്തരിച്ചു

ഷോളി കുമ്പിളുവേലി

ന്യൂയോർക്ക്: നോർത്തമേരിക്കയിൽ സീറോമലബാർ സഭയുടെ വളർച്ചയ്ക്കു നിർണായകമായ സംഭാവനകൾ നല്കിയ റവ.ഫാ. ജോസ് കണ്ടത്തിക്കുടി (79) അന്തരിച്ചു.

അമേരിക്കയിലെ സീറോമലബാർ വിശ്വാസികളെ ഏകോപിപ്പിക്കുന്നതിനായി സിനഡ് തീരുമാനപ്രകാരം 1995 -ൽ അമേരിക്കയിൽ എത്തിയ ഫാ. ജോസ് കണ്ടത്തിക്കുടി ചിക്കാഗോ, ന്യൂജേഴ്സി, ന്യൂയോർക്ക് എന്നിവിടങ്ങളിൽ ഇടവകകൾ സ്ഥാപിക്കുകയും അവിടെ സേവനം ചെയ്യുകയും ചെയ്തു. ദീർഘനാൾ ബ്രോങ്ക്സ് സെ. തോമസ് സീറോമലബാർ ഫൊറോന ഇടവക വികാരിയായി സേവനമനുഷ്ഠിച്ചു. 2020-ൽ റിട്ടയർ ചെയ്തതിനുശേഷം അമേരിക്കയിലും നാട്ടിലുമായി വിശ്രമജീവിതം നയിച്ചുവരികയായിരുന്നു.

1945 മെയ് 30-ന് കണ്ടത്തിക്കുടി ജോൺ-ത്രേസ്യാക്കുട്ടി ദമ്പതികളുടെ മൂത്ത മകനായി ജനിച്ച ഫാ. ജോസ്, 1962 -ൽ തലശ്ശേരി മൈനർ സെമിനാരിയിൽ ചേർന്നു. തുടർന്ന് വടവാതൂർ സെമിനാരിയിലും റോമിലെ അർബൻ യൂണിവേഴ്സിറ്റിയിലും വൈദികപഠനം പൂർത്തിയാക്കി. 1971 മാർച്ച് 27-ാം തീയതി വത്തിക്കാനിൽ വെച്ച് കർദ്ദിനാൾ ആഗ്നേലോ റോസ്സിയിൽ നിന്നും തിരുപ്പട്ടം സ്വീകരിച്ചു.



1973-ൽ കേരളത്തിൽ തിരിച്ചെത്തി. തലശ്ശേരി, മണിമൂളി ഇടവകയിൽ അസിസ്റ്റന്റ് വികാരിയായി ശുശ്രൂഷ ആരംഭിച്ച ജോസച്ചൻ കല്പറ്റ, ചാരിറ്റി, ഒലിവുമല, എടപ്പെട്ടി, പൊഴമുടി തുടങ്ങിയ ഇടവകകളിൽ വികാരിയായി സേവനമനുഷ്ഠിച്ചു. കൂടാതെ തമിഴ്നാട്ടിലെ കൂനൂർ, ബാർലിയർ, വരുവാൻകാട് എന്നിവിടങ്ങളിൽ ഇടവകകൾ സ്ഥാപിക്കുകയും വികാരിയായി സേവനം ചെയ്യുകയും ചെയ്തിട്ടുണ്ട്.

(ശേഷം 4-ാം പേജിൽ)

# തൃശൂർ പൂരം: അട്ടിമറി നടന്നെന്ന് എഡിജിപിയുടെ റിപ്പോർട്ട്

തിരുവനന്തപുരം: തൃശൂർ പൂരം അട്ടിമറിച്ചത് ലോക്സഭാ തെരഞ്ഞെടുപ്പു ലക്ഷ്യമിട്ടെന്ന്, പൂരം കലക്കൽ അന്വേഷിച്ച എഡിജിപി എം.ആർ. അജിത്കുമാറിന്റെ റിപ്പോർട്ട്. തിരുവമ്പാടി ദേവസ്വം ഭാരവാഹികളുടെ പേരെടുത്തു കുറ്റപ്പെടുത്തുന്ന റിപ്പോർട്ടിൽ, പക്ഷേ തെരഞ്ഞെടുപ്പിൽ നേട്ടമുണ്ടാക്കാൻ ശ്രമിച്ചത് ഏതു രാഷ്ട്രീയ പാർട്ടിയാണെന്ന വെളിപ്പെടുത്തലില്ല. അതേസമയം, ബിജെപിയുടെ ഒരു സംസ്ഥാന വൈസ് പ്രസിഡണ്ട്, ആർഎസ്എസിന്റെ കേരളത്തിലെ പ്രമുഖ നേതാവ് എന്നിവരുടെ പേരുകൾ മൊഴിയുടെ രൂപത്തിൽ അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

നിയമവിരുദ്ധമായ ആവശ്യങ്ങളുന്നയിച്ചു തിരുവമ്പാടി ദേവസ്വത്തിലെ ചിലർ കുഴപ്പങ്ങൾ സൃഷ്ടിച്ചെന്നും തൽപരകക്ഷികളുമായി ഗൂഢാലോചന നടത്തി ഉത്സവം അട്ടിമറിച്ചെന്നുമാണ് അജിത്കുമാറിന്റെ കണ്ടെത്തൽ. നിയമവിരുദ്ധമായ ആവശ്യങ്ങൾ അനുവദിക്കാതിരുന്നാൽ പൂരം അട്ടിമറിക്കണമെന്ന തീരുമാനം നേരത്തേ എടുത്തിരുന്നുവെന്നും റിപ്പോർട്ടിലുണ്ട്.

'തിരുവമ്പാടി ദേവസ്വം ആദ്യംമുതൽതന്നെ (ശേഷം 30-ാം പേജിൽ)

## വയനാട് പുനരധിവാസം:

# രണ്ടു ടൗൺഷിപ്പുകളിലായി വീടുകൾ നിർമിക്കും

തിരുവനന്തപുരം: വയനാട് പുനരധിവാസവുമായി ബന്ധപ്പെട്ട് രണ്ടു ടൗൺഷിപ്പുകളിലായി അഞ്ച്, പത്തു സെന്റുകളിൽ വീടുകൾ നിർമിച്ചു നൽകാൻ ധാരണ.

ഇതുസംബന്ധിച്ച പ്രസന്റേഷൻ ഡിസംബർ 22-ന് വൈകുന്നേരം ചേർന്ന പ്രത്യേക മന്ത്രിസഭാ യോഗത്തിൽ ചീഫ് സെക്രട്ടറി ശാരദ മുരളീധരൻ നടത്തി.

പുനരധിവാസ മാതൃക മന്ത്രിമാർ വിശദമായി പഠിച്ച ശേഷം മന്ത്രിസഭാ യോഗത്തിൽ ചർച്ച ചെയ്തു തീരുമാനിക്കും. വയനാട്ടിലെ കൽപറ്റയിലും നെടുമ്പാലയിലുമുള്ള എസ്റ്റേറ്റുകളിലാണു ടൗൺഷിപ്പുകൾ നിർമിക്കുക.


1,000 ചതുരശ്ര അടിയിലുള്ള ഒറ്റ നില വീടുകളാണു നിർമിച്ചു നൽകുന്നത്. മുകളിലേക്ക് അടുത്ത നിലകൂടി നിർമിക്കാൻ കഴിയുംവിധത്തിലാണ് അടിസ്ഥാനം സജ്ജമാക്കുക. ആകെ 750 മുതൽ 800 കോടി വരെ രൂപ വേണ്ടിവരുമെന്നാണു കണക്കാക്കുന്നത്. ടൗൺഷിപ്പിൽ ആശുപത്രികൾ, സ്കൂളുകൾ, അങ്കണവാടികൾ, കളിസ്ഥലങ്ങൾ, മറ്റു ജീവനോപാധികൾ അടക്കമുള്ള സംവിധാനങ്ങളുണ്ട്.

എന്നാൽ, വീട് വെക്കാൻ ഉദ്ദേശിക്കുന്ന എസ്റ്റേറ്റുകളിലെ സ്ഥലം കോടതിക്കേസിൽ കുടുങ്ങിക്കിടക്കുകയാണ്. ഇവയിലെ നിയമക്കുരുക്ക് ഒഴിവാക്കി ലഭിക്കുന്ന മുറയ്ക്കേ ടൗൺഷിപ്പ് ഒരുക്കാനാകൂ. വീടു നിർമിക്കാൻ തയാറായ സ്പോൺസർമാർക്ക് രണ്ട് ഓപ്ഷനുകളാണു സർക്കാർ നൽകുക. മികച്ച ഉറപ്പുള്ള വീടുകൾ കാലതാമസം കൂടാതെ നിർമിച്ചുനൽകാൻ കഴിയുമെന്ന് സർക്കാരിന് ഉറപ്പുള്ളവർക്കു ഭൂമി വിട്ടുകിട്ടുന്ന മുറയ്ക്കു കൈമാറി നൽകും. ഇവർ സർക്കാർ രൂപകല്പന ചെയ്യുന്ന തരത്തിലുള്ള വീടുകൾ നിർമിച്ചു നൽകണം. വീടു നിർമിച്ചു നൽകാൻ നിരവധി സംഘടനകൾ രംഗത്തെത്തിയിരുന്നു. ഇതിൽ ഏതാനും സംഘടനകൾ വീടുനിർമാണത്തിനു തയാറെടുപ്പും തുടങ്ങിയിട്ടുണ്ട്.

ഗുണഭോക്താക്കളുടെ കരട് പട്ടികയിലെ പിഴവ് തിരുത്താൻ ഹിയറിംഗ് നടത്തും. ആവശ്യമെങ്കിൽ ഫീൽഡ് പരിശോധനയും നടത്തും. ഉറപ്പുള്ള വീടുകൾ കാലതാമസം കൂടാതെ നിർമിച്ചു നൽകാൻ കഴിവില്ലെന്നു സർക്കാരിനു ബോധ്യമാകുന്നവർക്കു സ്ഥലം നൽകില്ല. പകരം ഇവർ വീടു നിർമാണത്തിനാവശ്യമായ തുക സർക്കാരിലേക്കു നൽകണം. സർക്കാർ സംവിധാനങ്ങൾ വീടു നിർമിച്ചു നൽകാനും ധാരണയായി.

വയനാട് ദുരന്തത്തിൽ വീടും ജീവനോപാധികളും (ശേഷം 30-ാം പേജിൽ)

# കെജ്രിവാളിന്റെ വിചാരണയ്ക്ക് അനുമതി



ന്യൂഡൽഹി: ഡൽഹി മദ്യനയവുമായി ബന്ധപ്പെട്ട കള്ളപ്പണക്കേസിൽ ആം ആദ്മി പാർട്ടി (എഎപി) ദേശീയ കൺവീനറും ഡൽഹി മുൻമുഖ്യമന്ത്രിയുമായി അരവിന്ദ് കെജ്രിവാളിനെ വിചാരണ ചെയ്യാൻ ലഫ്റ്റനന്റ് ഗവർണർ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിന് (ഇഡി) അനുമതി നല്കി. ഡൽഹി നിയമസഭാ തെരഞ്ഞെടുപ്പിന് രണ്ട് മാസം മാത്രം ശേഷിക്കെയാണ് എഎപിയെയും കെജ്രിവാളിനെയും കൂടുതൽ പ്രതിരോധത്തിലാക്കി ഇഡിയുടെ നീക്കം. വിചാരണയ്ക്ക് അനുമതി തേടി ഇഡി ഈ മാസം മൂന്നിനാണ് അപേക്ഷ നല്കിയത്. എഎപിയെയും കെജ്രിവാളിനെയും പ്രതിചേർത്ത് ഇഡി മെയ് 12 -നു കുറ്റപത്രം സമർപ്പിച്ചിരുന്നു. കള്ളപ്പണക്കേസിൽ ആദ്യമായിട്ടാണ് ഒരു രാഷ്ട്രീയ പാർട്ടിയെ പ്രതിചേർക്കുന്നത്. (ശേഷം 30-ാം പേജിൽ)



# മുനമ്പത്തേത് വഖഫ് ഭൂമിയല്ലെന്ന് ഫാറൂഖ് കോളജ്

കോഴിക്കോട്: മുനമ്പത്തെ ഭൂമി വഖഫ് ഭൂമിയല്ലെന്നും സർക്കാർ നിയോഗിച്ച ജുഡീഷ്യൽ കമ്മീഷനെ ഫാറൂഖ് കോളജ് അറിയിച്ചു. വർഷങ്ങളായി ഫാറൂഖ് കോളജിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയാണിത്. ദാനാധാര പ്രകാരമാണ് ഭൂമിയിൽ ഉടമസ്ഥാവകാശം ലഭ്യമായത്. അതിനാൽ വില്പന നടത്താനുള്ള എല്ലാ അവകാശവും ഫാറൂഖ് കോളജിനുണ്ട്. തങ്ങളുടെ ഭാഗം പരിഗണിക്കാതെയാണ് വഖഫ് ബോർഡ് ഭൂമി ഏറ്റെടുത്തതെന്നും കമ്മീഷൻ മുമ്പാകെ വ്യക്തമാക്കി.

മുനമ്പം ഭൂമി വിഷയത്തിൽ ജുഡീഷ്യൽ കമ്മീഷൻ വസ്തുതാ പരിശോധനയുടെ ഭാഗമായി ഫാറൂഖ് കോളജിനു നോട്ടീസ് നല്കിയിരുന്നു. ഇതിനു മറുപടിയായാണ് കോളജ് തങ്ങളുടെ ഭാഗം വ്യക്തമാക്കിയത്. ഭൂമിയുടെ ഉടമസ്ഥാവകാശം സംബന്ധിച്ച രേഖകൾ, ഭൂമി എങ്ങനെയാണ് കൈവശം വന്നു ചേർന്നത്, അതു പിന്നീട് എപ്പോൾ, എങ്ങനെയാണ് മുനമ്പത്തെ താമസക്കാർക്ക് മറിച്ചുവിറ്റത് തുടങ്ങിയ വിശദാംശങ്ങൾ അറിയിക്കണമെന്നും കമ്മീഷൻ ആവശ്യപ്പെട്ടിരുന്നു.

വഖഫ് ബോർഡിനും ഇതു സംബന്ധിച്ചു നോട്ടീസ് നല്കിയിരുന്നെങ്കിലും ബോർഡ് രേഖകൾ ഹാജരാക്കിയിട്ടില്ല. രേഖകൾ ഉടൻ ഹാജരാക്കുമെന്നു വഖഫ് ബോർഡ് ചെയർമാൻ എം.കെ. സക്കീർ പറഞ്ഞു.

# മൂന്ന് ഖാലിസ്ഥാൻ ഭീകരരെ വധിച്ചു

ലക്നൗ: പഞ്ചാബ് ഗുർദാസ്പൂരിലെ പോലീസ് സ്റ്റേഷനു നേരെ ഗ്രനേഡ് എറിഞ്ഞ മൂന്നു ഖാലിസ്ഥാൻ ഭീകരർ ഏറ്റമുട്ടലിൽ കൊല്ലപ്പെട്ടു. ഉത്തർപ്രദേശിലെ പിലിഭിത്തിലാണ് പോലീസുമായി 22-ന് രാത്രി ഏറ്റുമുട്ടലുണ്ടായത്. ഗുർവീന്ദർ സിംഗ്, വീരേന്ദ്ര സിംഗ്, ജസൻപ്രീത് സിംഗ് എന്നിവരാണ് കൊല്ലപ്പെട്ടത്.

ഭീകരരെ പിടികൂടാൻ ശ്രമിച്ചെങ്കിലും ഉത്തർപ്രദേശ്-പഞ്ചാബ് പോലീസ് സംഘത്തിനു നേരെ ഇവർ വെടിയുതിർക്കുകയായിരുന്നു. ഭീകരരിൽ നിന്ന് എകെ സീരീസിലെ രണ്ട് റൈഫിളുകളും ഗ്ലോക്ക് പിസ്റ്റളുകളും കണ്ടെടുത്തിട്ടുണ്ട്.

പാക്കിസ്ഥാൻ പിന്തുണയുന്ന ഖാലിസ്ഥാൻ സിന്ദാബാദ് ഫോഴ്സിന്റെ ഭാഗമാണ് ഇവരെന്ന് പഞ്ചാബ് പോലീസ് പറഞ്ഞു. ഒരാഴ്ചയ്ക്കുള്ളിൽ പഞ്ചാബിലെ മൂന്നു പോലീസ് സ്റ്റേഷനുകളാണ് ഇവർ ആക്രമിച്ചത്.

# ഫാ. ജോസ് കണ്ടത്തിക്കുടി അന്തരിച്ചു

(3-ാം പേജിൽനിന്നും)

തലശ്ശേരി. മാനന്തവാടി രൂപതകളിലെ വിവിധ ആദ്ധ്യാത്മിക മേഖലകളിലും ജോസച്ചൻ പ്രവർത്തിച്ചിട്ടുണ്ട്. മാനന്തവാടി സെ. ജോസഫ്സ് പ്രസ് മാനേജർ, മാനന്തവാടി രൂപതയുടെ ചാൻസലർ, സൺഡേസ്കൂൾ ഡയറക്ടർ, ഫാമിലി അപ്പസ്തോലേറ്റിന്റെ ഡയറക്ടർ, സെ. ജോസഫ് ഹോസ്പിറ്റർ ഡയറക്ടർ, തൂങ്കുഴി പിതാവിന്റെ സെക്രട്ടറി തുടങ്ങി വിവിധ തലങ്ങളിൽ സേവനം ചെയ്തിട്ടുണ്ട്. തുടർന്നാണ് അമേരിക്കയിൽ എത്തുന്നത്.

തുടക്കത്തിൽ ചിക്കാഗോയിലെ വിശ്വാസികളെ ഏകോപിപ്പിക്കുന്നതിനു നേതൃത്വം നല്കിയ ജോസച്ചൻ തുടർന്ന് ന്യൂജേഴ്സിയിലെയും ന്യൂയോർക്കിലെയും വിവിധ സ്ഥലങ്ങളിൽ താമസിച്ചു സീറോമലബാർ വിശ്വാസികളെ സംഘടിപ്പിക്കുകയും ഇടവകകൾ രൂപീകരിക്കുകയും ചെയ്തു. 2002 മാർച്ച് മാസം ന്യൂയോർക്കിലെ ബ്രോങ്ക്സിൽ സെ. തോമസ് സീറോമലബാർ ഇടവക സ്ഥാപിക്കുകയും 2020-ൽ റിട്ടയർ ആകുന്നതുവരെ ബ്രോങ്ക്സ് ഇടവകയിൽ തന്നെ ശുശ്രൂഷ ചെയ്തു. ഇതിനിടയിൽ ന്യൂയോർക്കിലും കണക്ടിക്കട്ടിലും വിവിധ ഇടങ്ങളിൽ സീറോ മലബാർ ഇടവകയും മിഷനുകളും സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

സഹോദരങ്ങൾ: ഡൊമിനിക്, ഫിലോമിന, പരേതനായ ജോൺ.

ഫാ. ജോസ് കണ്ടത്തിക്കുടിയുടെ നിര്യാണത്തിൽ ചിക്കാഗോ സീറോമലബാർ രൂപത ബിഷപ് മാർ ജോയി ആലപ്പാട്ട്, രൂപതയുടെ പ്രഥമ ബിഷപ് മാർ ജേക്കബ് അങ്ങാടിയത്ത് എന്നിവർ അഗാധമായ ദുഃഖം രേഖപ്പെടുത്തി. ജോസച്ചന്റെ സേവനങ്ങളെ ചിക്കാഗോ രൂപത എന്നും സ്മരിക്കുമെന്ന് മാർ ജോയി ആലപ്പാട്ട് പറഞ്ഞു.

സംസ്കാര ശുശ്രൂഷകളുടെ വിശദാംശങ്ങൾ പിന്നീട് അറിയിക്കുന്നതായിരിക്കും.

# തെരഞ്ഞെടുപ്പിലെ ഇലക്ട്രോണിക് രേഖകൾ പരിശോധിക്കാൻ അനുവാദമില്ല

ന്യൂഡൽഹി: തെരഞ്ഞെടുപ്പിന്റെ സിസിടിവി തുടങ്ങിയ ഇലക്ട്രോണിക് രേഖകൾ പൊതുജനങ്ങൾക്ക് ഇനി പരിശോധിക്കാൻ അനുവാദമില്ല. തെരഞ്ഞെടുപ്പ് രേഖകൾ പൊതുപരിശോധനയ്ക്കു നൽകിയിരുന്ന തെരഞ്ഞെടുപ്പു ചട്ടം കേന്ദ്രസർക്കാർ ഭേദഗതി ചെയ്തതോടെയാണു പുതിയ നിയന്ത്രണം.

കഴിഞ്ഞ ഹരിയാന നിയമസഭാ തെരഞ്ഞെടുപ്പിലെ രേഖകൾ ഹാജരാക്കാൻ പഞ്ചാബ്-ഹരിയാന ഹൈക്കോടതി തെരഞ്ഞെടുപ്പ് കമ്മീഷനോട് ഉത്തരവിട്ടതിനു പിന്നാലെയാണ് ചട്ടം ഭേദഗതി ചെയ്തുകൊണ്ട് കേന്ദ്രസർക്കാർ ഉത്തരവിട്ടത്.

തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട എല്ലാ രേഖകളും പൊതുജനങ്ങളുടെ പരിശോധനയ്ക്കായി വിട്ടുനൽകാൻ അനുവദിച്ചിരുന്ന 1961-ലെ നിയമമാണു കേന്ദ്രം ഭേദഗതി ചെയ്തത്.

ഭേദഗതി പ്രകാരം നിയമത്തിൽ പ്രതിപാദിച്ചിട്ടുള്ള രേഖകൾ മാത്രമേ പൊതുപരിശോധനയ്ക്ക് വിട്ടുനൽകൂ. ഇതുപ്രകാരം സ്ഥാനാർത്ഥികളുടെ തെരഞ്ഞെടുപ്പ് പത്രിക, തെരഞ്ഞെടുപ്പ് ഏജന്റുമാരുടെ വിവരം, തെരഞ്ഞെടുപ്പ് ഫലം തുടങ്ങിയവ പൊതുജനങ്ങൾക്ക് ലഭ്യമാകുമ്പോൾ സ്ഥാനാർത്ഥികളുടെ സിസിടിവി കാമറ, വെബ്കാസ്റ്റിംഗ് വീഡിയോ ദൃശ്യങ്ങൾ തുടങ്ങിയ ഇലക്ട്രോണിക് രേഖകളിലാണു കേന്ദ്രസർക്കാർ പൂട്ടിട്ടിരിക്കുന്നത്.

കഴിഞ്ഞ ഒമ്പതിന് ഹരിയാന നിയമസഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ടുള്ള എല്ലാ രേഖകളും ഹാജരാക്കാൻ പഞ്ചാബ്-ഹരിയാന ഹൈക്കോടതി തെരഞ്ഞെടുപ്പു കമ്മീഷനോട് ഉത്തരവിട്ടിരുന്നു.

തെരഞ്ഞെടുപ്പിലെ സിസിടിവി ദൃശ്യങ്ങളും എത്ര വോട്ടുകൾ പോൾ ചെയ്തുവെന്നുള്ള 17സി രേഖയും ഇവിഎം രേഖകളുമെല്ലാം പരിശോധനയ്ക്കായി നൽകണമെന്നാവശ്യപ്പെട്ട് മെഹമൂദ് പ്രാച എന്ന അഭിഭാഷകൻ സമർപ്പിച്ച ഹർജിയിലായിരുന്നു കോടതിയുടെ ഉത്തരവ്.

സ്ഥാനാർത്ഥികളുമായി ബന്ധപ്പെട്ട ഇലക്ട്രോണിക് രേഖകൾ പൊതുജനങ്ങൾക്ക് പരിശോധിക്കാനുള്ള അനുമതി ഇല്ലാതാക്കിയത് തെരഞ്ഞെടുപ്പ് കമ്മീഷന്റെ വിശ്വാസ്യത തകർക്കാനുള്ള മോദിസർക്കാരിന്റെ വ്യവസ്ഥാപിത ഗൂഢാലോചനയാണെന്ന് കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ പറഞ്ഞു. രാഷ്ട്രീയപ്പാർട്ടികളോട് ആലോചിക്കാതെയുള്ള തീരുമാനം ഉടൻ പിൻവലിക്കണമെന്ന് സിപിഎം പോളിറ്റ്ബ്യൂറോയും പ്രസ്താവനയിൽ ആവശ്യപ്പെട്ടു.

സിസിടിവി ക്യാമറാ ദൃശ്യങ്ങൾ, വെബ്കാസ്റ്റിങ് ഫൂട്ടേജ്, വീഡിയോ റെക്കോഡിങ് തുടങ്ങി സ്ഥാനാർത്ഥികളുമായി ബന്ധപ്പെട്ട ഇലക്ട്രോണിക് രേഖകൾ പൊതുജനങ്ങൾക്ക് പരിശോധിക്കാനുള്ള അനുമതിയാണ് ഭേദഗതിയിലൂടെ ഇല്ലാതാകുന്നത്.

തെരഞ്ഞെടുപ്പ് കമ്മീഷണർമാരെ നിയമിക്കാനുള്ള സമിതിയിൽനിന്ന് നേരത്തേ സുപ്രീംകോടതി ചീഫ് ജസ്റ്റിസിനെ ഒഴിവാക്കി. ഇപ്പോൾ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട വിവരങ്ങൾ തടയാനാണ് ശ്രമിക്കുന്നതെന്നും ഖാർഗെ 'എക്സി'ൽ കുറിച്ചു. സർക്കാരനുകൂല സമീപനമാണ് തെരഞ്ഞെടുപ്പു കമ്മീഷൻ സ്വീകരിക്കുന്നതെന്ന് കോൺഗ്രസ് നേതാവ് കെ.സി. വേണുഗോപാലും പറഞ്ഞു.

കൂടുതൽ സുതാര്യതയ്ക്കുവേണ്ടി മുൻപ് തെരഞ്ഞെടുപ്പു കമ്മീഷൻതന്നെ നടപ്പാക്കിയ കാര്യങ്ങളാണ് ഭേദഗതിയിലൂടെ ഇല്ലാതാക്കുന്നതെന്ന് സിപിഎം പൊളിറ്റ് ബ്യൂറോ പത്രക്കുറിപ്പിൽ പറഞ്ഞു. പുതിയ ചട്ടം തയ്യാറാക്കുമ്പോൾ കേന്ദ്രസർക്കാർ തെരഞ്ഞെടുപ്പു കമ്മീഷനുമായി ആലോചിച്ചുവെന്നാണ് റിപ്പോർട്ടുകൾ.

എന്നാൽ, രാഷ്ട്രീയപ്പാർട്ടികളുമായി കമ്മീഷൻ ആലോചിച്ചിട്ടില്ല. ഇത്തരം നടപടികളിൽ പാർട്ടികളുടെ പങ്കാളിത്തം പൂർണമായി ഇല്ലാതാക്കിയെന്നും അതിനാൽ തീരുമാനം പിൻവലിക്കണമെന്നും സിപിഎം ആവശ്യപ്പെട്ടു.

# സ്വകാര്യ ബസ് അപകടം: മരണം ഉണ്ടായാൽ പെർമിറ്റ് സസ്പെൻഡ് ചെയ്യും

തിരുവനന്തപുരം: സ്വകാര്യ ബസുകളുടെ മത്സരയോട്ടത്തിനു മൂക്കുകയറിട്ട് റോഡുകൾ സുരക്ഷിതമാക്കാൻ ഗതാഗത വകുപ്പ് കർശന നടപടി തുടങ്ങി. സ്വകാര്യ ബസുകളുണ്ടാക്കുന്ന അപകടങ്ങളിൽ മരണം സംഭവിച്ചാൽ ആറ് മാസത്തേക്ക് ബസിന്റെ പെർമിറ്റ് സസ്പെൻഡ് ചെയ്യും. ഗുരുതര പരുക്കുകളുണ്ടാകുന്ന അപകടങ്ങളിൽ മൂന്നു മാസത്തേക്കാണ് സസ്പെൻഷൻ. അപകടങ്ങളുണ്ടാക്കുന്ന ഡ്രൈവർമാരുടെ ലൈസൻസ് സസ്പെൻഡ് ചെയ്യുന്നതിനു പുറമെയാണിത്.

**മറ്റു നടപടികൾ:** ഡ്രൈവർ, കണ്ടക്ടർ എന്നിവരെ നിയമിക്കാൻ പോലീസ് വെരിഫിക്കേഷൻ നിർബന്ധമാക്കും. ക്രിമിനൽ കേസുകളിൽ ഉൾപ്പെട്ടവരല്ലെന്നു ഉറപ്പാക്കാനാണിത്. യാത്രക്കാരോട് മാന്യമായി പെരുമാറുന്നതിന് പരിശീലനം നല്കും. ഇതിനുള്ള രൂപരേഖ ഗതാഗത കമ്മീഷണർ തയ്യാറാക്കും. അമിതവേഗത്തെക്കുറിച്ചു ജനങ്ങൾക്കു പരാതി അറിയിക്കാനുള്ള ഫോൺ നമ്പർ ബസുകളുടെ പിന്നിൽ രേഖപ്പെടുത്തുന്നത് നിർബന്ധമാക്കും. നമ്പർ ഉടമകൾക്കു തീരുമാനിക്കാം. വ്യാജ നമ്പർ നല്കി ഇതു തകിടംമറിക്കാൻ ശ്രമിച്ചാൽ പരാതി അറിയിക്കാൻ പൊതുനമ്പർ ഏർപ്പെടുത്തും. സർവീസ് കൃത്യസമയത്ത് നടക്കുന്നുവെന്ന് ഉറപ്പാക്കാൻ ബസുകളിൽ ജിയോടാഗ് നിർബന്ധമാക്കും.

സമയം തെറ്റിച്ച് സർവീസ് നടത്തുന്ന ബസുകൾക്ക് പിഴ ചുമത്തും. രാത്രിയിൽ ട്രിപ് ഒഴിവാക്കുന്ന ബസുകളുടെ പെർമിറ്റ് റദ്ദാക്കും. ഉൾനാടൻ പ്രദേശങ്ങളിൽ പലപ്പോഴും യാത്രക്കാരില്ലെന്ന കാരണത്താൽ അവസാന ട്രിപ് റദ്ദാക്കുന്നത് ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണിത്. ഒരു റൂട്ടിൽ സർവീസ് നടത്തുന്ന ബസുകൾ ഓരോന്നും ആഴ്ചയിൽ ഒരു തവണയെങ്കിലും അവസാന ട്രിപ് നടത്തണമെന്ന് ആർടിഒമാർ ഉറപ്പാക്കണം. കെഎസ്ആർടിസി ബസുകളിൽ ക്യാമറ സ്ഥാപിക്കുന്ന നടപടികൾ ആരംഭിച്ചു.

സ്വകാര്യ ബസുകൾക്ക് 2025 മാർച്ച് വരെ സമയം അനുവദിക്കും. മോട്ടോർ വാഹന വകുപ്പിലെ വാഹനക്ഷാമം പരിഹരിക്കും. ഉദ്യോഗസ്ഥർക്ക് ജീപ്പിനു പകരം ബൈക്ക് നല്കുന്നത് പരിഗണനയിൽ. വകുപ്പിലെ ഒഴിവുകൾ നികത്തും. അസി. മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരായി 83 പേർ ഈ മാസം 27-ന് ജോലിയിൽ പ്രവേശിക്കും.

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

3425 Cleveland St,
Skokie, Illinois 60076
Tel: 630 728 7956
eFax: 773.304.1917

Volume XXXII
Number 52
December 27, 2024

*Chief Editor*
K.M. Eapen

*Executive Editor*
Jose Kaniyaly

*Managing Editors*
Joseph Mathew
K.O. Jose, C.P.A.
Titus Eapen

*Cir2culation Manager*
Ajith Eapen

*Office Administration*
Anish Eapen

*Legal Advisor*
Selma C. D'souza

*Manager*
K.M. Thimothy

*Overseas Office*
KERALA EXPRESS
KMC 172-A
C.M.S. College Jn.
Kottayam - 686001
Kerala, India
Tel : + 91 481-2561203

*Co-ordinating Editor*
Mani Samuel

*News Editor*
Mini Mani

*Graphics*
Samuel Mani

*Consultant Editor*
Prof. Babu Poozhikunnel

*Special Correspondent*
Anil Pennukkara

KERALA EXPRESS (USPS 011-008)
is published Weekly for $54.00 per year
by Grace Publications, Inc.
3425 Cleveland St,
Skokie, Illinois 60076.

**Periodicals Postage Paid Chicago, Illinois and additional mailing offices**

**POST MASTER:**
Send Address Changes to
Kerala Express, Grace Publications, Inc.
3425 Cleveland St,
Skokie, Illinois 60076.

DISCLAIMER
The advertisements and articles published in Kerala Express denote the views and ideas expressed by the concerned authors or advertisers. Kerala Express is not responsible for the authenticity of articles or advertisements and readers are requested to verify any offers etc. directly with advertiser or author.

## മഹദ്വചനം

തേഞ്ഞുപോകുന്നതാണ് തുരുമ്പുപിടിച്ച് പോകുന്നതിലും നല്ലത്.
**റിച്ചാർഡ് കുമ്പർലാണ്ട്**

വായനയോളം ചെലവു കുറഞ്ഞതും നിത്യഫലം ചെയ്യുന്നതുമായ വിനോദമില്ല.
**ലേഡി മോൻടേഗ്**

# MEDICARE PLANS

## QUESTIONS ANSWERED

- ZERO PREMIUM PPO PLANS
- PRESCRIPTION DRUG BENEFIT
- DENTAL, VISION & HEARING
- WORLD WIDE COVERAGE
- FREE GYM MEMBERSHIP
- SUPPLEMENT BENEFITS

CONTACT

**Raj Surendran, MBA**

Senior Medicare Specialist

708-945-3985



www.questwealthgroup.com
rsurendran007@gmail.com

# THANNIKKARY VACATION HOME

**S.H.MOUNT P.O., KOTTAYAM 686006, KERALA**

FEATURES:
Free Wi-Fi, Plenty of parking, Beautician near by, Mosquito proof house, Currency exchange near by, Cook available to cook with your choice, Kottayam Railway Station & Town near by, Excellent ayurvedic massage place near by,
All Bedrooms are AC with attached bathrooms



For booking:
ABRAHAM THANNIKARI
USA - 630 491-6165
India - +91 815 692-0366 and +91 965 616-8399
athannikari@hotmail.com



Steve Crifase

LIFE MEMBER
MILLION DOLLAR ADVOCATES FORUM
The Top Trial Lawyers In America™

## Trusted Representation
## Achieves Aggressive Financial Results

- ★ Over $ 50M Recovered and Collected For Our Clients
- ★ Top AV Peer Review Rated Since 1991 For Pre-eminent Legal Ability and Professional Ethics
- ★ Free Confidential Consultation On All Matters
  Home Visits Available
- ★ Personal Injuries-Wrongful Death - Work Injuries

Your call is Always Welcome

# Crifase Law Firm

Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago, IL 60603

312-855-0511

Serious Lawyers For Serious Cases
Call Today To See What Your Case Is Really Worth
Recent Financial Recoveries
For Our Clients And Their Families

| | |
|---|---|
| $1,500,000.00 | Jury Verdict Car Crash Neck Injury |
| $5,000,000.00 | Car Crash – Brain Injury |
| $700,000.00 | Medical Malpractice Stillborn Baby |
| $1,500,000.00 | Wrongful Death – Car Crash |
| $750,000.00 | Medical Malpractice – Fetal Injury |
| $600,000.00 | Medical Malpractice – Fetal Injury |
| $200,000.00 | Work Injury – Shoulder Surgery |
| $149,000.00 | Slip and Fall – Knee Injury |
| $239,000.00 | Work Injury – Shoulder Surgery |
| $190,000.00 | Car Crash – Back Injury |
| $338,000.00 | Work Injury – Shoulder/Wrist Surgery |

**We Want A Long Term Relationship With You**

Steve Crifase
http://www.crifaselaw.com/
Steve@CrifaseLaw.com
Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago IL 60603
Phone: (312) 855-0511
Fax: (312) 855- 0537

**Fee Discounts Available To Malayalee Clients On Specific Cases**

BBB A+ Rating Better Business Bureau

AV PREEMINENT® Peer Rated for Highest Level of Professional Excellence 2018

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

## പാർശ്വവൽക്കരിക്കപ്പെട്ടവരുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടണം

സാമൂഹികനീതി, സമത്വം, ജാതി ഉന്മൂലനം എന്നിവയെ കേന്ദ്രീകരിച്ചുള്ളതായിരുന്നു ഡോ. ബി.ആർ. അംബേദ്കറുടെ ചിന്താലോകം. എന്തിന്റെ പേരിലായാലും അംബേദ്കർ വീണ്ടും വീണ്ടും ചർച്ച ചെയ്യപ്പെടുന്നതു നല്ലതാണ്. സമാന്തരമായി, ദളിത് ജനകോടികളുടെ പരിതാപകരമായ സാമ്പത്തികസ്ഥിതിയെയും അടിച്ചേൽപ്പിക്കപ്പെട്ട പിന്നാക്കാവസ്ഥയെയും വേരറക്കേണ്ട സവർണബോധത്തെയും ഓർമിപ്പിക്കാനും തിരുത്താനും പ്രേരിപ്പിക്കുന്നുണ്ടെങ്കിൽ. "അംബേദ്കർ, അംബേദ്കർ, അംബേദ്കർ..." എന്ന് ഇന്ത്യ പറഞ്ഞുകൊണ്ടിരിക്കുന്നതിൽ ആരും അസഹിഷ്ണുത കാണിക്കേണ്ടതില്ല. "ദളിതർ, ദളിതർ, ദളിതർ" എന്ന് ഓർമിപ്പിക്കാൻ അതിനോളം പോന്ന മറ്റൊരു നാമവുമില്ല.

സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നിവ നിലനിൽക്കുന്ന ഒരു സമൂഹത്തെ അംബേദ്കർ വിഭാവനം ചെയ്തു. ഈ തത്വങ്ങളിൽ വേരൂന്നിയതായിരുന്നു അംബേദ്കറുടെ ഇന്ത്യയെക്കുറിച്ചുള്ള കാഴ്ചപ്പാട്. ഒരു ദളിതൻ എന്ന നിലയിൽ അംബേദ്കറുടെ അനുഭവങ്ങൾ ഇന്ത്യൻ സാമൂഹികക്രമത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ ധാരണകളെ ആഴത്തിൽ രൂപപ്പെടുത്തി. കൂടുതൽ തുല്യതയും നീതിയുമുള്ള ഒരു സമൂഹത്തിനായുള്ള രാഷ്ട്രീയ പ്രവർത്തനങ്ങൾക്ക് അദ്ദേഹം മുഖ്യനേതൃത്വം വഹിച്ചു.

പാർശ്വവത്കരിക്കപ്പെട്ട സമൂഹങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്ന ശക്തമായ ഒരു ഭരണഘടനാ ചട്ടക്കൂടിലൂടെ മാത്രമേ സാമൂഹികവും സാമ്പത്തികവുമായ അസമത്വങ്ങൾ പരിഹരിക്കാൻ കഴിയൂ എന്ന് അദ്ദേഹം തീക്ഷ്ണമായി വാദിച്ചു.

നീതിക്കും സമത്വത്തിനും വേണ്ടിയുള്ള സാമൂഹിക പ്രസ്ഥാനങ്ങളെയും പോരാട്ടങ്ങളെയും അംബേദ്കറുടെ ചിന്തകൾ ഇപ്പോഴും പ്രചോദിപ്പിക്കുന്നു. വിദ്യാഭ്യാസം, സാമൂഹിക ശക്തീകരണം, സാമൂഹിക പരിവർത്തനം എന്നിവയെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ ആശയങ്ങൾ ഇന്നും പ്രസക്തമാണ്.

അംബേദ്കറോടുള്ള സംഘപരിവാറിന്റെ വിദ്വേഷം അദ്ദേഹത്തിന്റെ ശക്തമായ ജാതിവിരുദ്ധ പ്രത്യയശാസ്ത്രത്തിൽനിന്നും സമത്വത്തിനും സാമൂഹികനീതിക്കും പ്രാധാന്യം നൽകുന്ന ഇന്ത്യൻ ഭരണഘടന തയാറാക്കുന്നതിൽ അദ്ദേഹം വഹിച്ച പങ്കിൽനിന്നുമാണ് ഉടലെടുത്തത്. ജാതിരഹിത സമൂഹത്തിനായുള്ള അംബേദ്കറുടെ ചിന്ത നിലവിലുള്ള സാമൂഹികശ്രേണി നിലനിർത്താൻ ശ്രമിക്കുന്ന സംഘപരിവാറിന്റെ ബ്രാഹ്മണിക്കൽ പ്രത്യയശാസ്ത്രത്തിനു ഭീഷണിയാണ്.

സ്വർഗത്തിൽ പോകാനല്ല ആരും അംബേദ്കറുടെ പേരും വാക്കുകളും ആവർത്തിച്ചുകൊണ്ടിരിക്കുന്നത്. അത് ഈ രാജ്യത്തെ ദളിതർക്കു ഭൂമിയിൽ മനുഷ്യരെപ്പോലെ ജീവിക്കാൻ മാത്രമാണ്. അതുപോലെ, അംബേദ്കറുടെ പേരു പറയുന്നത് ഫാഷനാകുന്നത് മാറ്റത്തിന്റെ ലക്ഷണമാകാം. ജാതി- വർഗ- വർണ വ്യത്യാസമില്ലാത്ത, വിദ്യാഭ്യാസത്തിലും സമ്പത്തിലും അന്തസിലും തുല്യതയുടെ ഭൂമിയിലേക്കുള്ള മാറ്റം. അത് അംബേദ്കർക്കു നൽകിയിട്ടുള്ള പുരസ്കാരങ്ങളെക്കാളും ഇന്ത്യയിൽ സ്ഥാപിക്കപ്പെട്ട പ്രതിമകളെക്കാളുമൊക്കെ പ്രധാനമാണ്. ഭരണഘടനയുടെ മഹത്തായ 75 വർഷത്തെക്കുറിച്ചുള്ള ചർച്ചയാണ് രാജ്യസഭയിൽ നടന്നത്. ചർച്ച അംബേദ്കറിൽനിന്ന് ദളിതരിലേക്കു കടക്കുന്നില്ല. അംബേദ്കറെ ബഹുമാനിക്കാനും ബഹുമാനിക്കുന്നുവെന്നു വരുത്താനും താരതമ്യേന എളുപ്പമാണ്. ദളിതരെ ബഹുമാനിക്കാനും അംഗീകരിക്കാനുമാണ് വിഷമം. ഒന്ന് പ്രസംഗവും മറ്റൊന്ന് സവർണതയിലൂന്നിയ പ്രവൃത്തിയുമാണ്. അതുകൊണ്ടാണ്, സ്വാതന്ത്ര്യത്തിന്റെയും ഭരണഘടനയുടെയും 75 ആഘോഷവത്സരങ്ങൾ പിന്നിട്ടിട്ടും ദളിതരുടെ പിന്നാക്കാവസ്ഥയിൽ കാര്യമായ മാറ്റമുണ്ടാകാത്തത്. അതുകൊണ്ടാണ്, ഏതാനും അംബേദ്കർ പ്രതിമകളിലും ദളിതർക്കും ആദിവാസികൾക്കും അധികാരത്തിന്റെ ഏതാനും കസേരകൾ നൽകുന്ന പ്രകടനപരതയിലും സ്വാതന്ത്ര്യാനന്തര ഇന്ത്യയുടെ രാഷ്ട്രീയം കുടുങ്ങിക്കിടക്കുന്നത്. അതുകൊണ്ടാണ്, പട്ടികജാതി- പട്ടികവർഗങ്ങൾക്കെതിരെ അക്രമങ്ങൾ വർഷംതോറും വർധിക്കുന്നതായി നാഷണൽ ക്രൈം റിക്കാർഡ്സ് ബ്യൂറോയുടെ കണക്ക് പുറത്തുവരുന്നത്. അതുകൊണ്ടാണ്, ദളിതരുടെയും ആദിവാസികളുടെയും യഥാർഥ സ്ഥിതിയറിയാൻ സെൻസസ് നടത്തില്ലെന്ന് ഭരിക്കുന്നവർ വാശിപിടിക്കുന്നത്.

ദളിതരെ രക്ഷപ്പെടാൻ അനുവദിക്കാത്ത ഈ രാഷ്ട്രീയത്തിൽ ബിജെപിക്കു വലിയ പങ്കുണ്ടെങ്കിലും അതു ബിജെപിയുടേതു മാത്രമല്ല. ആയിരുന്നെങ്കിൽ, അസ്പൃശ്യതയുടെ തുരുത്തുകൾ ഏറെ നിലവിലുള്ള ഈ രാജ്യം ഏറ്റവും കൂടുതൽ കാലം ഭരിച്ചത് കോൺഗ്രസ് ആയിരുന്നില്ലേ എന്ന് ഓർമിപ്പിക്കേണ്ടിവരും. ഇപ്പോഴത്തെ നിലയും പരിശോധിക്കൂ. കോൺഗ്രസും തൃണമൂൽ കോൺഗ്രസും ഇടതുപക്ഷവും ആം ആദ്മി പാർട്ടിയും സമാജ്വാദി പാർട്ടിയും നാഷണൽ കോൺഫറൻസുമൊക്കെ ഭരിക്കുന്ന സംസ്ഥാനങ്ങളിലും ദളിതർക്ക് അധികാരവും സമ്പത്തും അന്തസും വാഹനങ്ങളും നല്ല വസ്ത്രവും വഴിയും കിണറുകളുമെല്ലാം വിലക്കപ്പെടുന്നുണ്ട്. ഇന്ത്യയുടെ പൊതുവായ സവർണ മനോഭാവം തിരുത്തുന്നതിനു മുന്നോടിയായി ഓരോ പാർട്ടിയും അതിന്റെ സവർണ മനോഭാവം മാറ്റാൻ പറ്റുമോയെന്നു ശ്രമിച്ചുനോക്കൂ. അതിനുമുമ്പ് നേതാക്കൾ ഉൾപ്പെടെ ഓരോരുത്തരും വ്യക്തിപരമായും തങ്ങളുടെ നിലപാട് നിരീക്ഷിക്കട്ടെ. അപ്പോഴറിയാം കാര്യങ്ങളുടെ കിടപ്പ്.

# ഫലശൂന്യമാകുന്ന പാർലമെന്റ് സമ്മേളനങ്ങൾ

ഇന്ത്യൻ പാർലമെന്റിന്റെ പ്രവേശനകവാടത്തിൽ ഡിസംബർ 19-ന് അരങ്ങേറിയ സംഭവങ്ങൾ അത്യന്തം ദൗർഭാഗ്യകരമാണ്. ഭരണപക്ഷ-പ്രതിപക്ഷ എംപിമാർ തമ്മിൽ അവിടെനടന്ന കൈയാങ്കളി ഒരുതരത്തിലും സംഭവിക്കാൻ പാടില്ലാത്തതായിരുന്നു. രാജ്യത്തിന്റെ നടത്തിപ്പിനും ഭാവിക്കും വേണ്ടുന്നതായ നിയമങ്ങൾ നിർമിക്കപ്പെടുന്ന സഗൗരവസഭയാണ് പാർലമെന്റ്. അതിലെ അംഗങ്ങൾ അങ്ങേയറ്റം പക്വമതികളും നയചതുരരും വിവേകികളുമായിരിക്കണമെന്നാണു സങ്കല്പം. ഈ സങ്കല്പത്തെയും വിശ്വാസത്തെയും കീഴ്മേൽ മറിക്കുന്ന കാഴ്ചയാണ് ഇന്ത്യൻ ജനതയ്ക്ക്മുന്നിൽ അനാവൃതമായത്. ഇന്ത്യയുടെ ജനാധിപത്യതേജസ്സിന് മങ്ങൽവീഴ്ത്തിയിരിക്കയാണ് ഈ സംഭവം. പാർലമെന്റിന്റെ ശീതകാല സമ്മേളനം ഫലശൂന്യമായപ്പോൾ നമ്മുടെ ജനാധിപത്യം ഒരിക്കൽക്കൂടി തോൽക്കുന്നു; നിഷേധിക്കപ്പെടുന്നത് ജനങ്ങളുടെ അവകാശവും.



ഭരണഘടനയെക്കുറിച്ച് പാർലമെന്റിന്റെ ഇരുസഭയിലുമായി നാലുദിവസം നടന്ന ചർച്ചതന്നെ നിരാശാജനകമായിരുന്നു. ഭരണപ്രതിപക്ഷങ്ങൾ സ്വന്തം സങ്കുചിതവാദമുഖങ്ങൾ അവതരിപ്പിക്കുന്നതിനായി ചർച്ചയെ ദുർവിനിയോഗംചെയ്യുന്നതാണു കണ്ടത്. ലോക്സഭയിലെ ചർച്ചയ്ക്കിടെ ഒന്നേമുക്കാൽ മണിക്കൂർനീണ്ട പ്രസംഗത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ഏറിയസമയവും നീക്കിവെച്ചത് കോൺഗ്രസിനെ പഴിക്കാനായിരുന്നു. ഭരണഘടനയുടെ അന്തസ്സത്ത തകർക്കാനാണ് മുൻ കോൺഗ്രസ് സർക്കാരുകൾ ശ്രമിച്ചത് എന്നതായിരുന്നു അദ്ദേഹത്തിന്റെ പ്രസംഗത്തിന്റെ കാതൽ. വി.ഡി. സവർക്കറെ ഉദ്ധരിച്ചും മനുസ്മൃതിയെ പരാമർശിച്ചും ഭരണകക്ഷിയെ പ്രതിരോധത്തിലാക്കാൻ ശ്രമിക്കുന്നതായിരുന്നു പ്രതിപക്ഷനേതാവ് രാഹുൽഗാന്ധിയുടെ പ്രസംഗം. അംബേദ്കറെ കോൺഗ്രസ് അപമാനിച്ചെന്നും അവഗണിച്ചെന്നും ഭരണപക്ഷ അംഗങ്ങൾ ആക്ഷേപമുയർത്തിയപ്പോൾ, കഴിഞ്ഞ പത്തുകൊല്ലം കേന്ദ്രസർക്കാർ ഭരണഘടനാതത്ത്വങ്ങൾ ലംഘിച്ചെന്ന ആരോപണത്തിലാണ് കോൺഗ്രസ് അംഗങ്ങൾ ഊന്നിയത്. ഇതിനിടെ, രാജ്യസഭയിലെ ചർച്ചയ്ക്കു മറുപടി പറയവേ അമിത്ഷാ നടത്തിയ പരാമർശം വിവാദമായി. ഇതിനെതിരെ കോൺഗ്രസ് പാർലമെന്റ് വളപ്പിൽ നടത്തിയ പ്രകടനവും മറുതന്ത്രമെന്ന നിലയിൽ ബിജെപി സംഘടിപ്പിച്ച ധർണയുമാണ് കൈയാങ്കളിയിലേക്കു നീങ്ങിയത്.

മഹനീയമായ നമ്മുടെ ഭരണഘടനയെ ആധാരശിലയാക്കുന്ന പാർലമെന്റിനെപ്പോലും ജനപ്രതിനിധികൾ നോക്കുകുത്തിയാക്കുമ്പോൾ നാം നെഞ്ചേറ്റുന്ന ജനാധിത്യത്തിലാണു വിള്ളൽ വീഴുന്നത്. ഭരണഘടനയുടെ 75-ാം വാർഷികം ആഘോഷിക്കുന്ന വേളയിലാണ് ഇന്ത്യയുടെ പരമോന്നത നിയമനിർമാണസഭയുടെ ശീതകാല സമ്മേളനം ഇത്തരത്തിൽ അലങ്കോലപ്പെട്ടതെന്നുകൂടി ഓർമിക്കേണ്ടതുണ്ട്. ഇതിനിടയിൽ, ഇന്ത്യൻ ഭരണഘടനാശിൽപിയായ അംബേദ്കർ അപമാനിക്കപ്പെട്ടെന്നുകൂടി ആരോപിക്കപ്പെടുമ്പോൾ ജനാധിപത്യം കൂടുതൽ ഇരുളുന്നു. കാരണം, അംബേദ്കർ ഒരു പേരു മാത്രമല്ല, ഒരു ആശയവും ദർശനവും അതിവിശിഷ്ട മാർഗതാരവുമാണ്.

പാർലമെന്റിൽ പാസാക്കുന്ന ബില്ലുകളുടെ എണ്ണം പതിവായി കുറഞ്ഞുവരുന്നതു ജനാധിപത്യത്തിനേൽപിക്കുന്ന കളങ്കം ചെറുതല്ല. 18 ബില്ലുകളാണ് ഇത്തവണത്തെ സമ്മേളനത്തിൽ പരിഗണിക്കാൻ ലക്ഷ്യമിട്ടിരുന്നതെങ്കിലും ലോക്സഭയിൽ നാലും രാജ്യസഭയിൽ മൂന്നും ബില്ലുകൾ മാത്രമാണു പാസാക്കാൻ സാധിച്ചത്. 'ഒരു രാജ്യം, ഒറ്റത്തെരഞ്ഞെടുപ്പ്' ബില്ലുകൾ ലോക്സഭയിൽ അവതരിപ്പിച്ചശേഷം സംയുക്ത പാർലമെന്ററി സമിതിക്കു (ജെപിസി) വിടാൻ സാധിച്ചുവെന്നു മാത്രം. അംബേദ്കർ വിഷയത്തിലെ പ്രതിപക്ഷ പ്രതിഷേധം കണക്കിലെടുത്ത്, 20-ന് സഭാനടപടികളൊന്നും നടത്താതെ പാർലമെന്റ് അനിശ്ചിതകാലത്തേക്കു പിരിയുകയും ചെയ്തു.

നവംബർ 25-നു തുടങ്ങിയ പാർലമെന്റ് സമ്മേളനം തുടർച്ചയായ സഭാസ്തംഭനങ്ങൾ മൂലം നിശ്ചയിച്ചതിലും പകുതി സമയം മാത്രമാണ് ഇക്കുറി ചേർന്നത്. പാർലമെന്റ് സ്തംഭനം ഒരു ദേശീയനഷ്ടമാണെന്ന് ആദ്യം തിരിച്ചറിയേണ്ടതു നമ്മുടെ എംപിമാർ തന്നെയാണ്. ലോക്സഭയും രാജ്യസഭയും ഒരു മണിക്കൂർ ചേരുന്നതിനുള്ള ചെലവു മൂന്നരക്കോടിയിലേറെ രൂപയെന്നാണ് ഏകദേശ കണക്ക്. അർധപ്പട്ടിണിക്കാർക്കും പാവപ്പെട്ടവർക്കും ഭൂരിപക്ഷമുള്ള ഈ ഇന്ത്യയിലെ 145 കോടിയോളം ജനങ്ങളുടെ വിയർപ്പിന്റെ വിലയാണിത്. അതാണു നിഷ്ഫലം ചോർന്നുപോകുന്നത്.

പാർലമെന്റിന്റെ ശീതകാല സമ്മേളനം 2016-ൽ തുടർച്ചയായി സ്തംഭിച്ചപ്പോൾ, അന്നത്തെ രാഷ്ട്രപതി പ്രണബ് മുഖർജി വേദനാപൂർവം നടത്തിയ രൂക്ഷപരാമർശം പലരും ഓർക്കുന്നുണ്ടാകും: 'ദൈവത്തെയോർത്ത് പാർലമെന്റ് ചർച്ചയുടെയും സംവാദത്തിന്റെയും വേദിയാക്കുക' എന്നായിരുന്നു അദ്ദേഹത്തിന്റെ അഭ്യർഥന. പാർലമെന്റിൽ അനിശ്ചിതത്വം തുടരുമ്പോൾ തനിക്കു രാജിവെക്കാനാണു തോന്നുന്നതെന്ന് അക്കാലത്തു ലോക്സഭയിൽ മുതിർന്ന നേതാവ് എൽ.കെ. അദ്വാനിയും തുറന്നടിക്കുകയുണ്ടായി.

ഭരണഘടനയെ ജീവസ്സുറ്റതാക്കി നിലനിർത്താനും അതിലൂടെ രാഷ്ട്രത്തെ മുന്നോട്ടുകൊണ്ടുപോകാനുള്ള മുഖ്യ ഉത്തരവാദിത്തം തങ്ങൾക്കാണെന്നു പല ജനപ്രതിനിധികളും മറന്നുപോകുന്നു. ബഹളം നടക്കുമ്പോൾ സുപ്രധാന ബില്ലുകൾ ചർച്ച ചെയ്യാതെ പാസാക്കുന്ന രീതിയും പലപ്പോഴും കാണാം. ജനാധിപത്യവിരുദ്ധമായ ഈ രീതി സഭകളിലെ അവകാശങ്ങളുടെ മാത്രമല്ല, ഭരണഘടനയുടെതന്നെ ലംഘനമാണ്.

ജനാധിപത്യ വ്യവസ്ഥിതിയിൽ വിയോജിപ്പു പ്രകടിപ്പിക്കൽ ന്യായമായ അവകാശമാണെന്ന് അംഗീകരിക്കാം. പ്രതിഷേധരൂപത്തിലാണെങ്കിലും ജനങ്ങളുടെ ആവശ്യങ്ങൾ തന്നെയാണ് അംഗങ്ങൾ ഉന്നയിക്കുന്നത്. പക്ഷേ, അതു പാർലമെന്റിന്റെ കാര്യനിർവഹണത്തെ ബാധിക്കാതെ നോക്കുക എന്നതു ജനപ്രതിനിധികളുടെ ഭരണഘടനാപരമായ ഉത്തരവാദിത്തമാണ്. രാഷ്ട്രീയ ബലപരീക്ഷണങ്ങൾക്കിടയിലും സഭാനടപടികൾ തടസ്സപ്പെടുത്താതെ മുന്നോട്ടുപോകണമെന്ന കാര്യത്തിൽ ഭരണ, പ്രതിപക്ഷ കക്ഷികൾ യോജിപ്പിലെത്തേണ്ടതു പരമപ്രധാനമാണ്. ഇത്തരം സാഹചര്യങ്ങളിൽ ഇരുകൂട്ടർക്കുമിടയിൽ നിരന്തരം ആശയവിനിമയം നടത്താനും ഒത്തുതീർപ്പുകൾക്ക് അവസരമൊരുക്കാനും മുതിർന്ന നേതാക്കൾ മുൻകയ്യെടുക്കേണ്ടതുണ്ട്. ഇനിയൊരു പാർലമെന്റ് സമ്മേളനം കൂടി ഫലശൂന്യമായിക്കൂടാ.

## ഇന്ത്യാവിരുദ്ധ പരാമർശം: ബംഗ്ലാദേശിനെ ശക്തമായ പ്രതിഷേധം അറിയിച്ചു

ന്യൂഡൽഹി: ബംഗ്ലാദേശിലെ ഇടക്കാല സർക്കാരിന്റെ ഭാഗമായ മഹ്ഫൂജ് ആലമിന്റെ വിവാദ പരാമർശങ്ങളിൽ ഇന്ത്യ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തി. മുൻ പ്രധാനമന്ത്രി ഷെയ്ഖ് ഹസീനയെ സ്ഥാനമൊഴിയാൻ പ്രേരിപ്പിച്ച പ്രക്ഷോഭം ഇന്ത്യ തിരിച്ചറിയണമെന്നാണ് അദ്ദേഹം സമൂഹമാധ്യമത്തിൽ കുറിച്ചത്. ബംഗാൾ, അസം, ത്രിപുര എന്നിവയെ ബംഗ്ലാദേശിന്റെ ഭാഗമാക്കിയുള്ള മാപ്പും പങ്കുവെച്ചിരുന്നു. പിന്നീട് ഇതു നീക്കം ചെയ്തു.

അതേസമയം, ഈ വർഷം ഡിസംബർ എട്ട് വരെ ബംഗ്ലാദേശിൽ ഹിന്ദുക്കൾക്കും മറ്റു ന്യൂനപക്ഷ വിഭാഗങ്ങൾക്കുമെതിരെ 2200 അക്രമസംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നു വിദേശകാര്യ മന്ത്രാലയം രാജ്യസഭയിൽ വ്യക്തമാക്കി.

പാക്കിസ്ഥാനിൽ ഈ വർഷം ഒക്ടോബർ വരെ 112 സംഭവങ്ങളാണു റിപ്പോർട്ട് ചെയ്തത്. 2022-ൽ പാക്കിസ്ഥാനിൽ ഇത് 241 ആയിരുന്നെങ്കിൽ ബംഗ്ലാദേശിൽ 47 ആയിരുന്നു. 2023-ൽ പാക്കിസ്ഥാനിൽ 103 കേസുകളും ബംഗ്ലാദേശിൽ 302 കേസുകളുമാണു റിപ്പോർട്ട് ചെയ്തത്.



Law Office of Sovmya George
IMMMIGRATION LAW FIRM
SERVICES:
Asylum
Cancellation of Removal
EB-1 | EB-2 | EB-3
EB-2 NIW
L-1A
Marriage-Based Green Card
Family-Based Green Card
U Visa
VAWA
U.S. Citizenship
Work Permit,
Re-entry Permit, etc.
"We Handle Cases All Across the USA!"
-Sovmya George, Esq.
Contact:
www.lawofficesg.com
call/text: 972-905-0948
sovmya.george@lawofficesg.com
Read our stellar reviews




Need Health Insurance Coverage?
You may qualify for $0 monthly premium health insurance
ACA/ OBAMACARE/ MARKETPLACE HEALTH INSURANCE
CALL 530 298 8078
SEE IF YOU QUALIFY FOR TAX SUBSIDY
SCAN QR CODE TO GET YOUR QUOTE NOW
LICENSED IN MULTIPLE STATES
Tharun Mahesh
INSURANCE PRODUCER
NATIONAL PRODUCER NUMBER:18615871
LICENSED & CERTIFIED
tharun@tmcoverage.com
www.tmcoverage.com




B&M
AUTO COLLISION CTR
Anish Eapen and Bob Trytko want to wish you a Happy New Year
Fast and EFFICIENT
Quality REPAIR
WE WORK WITH ALL INSURANCE COMPANIES, CALL ANISH EAPEN @ 773-263-9863
4440 West Addison
Chicago, IL 60641
Tel: 773-685-3200
Fax: 773-685-7388
www.bmautocollision.com

# എട്ട് നഗരസഭകളിലെ വാർഡ് പുനർവിഭജനം കോടതി റദ്ദാക്കി

കൊച്ചി: കേരളത്തിലെ എട്ട് നഗരസഭകളിലെയും ഒരു പഞ്ചായത്തിലെയും വാർഡ് പുനർവിഭജനം ഹൈക്കോടതി റദ്ദാക്കി. പാനൂർ, മട്ടന്നൂർ, മുക്കം, പയ്യോളി, ഫറോക്, കൊടുവള്ളി, ശ്രീകണ്ഠപുരം, പട്ടാമ്പി നഗരസഭകളിലെയും പടന്ന ഗ്രാമപഞ്ചായത്തിലെയും വാർഡുകൾ വിഭജിച്ച് സീറ്റുകൾ വർധിപ്പിച്ച നടപടിയാണ് ജസ്റ്റിസ് സി.പി. മുഹമ്മദ് നിയാസ് റദ്ദാക്കിയത്. വാർഡ് വിഭജനം അശാസ്ത്രീയമാണെന്നു ചൂണ്ടിക്കാട്ടി നൽകിയ ഹർജികളിലാണ് ഉത്തരവ്.

2011-ലെ ജനസംഖ്യാ കണക്കെടുപ്പിന്റെ അടിസ്ഥാനത്തിൽ 2015-ൽ വാർഡ് വിഭജനം നടത്തിയയിടങ്ങളിൽ വീണ്ടും അതേ സെൻസസ് ആധാരമാക്കിയുള്ള പുനർനിർണയം മുനിസിപ്പാലിറ്റി, പഞ്ചായത്തിരാജ് നിയമങ്ങളിലെ വകുപ്പിന്റെ 6(2) ലംഘനമാണെന്നു വ്യക്തമാക്കിയാണ് കോടതി നടപടി. വാർഡ് വിഭജനവുമായി ബന്ധപ്പെട്ട് സെപ്റ്റംബർ 10-ന് ഇറക്കിയ വിജ്ഞാപനവും സെപ്റ്റംബർ 24-ലെ ഡീലിമിറ്റേഷൻ കമ്മീഷന്റെ മാർഗരേഖയും കോടതി അസാധുവാക്കി. സർക്കാർ നടപ്പാക്കിയ നിയമഭേദഗതികൾ ഹർജിയിൽ ഉൾപ്പെട്ട തദ്ദേശസ്ഥാപനങ്ങളുടെ കാര്യത്തിൽ നിലനിൽക്കില്ലെന്നു വ്യക്തമാക്കിയ കോടതി തുടർന്നാണ് വാർഡ് വിഭജന നടപടികൾ റദ്ദാക്കിയത്.

വാർഡുകളുടെ അതിർത്തി പുനർനിർണയവും സീറ്റുകളുടെ വർധനയും യഥാർഥ ജനസംഖ്യയുടെ അടിസ്ഥാനത്തിൽ വേണമെന്നാണു വ്യവസ്ഥയെന്ന് ഹർജിയിൽ പറയുന്നു. പുതിയ സെൻസസ് അടുത്തവർഷം പൂർത്തിയാകുമെന്നിരിക്കെ, ഈ ഘട്ടത്തിൽ പുനർനിർണയം നടത്തിയ നടപടി നിലനിൽക്കില്ലെന്നായിരുന്നു ഹർജിക്കാരുടെ വാദം. ചില തദ്ദേശസ്ഥാപനങ്ങളിൽ മാത്രം നഗരവത്കരണം കണക്കിലെടുത്താണ് 2015-ൽ വിഭജനം നടത്തിയതെന്ന് സർക്കാർ ചൂണ്ടിക്കാട്ടി. സർക്കാരിനും ഡീലിമിറ്റേഷൻ കമ്മീഷനും സ്വതന്ത്രാധികാരമുണ്ടെന്നും വാദിച്ചു. എന്നാൽ, മുമ്പ് ഉപയോഗിച്ച കണക്കുകളുടെ അടിസ്ഥാനത്തിൽ രണ്ടാമതും വാർഡുകൾ പുനർനിർണയിക്കുന്നത് നിയമവ്യവസ്ഥയ്ക്ക് ഘടകവിരുദ്ധമാണെന്നു ചൂണ്ടിക്കാട്ടി ഈ വാദം കോടതി തള്ളി.

# എം.എം. ലോറൻസിന്റെ മൃതദേഹം വൈദ്യപഠനത്തിന്

കൊച്ചി: സിപിഎം നേതാവ് എം.എം. ലോറൻസിന്റെ മൃതദേഹം സംസ്കരിക്കുന്നതുമായി ബന്ധപ്പെട്ട് മക്കളായ ആശാ ലോറൻസും സുജാതയും നൽകിയ അപ്പീൽ ഹൈക്കോടതി ഡിവിഷൻ ബെഞ്ച് തള്ളി. വിഷയം മധ്യസ്ഥ ചർച്ചയിൽ തീരുമാനമാകാത്തതിനെത്തുടർന്നാണു ഹൈക്കോടതി വിധി പറഞ്ഞത്. മൃതദേഹം കളമശേരി മെഡിക്കൽ കോളജിലെ വൈദ്യപഠനത്തിന് വിട്ടുനൽകണമെന്ന സിംഗിൾ ബെഞ്ചിന്റെ ഉത്തരവ് നിലനിൽക്കുന്നതാണെന്നും ഡിവിഷൻബെഞ്ച് പറഞ്ഞു.

മൃതദേഹം മെഡിക്കൽ പഠനത്തിനു വിട്ടുനൽകണമെന്നായിരുന്നു ലോറൻസിന്റെ ആഗ്രഹമെന്ന് മകൻ എം.എൽ. സജീവിനോടു പറഞ്ഞതായി രണ്ടു സാക്ഷികൾ നൽകിയ മൊഴി പരിഗണിച്ചാണ് സിംഗിൾ ബെഞ്ച് ഉത്തരവുണ്ടായത്. എന്നാൽ, കുടുംബവും കുടുംബാംഗങ്ങളുമായി ബന്ധപ്പെട്ട വിവാഹം, ജനന, മരണ ചടങ്ങുകളെല്ലാം പള്ളികളിലാണു നടന്നതെന്നും രോഗബാധിതനായി കിടന്ന സമയത്ത് ലോറൻസ് പ്രാർഥന സ്വീകരിച്ചിട്ടുണ്ടെന്നതുമടക്കം ചൂണ്ടിക്കാട്ടിയാണ് ആശയും സുജാതയും അപ്പീൽ നൽകിയത്. ഹൈക്കോടതി ഡിവിഷൻ ബെഞ്ച് ഉത്തരവിനെതിരെ സുപ്രീംകോടതിയെ സമീപിക്കുമെന്ന് മകൾ ആശാ ലോറൻസ് പറഞ്ഞു.

# എം.ആർ. അജിത്കുമാറിന് ഡിജിപിയായി സ്ഥാനക്കയറ്റം

തിരുവനന്തപുരം: വിവാദമായ തൃശൂർ പൂരം കലക്കലും ആർഎസ്എസ് നേതാക്കളെ സന്ദർശിച്ചതും അനധികൃത സ്വത്തു സമ്പാദനവും അടക്കമുള്ള അന്വേഷണം നേരിടുന്ന എഡിജിപി എം.ആർ. അജിത്കുമാറിനെ ഒഴിവു വരുന്നതിന് അനുസരിച്ച് ഡിജിപി പദവിയിലേക്ക് സ്ഥാനക്കയറ്റം നൽകുന്നതിനുള്ള ശിപാർശ മന്ത്രിസഭ അംഗീകരിച്ചു. സിപിഐ മന്ത്രിമാരുടെ വാദങ്ങളെ തള്ളിയാണ് മന്ത്രിസഭയിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഫയൽ അംഗീകരിച്ചത്. ഇതോടെ വിജിലൻസ് കേസെടുത്ത് അന്വേഷണം നടത്തി



യാലും അജിത്കുമാറിന്റെ സ്ഥാനക്കയറ്റം തടയുന്ന സാഹചര്യമുണ്ടാവില്ല.


എം.ആർ. അജിത്കുമാറിന് ഡിജിപിയായി സ്ഥാനക്കയറ്റം നൽകാനുള്ള ശിപാർശ അംഗീകരിച്ചതു വഴി ആർഎസ്എസ്-സിപിഎം അന്തർധാരയാണ് പുറത്തു വരുന്നതെന്ന ആരോപണവുമായി പ്രതിപക്ഷവും രംഗത്തെത്തിയിരുന്നു. ആർഎസ്എസ് നേതാക്കളെ ക്രമസമാധാന ചുമതലയുള്ള എഡിജിപിയായിരുന്ന എം.ആർ. അജിത്കുമാർ പലതവണ കണ്ടതു വിവാദമായിരുന്നു. മുഖ്യമന്ത്രി പിണറായി വിജയന്റെ മകൾക്കെതിരെയുള്ള കേന്ദ്ര ഏജൻസികളുടെ അന്വേഷണം ലഘൂകരിക്കാനാണ് അജിത്കുമാർ ആർഎസ്എസ് നേതാക്കളെ കണ്ടതെന്ന് അന്ന് ആരോപണം ഉയർന്നിരുന്നു. ഇതിനു പിന്നാലെയാണ് ഒഴിവ് ഇല്ലാതിരുന്നിട്ടും അജിത്തിന് ഒഴിവു വരുന്ന മുറയ്ക്ക് ഡിജിപിയായി സ്ഥാനക്കയറ്റം നൽകാൻ മുൻകൂട്ടി സർക്കാർ തീരുമാനമെടുത്തതെന്ന ആരോപണം പ്രതിപക്ഷം കടുപ്പിച്ചത്.

ചീഫ് സെക്രട്ടറി അധ്യക്ഷയായ സമിതിയുടെ സ്ഥാനക്കയറ്റ ശിപാർശ ഫയൽ മുഖ്യമന്ത്രിയാണ് മന്ത്രിസഭയുടെ പരിഗണനയ്ക്ക് എത്തിച്ചത്. ആരോപണവിധേയനായ ഉദ്യോഗസ്ഥനാണെന്നും അന്വേഷണം നേരിടുന്നുണ്ടെന്നും സിപിഐ മന്ത്രിമാർ പറഞ്ഞെങ്കിലും മാനദണ്ഡങ്ങൾ പരിശോധിച്ചുള്ള ഉന്നതാധികാര സമിതിയുടെ പോലീസ് ഉന്നത സ്ഥാനക്കയറ്റ ഫയൽ മന്ത്രിസഭയ്ക്ക് തടയാൻ കഴിയില്ലെന്ന വാദം മുഖ്യമന്ത്രി പിണറായി വിജയൻ മുന്നോട്ടുവെച്ചതോടെ ഫയൽ മന്ത്രിസഭ അംഗീകരിക്കുകയായിരുന്നു. എന്നാൽ നേരത്തേ ഒട്ടേറെ ഉന്നത പോലീസ് ഉദ്യോഗസ്ഥരുടെ സ്ഥാനക്കയറ്റ ശിപാർശ മന്ത്രിസഭ തടഞ്ഞിട്ടുണ്ട്.

# എട്ടാം സാമ്പത്തിക സെൻസസ് നടപടികൾ ആരംഭിച്ചു

ന്യൂഡൽഹി: ഏഴാം സാമ്പത്തിക സെൻസസിന്റെ റിപ്പോർട്ട് പ്രസിദ്ധീകരിക്കേണ്ടെന്നു തീരുമാനിച്ചതായി സ്റ്റാറ്റിസ്റ്റിക്കൽ മന്ത്രാലയം പാർലമെന്റിന്റെ സ്ഥിരസമിതിയെ അറിയിച്ചു. എട്ടാം സാമ്പത്തിക സെൻസസ് അടുത്ത വർഷം ആരംഭിക്കുന്നതിന് പ്രാഥമിക നടപടികൾ ആരംഭിച്ചു. രാജ്യത്തെ മൊത്തം സംരംഭങ്ങളുടെയും ജോലി ചെയ്യുന്നവരുടെയും വിവരങ്ങളാണ് സാമ്പത്തിക സെൻസസ് പരിധിയിൽ വരുന്നത്. 2019-ലാണ് ഏഴാം സെൻസസിന്റെ വിവരശേഖരണം ആരംഭിച്ചത്. കോവിഡ്മൂലം 2021-ലാണ് പൂർത്തിയാക്കാനായത്. കോവിഡ് കാലത്തെ വിവരശേഖരണമായതിനാൽ കൃത്യതയെക്കുറിച്ച് ആശങ്കകളുണ്ടായി. ശേഖരിച്ച പ്രാഥമികഫലത്തിന് വെറും 13 സംസ്ഥാനങ്ങൾ മാത്രമാണ് അംഗീകാരം നല്കിയത്. കാലതാമസമുണ്ടായതിനാൽ രാജ്യത്തെ പൊതുസാമ്പത്തികചിത്രം നല്കാൻ ഡേറ്റ ഉപകരിക്കില്ലെന്നു കഴിഞ്ഞവർഷം നടന്ന സെക്രട്ടറിതല സമിതിയിൽ വിലയിരുത്തലുണ്ടായി. സെൻസസ് ഫലം പ്രസിദ്ധീകരിക്കേണ്ടെന്ന ഈ സമിതിയുടെ ശിപാർശ അംഗീകരിച്ചതായി ധനകാര്യ മന്ത്രാലയവുമായി ബന്ധപ്പെട്ട പാർലമെന്റ് സ്ഥിരസമിതിയെ സ്റ്റാറ്റിസ്റ്റിക്സ് മന്ത്രാലയം അറിയിച്ചു. ഇതിനു മുമ്പ് സാമ്പത്തിക സെൻസസ് നടന്നത് 2013-ലാണ്.

# കെ. ജയകുമാറിന് കേന്ദ്ര സാഹിത്യ അക്കാദമി പുരസ്കാരം



ന്യൂഡൽഹി: കേരളത്തിന്റെ മുൻ ചീഫ് സെക്രട്ടറിയും കവിയുമായ കെ. ജയകുമാറിന് ഈ വർഷത്തെ കേന്ദ്ര സാഹിത്യ അക്കാദമി പുരസ്കാരം. 2020-ൽ പ്രസിദ്ധീകരിച്ച 'പിങ്ഗളകേശിനി' എന്ന കവിതാസമാഹാരമാണ് അദ്ദേഹത്തെ പുരസ്കാരത്തിന് അർഹനാക്കിയത്. പരിഭാഷകൻ, ഗാനരചയിതാവ്, തിരക്കഥാകൃത്ത് എന്നീ നിലകളിലും അറിയപ്പെടുന്ന ജയകുമാർ നിലവിൽ കേരള സർക്കാരിന്റെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഡയറക്ടറാണ്. കവിതാസമാഹാരങ്ങൾ, വിവർത്തനങ്ങൾ, ജീവചരിത്രം, ബാലസാഹിത്യം എന്നീ വിഭാഗങ്ങളിലായി മലയാളത്തിലും ഇംഗ്ലീഷിലും നാല്പതിലേറെ പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.






# സിജോ വടക്കന്റെ ട്രിനിറ്റി കമ്പനി ഹോസ്പിറ്റാലിറ്റി രംഗത്തേക്ക്

ചിക്കാഗോ: അമേരിക്കൻ വ്യവസായിയും റിയൽട്ടറും സാമൂഹിക പ്രവർത്തകനും ചലച്ചിത്ര നിർമ്മാതാവുമായ സിജോ വടക്കൻ ഹോസ്പിറ്റാലിറ്റി രംഗത്തേക്കും കടക്കുന്നു. പുതിയ രണ്ട് ഹോട്ടലുകളാണ്



ഡാളസിലും ഹൂസ്റ്റണിലും അദ്ദേഹം നിർമ്മിക്കുന്നത്. പതിനാറ് മില്യൺ ഡോളർ മുടക്കി പണികഴിപ്പിക്കുന്ന 123 മുറികളുള്ള ഹോട്ടൽ ഡാളസിലെ മെക്കിനിയിലും ഹൂസ്റ്റണിലും ഇതേ സൗകര്യങ്ങളോടു കൂടിയ ഹോട്ടൽ സമുച്ചയത്തിനും ഡിസംബർ പതിനേഴിനു തറക്കല്ലിട്ടു. ഡാളസ് ഫിനാൻഷ്യൽ സിറ്റി കൂടി ആയതിനാൽ ഹോസ്പിറ്റാലിറ്റി ബിസിനസിന് വലിയ സ്കോപ്പ് ഉള്ള സ്ഥലം കൂടിയാണെന്ന് സിജോ വടക്കൻ പറഞ്ഞു. ഇരട്ട, മധുരം, പൊറിഞ്ചു മറിയം ജോസ്, പണി, ജോസഫ് തുടങ്ങിയ ഹിറ്റ് സിനിമകളുടെ നിർമ്മാതാവ് കൂടിയാണ് സിജോ വടക്കൻ. മെക്കിനിയിൽ നടന്ന പ്രോജക്ടിന്റെ തറക്കല്ലിടൽ ചടങ്ങിൽ നിരവധി സുഹൃത്തുക്കൾ പങ്കെടുത്തു.

സിജോ വടക്കന്റെ ദർശനവും അർപ്പണബോധവും നേതൃത്വവും മലയാളി സമൂഹത്തിനു മാതൃകയാണ്. റിയൽ എസ്റ്റേറ്റ്, വികസനം, നിർമ്മാണം, മാനേജ്മെന്റ്, ട്രേഡിംഗ്, ട്രാവൽ, മീഡിയ എന്നിങ്ങനെ വൈവിധ്യമാർന്ന മേഖലകളിൽ സാന്നിധ്യമുള്ള, അതിവേഗം വളരുന്ന കമ്പനിയായ Trinity Group Inc യുടെ ഭാഗമാണ് Trinity Texas Realty Inc.

സമാനതകൾ ഇല്ലാത്ത ഊർജവും ഉത്സാഹവുമാണ് സിജോ വടക്കന്റെ ഏറ്റവും ശ്രദ്ധേയമായ കാര്യം. തന്റെ ഉപഭോക്താക്കളെ അവരുടെ ലക്ഷ്യങ്ങൾ നേടിയെടുക്കാൻ ഒപ്പം നിൽക്കുന്ന വ്യക്തിത്വം കൂടിയാണ് അദ്ദേഹം. മറ്റ് റിയൽ എസ്റ്റേറ്റ് ബ്രോക്കർമാരിൽ നിന്ന് വ്യത്യസ്തമായി തന്റെ ക്ലയിന്റുകൾക്ക് സാദ്ധ്യമായ ഏറ്റവും മികച്ച സേവനം നല്കുന്നതിൽ സിജോ എപ്പോഴും ശ്രദ്ധ കേന്ദ്രീകരിക്കുന്നു. കൂടാതെ തന്റെ ക്ലയിന്റുകളുടെ ആവശ്യങ്ങൾക്ക് എപ്പോഴും മുൻഗണന നല്കുകയും ചെയ്യുന്നു. മികച്ച ആശയ വിനിമയ പാണ്ഡിത്യവും സങ്കീർണ്ണമായ റിയൽ എസ്റ്റേറ്റ് ആശയങ്ങൾ മനസ്സിലാക്കി



എളുപ്പമുള്ള വിധത്തിൽ വിശദീകരിക്കാനുള്ള കഴിവും അദ്ദേഹത്തിന്റെ പ്രത്യേകതയാണ്.

ഒരാൾ ആദ്യമായി വീട് വാങ്ങുന്നയാളോ ഒരു നിക്ഷേപകനോ ആയിക്കൊള്ളട്ടെ അവരുടെ ആവശ്യങ്ങൾ കേൾക്കാനും വ്യക്തിഗതമായ ഉപദേശങ്ങളും മാർഗ്ഗനിർദേശങ്ങളും നല്കാനും സിജോ വടക്കൻ എപ്പോഴും തയ്യാറാണ്.






# അനധികൃത കെട്ടിടനിർമാണങ്ങൾ നിയമവിധേയമാക്കാൻ കഴിയില്ല: സുപ്രീംകോടതി

ന്യൂഡൽഹി: റെസിഡൻഷ്യൽ മേഖലയിലെ അനധികൃത കെട്ടിടനിർമാണങ്ങൾ നിയമവിധേയമാക്കാൻ കഴിയില്ലെന്നു വ്യക്തമാക്കി സുപ്രീംകോടതി. നിർമാണത്തിനു ശേഷമുള്ള നിയമലംഘനങ്ങൾ പോലും വേഗത്തിൽ തിരുത്തപ്പെടണമെന്നും ജസ്റ്റീസുമാരായ ജെ.ബി. പർദിവാല, ആർ. മഹാദേവൻ എന്നിവരടങ്ങിയ ബെഞ്ച് നിർദേശിച്ചു.

അനധികൃത നിർമാണങ്ങൾ തടയുന്നതിന് നിരവധി നിർദേശങ്ങളും കോടതി പുറപ്പെടുവിച്ചു. മീററ്റ് ശാസ്ത്രിനഗറിലെ അനധികൃത നിർമാണങ്ങൾ പൊളിക്കാൻ നിർദേശിച്ച അലഹബാദ് ഹൈക്കോടതിയുടെ 2014-ലെ വിധിക്കെതിരെ രാജേന്ദ്രകുമാർ ബർജാത്യ സമർപ്പിച്ച അപ്പീലിലാണ് കോടതിയുടെ ഇടപെടൽ. ഹൈക്കോടതി വിധി സുപ്രീം കോടതി ശരിവെക്കുകയും രാജ്യത്ത് ഇത്തരം പ്രവർത്തനങ്ങൾ തടയാൻ നിരവധി നിർദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തു.

നഗരാസൂത്രണ നിയമങ്ങൾ കർശനമായി പാലിക്കണം. അക്കാര്യത്തിൽ ഉദ്യോഗസ്ഥർ ഉത്തരവാദിത്വം കാട്ടണമെന്നും കോടതി ചൂണ്ടിക്കാട്ടി. പ്രാദേശിക ഭരണകൂടം അംഗീകരിച്ച ബിൽഡിങ് പ്ലാൻ ലംഘിച്ചോ അല്ലെങ്കിൽ അതിൽനിന്ന് വ്യതിചലിച്ചോ ഉള്ള നിർമാണങ്ങൾ പ്രോത്സാഹിപ്പിക്കാൻ കഴിയില്ല. നിയമവിരുദ്ധമായ നിർമാണങ്ങൾ തിരുത്തുന്നതിലെ കാലതാമസം, ഭരണപരമായ പരാജയം, നിയന്ത്രണപരമായ കാര്യക്ഷമതയില്ലായ്മ, നിർമാണത്തിനും നിക്ഷേപത്തിനുമുള്ള ചെലവ്, അശ്രദ്ധ, നിയമപ്രകാരമുള്ള ജോലി ചെയ്യുന്നതിൽ ബന്ധപ്പെട്ട അധികാരികളുടെ ഭാഗത്തുനിന്നുള്ള അലസത എന്നിവ നിയമവിരുദ്ധവും അനധികൃതവുമായ നിർമാണങ്ങൾക്കെതിരെ സ്വീകരിച്ച നടപടിയെ പ്രതിരോധിക്കാൻ ഒരു കവചമായി ഉപയോഗിക്കാൻ കഴിയില്ലെന്നും കോടതി ചൂണ്ടിക്കാട്ടി.

അസാധാരണമായ സാഹചര്യങ്ങളിൽ മാത്രമേ അനധികൃത നിർമാണങ്ങൾ ക്രമപ്പെടുത്തി നല്കാവൂ. വിശദമായ സർവേയ്ക്കുശേഷം റെസിഡൻഷ്യൽ വീടുകൾക്ക് ഒറ്റത്തവണ നടപടിയായി അതു നടപ്പാക്കണം. പൂർത്തീകരണ സർട്ടിഫിക്കറ്റുകൾ ഇല്ലാതെ കെട്ടിടങ്ങൾ നിർമാതാക്കൾ കൈമാറരുത്. കെട്ടിടനിർമാണം സംബന്ധിച്ച പ്ലാനും മറ്റു രേഖകളും നിർമാണ കാലയളവിലുടനീളം പദ്ധതിപ്രദേശത്ത് പ്രദർശിപ്പിക്കുകയും അധികൃതർ പരിശോധന നടത്തുകയും ചെയ്യണം.

പൂർത്തീകരണ സർട്ടിഫിക്കറ്റ് പരിശോധിച്ചതിനു ശേഷം മാത്രമേ ബാങ്കുകളും ധനകാര്യ സ്ഥാപനങ്ങളും കെട്ടിടത്തിന് വായ്പ അനുവദിക്കാവൂ എന്നും കോടതി നിർദേശിച്ചു.

പൂർത്തീകരണ സർട്ടിഫിക്കറ്റില്ലാത്ത കെട്ടിടത്തിന് വ്യാപാര ലൈസൻസ് നല്കാൻ പാടില്ലെന്നും നിർദേശത്തിലുണ്ട്.

# നാവികസേനയുടെ സ്പീഡ് ബോട്ട് ഇടിച്ച് 14 മരണം

മുംബൈ: വിനോദസഞ്ചാരികളുമായി പുറപ്പെട്ട യാത്രാബോട്ടിലേക്കു നാവികസേനയുടെ സ്പീഡ് ബോട്ട് ഇടിച്ചുകയറിയുണ്ടായ അപകടത്തിൽ 14 പേർ മരിച്ചു. 98 പേരെ രക്ഷപ്പെടുത്തി. മുംബൈ തീരത്ത് ഗേറ്റ്വേ ഓഫ് ഇന്ത്യയ്ക്ക് സമീപം ഡിസംബർ 18-ന് നാലിനാണ് അപകടം. വിനോദസഞ്ചാരകേന്ദ്രമായ എലിഫന്റാ ദ്വീപിലേക്കു പുറപ്പെട്ട 'നീൽകമൽ' എന്ന യാത്രാബോട്ടിലേക്കാണ് നാവികസേനയുടെ സ്പീഡ് ബോട്ട് പാഞ്ഞുകയറിയത്.

സ്പീഡ് ബോട്ടിൽ പുതിയ എഞ്ചിൻ വെച്ചതിനു ശേഷമുള്ള പരീക്ഷണയാത്രയ്ക്കിടെ വേഗം നിയന്ത്രിക്കാനാകാതെയാണ് അപകടമുണ്ടായത്. മരിച്ചവരിൽ ഒരു നാവികസേനാംഗവും എൻജിൻ നിർമിച്ച കമ്പനിയുടെ രണ്ട് ഉദ്യോഗസ്ഥരുമുണ്ട്. ആശുപത്രിയിലുള്ള ഏതാനും പേരുടെ നില ഗുരുതരമാണെന്നും കടലിൽ രാത്രി വൈകിയും തെരച്ചിൽ തുടരുകയാണെന്നും അധികൃതർ അറിയിച്ചു.

യുനെസ്കോയുടെ പൈതൃക പട്ടികയിൽ ഇടംപിടിച്ച വിനോദസഞ്ചാരകേന്ദ്രമായ എലിഫന്റാ ദ്വീപിലേക്ക് ഗേറ്റ്വേ ഓഫ് ഇന്ത്യയിൽനിന്ന് ഒരു മണിക്കൂറിലേറെ ബോട്ട് യാത്ര ചെയ്യേണ്ടതുണ്ട്. സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതെ, ആളുകളെ കുത്തിനിറച്ച് ഇവിടേക്കു ബോട്ടുകൾ പോകുന്നതു പതിവാണ്. 11 നാവികസേനാ ബോട്ടുകൾ, മൂന്ന് മറൈൻ പോലീസ് ബോട്ടുകൾ, നാല് ഹെലികോപ്റ്ററുകൾ എന്നിവയുടെ സഹായത്തോടെയായിരുന്നു രക്ഷാപ്രവർത്തനം.



# സ്മാർട്ട് ഫോൺ കയറ്റുമതിയിൽ 3-ാം സ്ഥാനവുമായി ഇന്ത്യ

മുംബൈ: ലോകത്ത് ഏറ്റവും കൂടുതൽ സ്മാർട്ട്ഫോൺ കയറ്റുമതി ചെയ്യുന്ന രാജ്യങ്ങളിൽ ഇന്ത്യക്ക് മൂന്നാം സ്ഥാനം. 2019-ൽ 23-ാം സ്ഥാനത്തായിരുന്ന ഇന്ത്യയാണ് 2024-ലെത്തിയപ്പോൾ ചൈന, വിയറ്റ്നാം രാജ്യങ്ങൾക്കു പിന്നിലെത്തിയത്. 2024 നവംബറിൽ രാജ്യത്തെ സ്മാർട്ട്ഫോൺ കയറ്റുമതി 20,000 കോടി രൂപ കടന്നതായി വ്യവസായ അസോസിയേഷനുകളിലൂടെ കമ്പനികൾ സമർപ്പിച്ച കണക്കുകൾ വ്യക്തമാക്കുന്നു.

വ്യവസായ സംഘടനകളുടെ കണക്കുകൾ പ്രകാരം രാജ്യത്തെ സ്മാർട്ട്ഫോൺ കയറ്റുമതി കഴിഞ്ഞമാസം 20,395 കോടി രൂപയായി രേഖപ്പെടുത്തി. കഴിഞ്ഞവർഷം ഇതേമാസം ഇത് 10,634 കോടി രൂപയായിരുന്നു. 92 ശതമാനം വർദ്ധനയാണ് 2024-ലുണ്ടായത്. ഈ നേട്ടം 2024-25 സാമ്പത്തിക വർഷത്തിൽ ഉല്പാദന മൂല്യത്തിന്റെ 70-75 കയറ്റുമതി ചെയ്യാനുള്ള പ്രൊഡക്ഷൻ ലിങ്ക്ഡ് ഇൻസെന്റീവ് (പിഎൽഐ) സ്കീം എന്ന നാഴികക്കല്ല് മറികടക്കാനായി. ആഗോള സ്മാർട്ട്ഫോൺ ഭീമന്മാരായ ആപ്പിളും സാംസംഗുമാണ് ഇന്ത്യൻ സ്മാർട്ട്ഫോൺ നിർമാണ മേഖലയിലെ കുതിപ്പിന് നേതൃത്വം നല്കുന്നത്.

14,000 കോടി രൂപയുടെ കയറ്റുമതിയുമായി നവംബറിൽ ആപ്പിൾ മുന്നിലെത്തി. കമ്പനിയുടെ ഇന്ത്യയിൽ നിന്നുള്ള എക്കാലത്തെയും ഉയർന്ന കയറ്റുമതിയാണിത്. ഈ കണക്ക് ഒക്ടോബറിൽ അതിന്റെ മുൻകാല റിക്കാർഡായ 12,000 കോടി മറികടക്കുകയും ചെയ്തു.

പ്രാദേശിക ഉല്പാദനം പ്രോത്സാഹിപ്പിക്കുന്നതിനായാണ് ഇന്ത്യാ ഗവൺമെന്റ് പ്രൊഡക്ഷൻ ലിങ്ക്ഡ് ഇൻസെന്റീവ് പദ്ധതി ആരംഭിച്ചത്. ഈ പദ്ധതി ഉല്പാദനവും കയറ്റുമതിയും വർദ്ധിപ്പിക്കാൻ ലക്ഷ്യമിടുന്നു. ഇത് ഇന്ത്യയിൽ സ്മാർട്ട്ഫോണുകൾ നിർമ്മിക്കാൻ കമ്പനികളെ പ്രോത്സാഹിപ്പിക്കുകയും ഇതുവഴി ഇറക്കുമതിയെ ആശ്രയിക്കുന്നത് കുറയ്ക്കുകയും ചെയ്യുന്നു.

## കേരളാ എക്സ്പ്രസ്സ് വാരാന്ത്യം

**കഴിഞ്ഞ 32 വർഷങ്ങളായി അമേരിക്കൻ മലയാളികളുടെ വാർത്തകളുടേയും ചിന്തകളുടേയും നേർപതിപ്പായ കേരളാ എക്സ്പ്രസ്സ് ഈ മാസം മുതൽ സാഹിത്യം, സിനിമ, യാത്രാക്കുറിപ്പുകൾ, സോഷ്യൽ മീഡിയ കുറിപ്പുകൾ എന്നിവയ്ക്കായി രണ്ട് പേജുകൾ നീക്കിവെയ്ക്കുന്നു.**

**കാച്ചിക്കുറുക്കിയ രചനകളാണ് കൂടുതലായും പരിഗണിക്കുക. മതപരമായ വിഷയങ്ങൾ ഒഴിവാക്കേണ്ടതാണ്. തിരക്കുകളുടെ ലോകത്ത് സജീവമായ മനുഷ്യന് ചുരുങ്ങിയ വാക്കുകളിൽ എല്ലാം കാണാനും കേൾക്കാനുമാണ് താല്പര്യം. എഴുതുന്നവർക്കും, എഴുതി തുടങ്ങുന്നവർക്കും കേരളാ എക്സ്പ്രസ്സിന്റെ ഈ പംക്തിയിലേക്ക് സ്വാഗതം.**

**രചനകൾ അയക്കുന്നവരുടെ പൂർണ്ണമായ മേൽവിലാസവും ഫോൺ നമ്പറും ഉണ്ടായിരിക്കേണ്ടതാണ്. യൂണിക്കോഡ് ഫോർമാറ്റിലാണ് രചനകൾ അയക്കേണ്ടത്. രചയിതാവിന്റെ ഫോട്ടോയും രചനകൾക്കൊപ്പം അയക്കേണ്ടതാണ്. ദീർഘമായ രചനകൾ അയയ്ക്കേണ്ടതില്ല. രചനകൾ പ്രസിദ്ധീകരിക്കുവാനുള്ള തീരുമാനം പൂർണ്ണമായും എഡിറ്റോറിയൽ ബോർഡിനായിരിക്കും.**

**രചനകൾ അയയ്ക്കേണ്ട വിലാസം:**

**news@keralaexpress.com**






# ആന എഴുന്നള്ളിപ്പ്: ഹൈക്കോടതി വിധിക്കു സ്റ്റേ

ന്യൂഡൽഹി: ക്ഷേത്രങ്ങളിലെ ആന എഴുന്നള്ളിപ്പുമായി ബന്ധപ്പെട്ട് കേരള ഹൈക്കോടതി ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ സ്റ്റേ ചെയ്തു സുപ്രീം കോടതി. ഹൈക്കോടതി നിർദേശങ്ങൾ അപ്രായോഗികമാണെന്നു വാക്കാൽ പരാമർശിച്ച കോടതി 2012-ലെ ചട്ടങ്ങളനുസരിച്ച് ആന എഴുന്നള്ളിപ്പ് നടത്താമെന്നു വ്യക്തമാക്കി. നിലവിൽ ആന എഴുന്നള്ളിപ്പുമായി ബന്ധപ്പെട്ട് കൃത്യമായ മാർഗരേഖകളുണ്ട്. അതിനപ്പുറത്തേക്കുള്ള നിർദേശങ്ങൾ ഹൈക്കോടതിക്കു നൽകാനാകില്ലെന്നും ജസ്റ്റിസുമാരായ ബി.വി. നാഗരത്ന, എൻ.കെ. സിംഗ് എന്നിവരടങ്ങിയ ബെഞ്ച് വ്യക്തമാക്കി.

ആന എഴുന്നള്ളിപ്പുമായി ബന്ധപ്പെട്ട് ഹൈക്കോടതി നിർദേശിച്ച നിയന്ത്രണം റദ്ദാക്കണമെന്നാവശ്യപ്പെട്ട് പാറമ്മേക്കാവ്, തിരുവമ്പാടി ദേവസ്വങ്ങളാണ് സുപ്രീംകോടതിയെ സമീപിച്ചത്.

രണ്ട് ആനകൾ തമ്മിൽ മൂന്ന് മീറ്റർ അകലം, ആനകളും പൊതുജനങ്ങളും തമ്മിൽ എട്ടു മീറ്റർ അകലം, ഏതെങ്കിലും താളവാദ്യ പ്രദർശനം, പടക്കങ്ങൾ ഉപയോഗിക്കുന്ന സ്ഥലങ്ങൾ എന്നിവയിൽനിന്ന് കുറഞ്ഞത് 100 മീറ്റർ അകലം എന്നിങ്ങനെയുള്ള നിർദേശങ്ങൾ ഹൈക്കോടതി മുന്നോട്ടുവെച്ചിരുന്നു. കൂടാതെ, രണ്ട് എഴുന്നള്ളിപ്പിനിടയിൽ ആനകൾക്ക് കുറഞ്ഞത് മൂന്നു ദിവസത്തെ വിശ്രമം നൽകണമെന്നും ഹൈക്കോടതി ഉത്തരവിട്ടിരുന്നു.

എന്നാൽ ഹൈക്കോടതി നിർദേശിക്കുന്നതുപോലെ ആനകൾ തമ്മിൽ എങ്ങനെ അകലം പാലിക്കുമെന്നും ഇത് അപ്രായോഗികമാണെന്നും സുപ്രീം കോടതി നിരീക്ഷിച്ചു. ഹൈക്കോടതി നിർദേശിച്ച സമയക്രമവും പ്രായോഗികമല്ലെന്ന് സുപ്രീംകോടതി വ്യക്തമാനക്കി.

സർക്കാരിനും ആന ഉടമകളുടെ സംഘടനകൾക്കും കോടതി നോട്ടീസ് അയച്ചു. ആചാരങ്ങളും ആനകളുടെ സംരക്ഷണവും ഒരുമിച്ചു കൊണ്ടുപോകണമെന്നാണു ലക്ഷ്യം വെക്കുന്നതെന്നും കോടതി പറഞ്ഞു. ഹൈക്കോടതി നിർദേശപ്രകാരം പൂരം നടത്താനാകില്ലെന്നായിരുന്നു ഹർജിക്കാരുടെ വാദം.

ആന എഴുന്നള്ളിപ്പ് ആചാരങ്ങളുടെ ഭാഗമല്ലെന്നു നിരീക്ഷിച്ച ഹൈക്കോടതി ജനങ്ങളുടെ സുരക്ഷയാണു പ്രധാനമെന്ന് വിധിയിൽ വ്യക്തമാക്കിയിരുന്നു. എഴുന്നള്ളിപ്പുമായി ബന്ധപ്പെട്ട് കടുത്ത നിലപാട് സ്വീകരിച്ച ഹൈക്കോടതി അനാവശ്യ ആചാരങ്ങൾ ഉണ്ടാകരുതെന്നും വ്യക്തമാക്കിയിരുന്നു.

വിഷയവുമായി ബന്ധപ്പെട്ട് സർക്കാരിനോട് ചട്ടം കൊണ്ടുവരാൻ ആവശ്യപ്പെട്ടെങ്കിലും സംസ്ഥാനസർക്കാർ വിഷയത്തിൽ ഇടപെടാതിരുന്നതിനെത്തുടർന്ന് ഹൈക്കോടതി സ്വയം മാനദണ്ഡം നിർദേശിക്കുകയായിരുന്നു.

## റഷ്യ കാൻസർ വാക്സിൻ വികസിപ്പിച്ചു

മോസ്കോ: കാൻസറിനെ പ്രതിരോധിക്കാനുള്ള വാക്സിൻ വികസിപ്പിച്ചെന്ന് റഷ്യ. റഷ്യൻ ആരോഗ്യമന്ത്രാലയത്തെ ഉദ്ധരിച്ച് രാജ്യാന്തര മാധ്യമങ്ങളാണ് വാർത്ത പുറത്തുവിട്ടത്. കാൻസറിനെതിരെ എം.ആർ.എൻ.എ വാക്സിൻ വികസിപ്പിച്ചെന്നാണ് പ്രഖ്യാപനത്തിൽ പറയുന്നത്.

അടുത്തകൊല്ലം വാക്സിന്റെ സൗജന്യ വിതരണം ആരംഭിക്കുമെന്ന് റഷ്യ അവകാശപ്പെട്ടു. വാക്സിന്റെ പ്രീ-ക്ലിനിക്കൽ പരീക്ഷണങ്ങൾ വിജയകരമായിരുന്നുവെന്ന് ഗമാലിയ നാഷണൽ റിസേർച്ച് സെന്റർ ഫോർ എപ്പിഡെമിയോളജി ആൻഡ് മൈക്രോബയോളജി ഡയറക്ടർ അലക്സാണ്ടർ ഗിന്റ്സ്ബർഗ് പറഞ്ഞു. വാക്സിൻ ട്യൂമർ വളർച്ചയെ തടയുന്നതിനൊപ്പം ശരീരത്തിന്റെ മറ്റു ഭാഗങ്ങളിലേക്ക് കാൻസർ സെല്ലുകൾ പടരുന്നത് ഇല്ലാതാക്കുമെന്നും അദ്ദേഹം പറഞ്ഞു. എന്നാൽ, ഏതുതരം കാൻസറിനുള്ള വാക്സിനാണ് വികസിപ്പിച്ചിരിക്കുന്ന കാര്യമോ വാക്സിന്റെ പേരോ പുറത്തുവിട്ടിട്ടില്ല.

രാജ്യം കാൻസർ വാക്സിൻ വികസിപ്പിക്കുന്നത് അവസാനവട്ട ശ്രമത്തിലാണെന്നും ഉടനെ രോഗികൾക്ക് ലഭ്യമാക്കുമെന്നും പ്രസിഡണ്ട് വ്ളാഡിമർ പുടിൻ ഫെബ്രുവരിയിൽ പ്രഖ്യാപിച്ചിരുന്നു.

# അംബേദ്കർ പരാമർശം: അമിത് ഷായ്ക്കെതിരെ പ്രതിഷേധം

ന്യൂഡൽഹി: ഭരണഘടനാ ശില്പി ഡോ. ബി.ആർ. അംബേദ്കറെ, ആഭ്യന്തരമന്ത്രി അമിത് ഷാ അപമാനിച്ചുവെന്നാരോപിച്ച് പ്രതിപക്ഷം പ്രതിഷേധിച്ചതിനെ തുടർന്ന് പാർലമെന്റിന്റെ ഇരുസഭകളും സ്തംഭിച്ചു. ഭരണഘടനയുടെ 75-ാം വാർഷികവുമായി ബന്ധപ്പെട്ടു നടന്ന പ്രത്യേക ചർച്ച ഉപസംഹരിക്കുന്നതിനിടെ, ഡിസംബർ 17-ന് വൈകിട്ട് നടത്തിയ പരാമർശത്തെ ചൊല്ലിയാണു വിവാദമുയർന്നത്. ഷായുടെ വിവാദ പരാമർശം ഇങ്ങനെയായിരുന്നു: "ബി.ആർ. അംബേദ്കറുടെ പേര് പറയുന്നത് ഇപ്പോഴൊരു ഫാഷനായി മാറിയിരിക്കുകയാണ്. അംബേദ്കർ, അംബേദ്കർ, അംബേദ്കർ, അംബേദ്കർ, അംബേദ്കർ, അംബേദ്കർ... ഇത്രയും തവണ ദൈവനാമം ഉരുവിട്ടിരുന്നുവെങ്കിൽ അവർക്കു സ്വർഗത്തിൽ സ്ഥാനം ലഭിക്കുമായിരുന്നു."



അംബേദ്കറെ അപമാനിച്ചെന്ന് പരസ്പരം ആരോപിച്ച് പാർലമെന്റിന് പുറത്ത് പ്രതിഷേധിക്കുന്ന കോൺഗ്രസ് എംപി പ്രിയങ്കാ ഗാന്ധിയും ബിജെപി എംപി ഹേമാങ് ജോഷിയും.

അമിത്ഷാ രാജിവെക്കണമെന്നു പ്രതിപക്ഷം ആവശ്യപ്പെട്ടു. പ്രധാനമന്ത്രിയുൾപ്പെടെയുള്ള ബിജെപി നേതാക്കൾ അമിത് ഷായ്ക്കു പിന്തുണയുമായി എത്തിയെങ്കിലും പ്രതിരോധം ദുർബലമായിരുന്നു. പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി, പ്രിയങ്ക ഗാന്ധി എന്നിവരുടെ നേതൃത്വത്തിൽ ഇന്ത്യാ സഖ്യം പാർലമെന്റ് വളപ്പിൽ അംബേദ്കർ ചിത്രങ്ങൾ ഉയർത്തി പ്രതിഷേധിച്ചു. അദാനിക്കെതിരായ പ്രതിഷേധങ്ങളിൽ പങ്കെടുക്കാതെ നിന്ന സമാജ്വാദി പാർട്ടിയും ഇതിൽ പങ്കാളികളായി. കൊടിക്കുന്നിൽ സുരേഷ്, കെ.സി. വേണുഗോപാൽ തുടങ്ങിയവർ ലോക്സഭയിൽ അടിയന്തരപ്രമേയ നോട്ടീസ് നൽകിയെങ്കിലും സ്പീക്കർ അനുവദിച്ചില്ല. വിവാദ വിഷയത്തിൽ ചർച്ച വേണമെന്നും അമിത് ഷാ മാപ്പു പറയണമെന്നും ആവശ്യപ്പെട്ടാണു രാജ്യസഭയിൽ പ്രതിപക്ഷം പ്രതിഷേധം തുടങ്ങിയത്. പ്രതിപക്ഷവും ഭരണപക്ഷവും നടുത്തളത്തിലിറങ്ങി പ്രതിഷേധിച്ചതോടെ, അധ്യക്ഷൻ സഭ നിർത്തിവെച്ചു. പ്രസംഗം കോൺഗ്രസ് വളച്ചൊടിച്ചതായി അമിത് ഷാ വാർത്താസമ്മേളനത്തിൽ പറഞ്ഞു. അംബേദ്കറെ ഒരിക്കലും അപമാനിക്കാൻ കഴിയാത്ത പാർട്ടിയിലെ അംഗമാണു താനെന്നും പറഞ്ഞു. അമിത് ഷാ ചെയ്തതു തെറ്റാണെന്നു പറയുന്നതിനു പകരം, മോദി അദ്ദേഹത്തെ സംരക്ഷിക്കുകയാണ് ചെയ്യുന്നതെന്ന് കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ പറഞ്ഞു. മഹാപുരുഷനെ അവഹേളിക്കുകയാണ് ചെയ്തതെന്നും അമിത് ഷായെ മന്ത്രിസഭയിൽനിന്നു പുറത്താക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

## കുമ്പിളപ്പം കടൽ കടക്കുന്നു

കോട്ടയം: നാട്ടിൻപുറങ്ങളിലെ പറമ്പുകളിൽ ആർക്കും വേണ്ടാതെ കിടന്നിരുന്ന എടന ഇലയ്ക്കും ഡിമാൻഡായി. കുമ്പിളപ്പം ഉണ്ടാക്കാൻ മാത്രമായിരുന്നു എടന

ഇലയുടെ ഉപയോഗം. ഇപ്പോഴിതാ നല്ല ഒരു ഇലയ്ക്ക് ഒരു രൂപ നല്കാമെന്ന വാഗ്ദാനവുമായി നീലൂർ പ്രൊഡ്യൂസർ കമ്പനി രംഗത്തെത്തി.

ഒൻപത് ഇഞ്ച് നീളവും നാല് ഇഞ്ച് വീതിയുമുള്ള കേടില്ലാത്ത എത്ര ഇലകൾ ഉണ്ടെങ്കിലും എടുക്കുമെന്നും കമ്പനി സോഷ്യൽ മീഡിയ വഴി നല്കിയ പരസ്യത്തിൽ പറയുന്നു. കുമ്പിളപ്പം വലിയ തോതിൽ കയറ്റുമതി ചെയ്യുന്ന സ്ഥാപനമാണ് നീലൂർ പ്രൊഡ്യൂസർ കമ്പനി.

മീനച്ചിൽ താലൂക്കിലും പരിസരപ്രദേശങ്ങളിലും കുമ്പിളപ്പത്തിനു പൂച്ചയപ്പം എന്നും പേരുണ്ട്. എടന ഇലയിൽ ഉണ്ടാക്കുന്ന കുമ്പിൾ അപ്പത്തിനു രുചിയും സുഗന്ധവും കൂടും. ഇലകളുടെ സുഗന്ധത്താൽ ശ്രദ്ധേയമായ വൃക്ഷമാണ് എടന. വഴയ, ഇടന എന്നീ പേരുകളിലും ഇതറിയപ്പെടുന്നു. കറുവയുടെ തന്നെ ഗണത്തിൽപ്പെട്ടതാണ് എടനമരം.



## 29–ാമത് കേരള അന്താരാഷ്ട്ര ചലച്ചിത്രമേള

# ‘മലു’വിന് സ്വർണചകോരം; ഫെമിനിച്ചി ഫാത്തിമയ്ക്ക് അഞ്ച് പുരസ്കാരങ്ങൾ

തിരുവനന്തപുരം: കേരള അന്താരാഷ്ട്ര ചലച്ചിത്ര മേളയിൽ ബ്രസീലിയൻ ചിത്രമായ ‘മലു’ സ്വർണചകോരത്തിന് അർഹമായി. 25 ലക്ഷം രൂപയുടെ പുരസ്കാരം പ്രൗഢഗംഭീരമായി നടന്ന സമാപനച്ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയനിൽ നിന്ന് സംവിധായകൻ പെഡ്രോ ഫ്രെയെർ ഏറ്റുവാങ്ങി.

ഫാസിൽ മുഹമ്മദ് സംവിധാനം ചെയ്ത മലയാളചിത്രം ‘ഫെമിനിച്ചി ഫാത്തിമ’ വിവിധ വിഭാഗങ്ങളിലായി അഞ്ച് പുരസ്കാരങ്ങൾ നേടി മേളയുടെ പ്രിയ ചിത്രമായി. ഐ.എഫ്.എഫ്.കെയുടെ സ്പിരിറ്റ് ഓഫ് സിനിമാ പുരസ്കാരം ‘ഓൾ വി ഇമാജിൻ ആസ് ലൈറ്റ്’ന്റെ സംവിധായക പായൽ കപാഡിയയ്ക്കു സമ്മാനിച്ചു.

മികച്ച നവാഗത സംവിധായകനുള്ള രജതചകോരം ഇറാനിയൻ സിനിമ ‘മീ, മറിയം, ദ ചിൽഡ്രൻ ആൻഡ് 26 അതേഴ്സി’ന്റെ സംവിധായകൻ ഫർഷാദ് ഹാഷ്മിക്കാണ്. നാലു ലക്ഷം രൂപയുടേതാണ് പുരസ്കാരം.

മികച്ച നവാഗത സംവിധായകനുള്ള രജതചകോരം ചിലിയൻ ചിത്രം ‘ദ ഹൈപ്പർബോറിയൻസ്’ സംവിധാനം ചെയ്ത ക്രിസ്റ്റോബൽ ലിയോണിനും ജോകിൻ കോസിനുമാണ്. സിനിമയുടെ കലാസംവിധായക നതാലിയ ഗെയിസ് മുഖ്യമന്ത്രിയിൽനിന്നും പുരസ്കാരം ഏറ്റുവാങ്ങി. മൂന്നു ലക്ഷം രൂപയുടേതാണ് പുരസ്കാരം.

ഫാസിൽ മുഹമ്മദിന്റെ ‘ഫെമിനിച്ചി ഫാത്തിമ’യാണ് പ്രേക്ഷകർ തെരഞ്ഞെടുത്ത സിനിമ. ഇന്ത്യയിലെ മികച്ച നവാഗത സംവിധാന പ്രതിഭയ്ക്കുള്ള ഒരു ലക്ഷം രൂപയുടെ കെ.ആർ. മോഹനൻ എൻഡോവ്മെന്റ് അവാർഡ് മലയാള ചിത്രമായി ‘അപ്പുറ’ത്തിന്റെ സംവിധായക ഇന്ദുലക്ഷ്മിക്കാണ്. മികച്ച ഇന്ത്യൻ മത്സര ചിത്രത്തിനുള്ള ഫിപ്രസി അവാർഡ്, മികച്ച നവാഗത മലയാളി സംവിധായകനുള്ള നെറ്റ്പാക് മലയാളം സിനിമയ്ക്കുള്ള നെറ്റ്പാക് പ്രത്യേക പരാമർശം-മിഥുൻ മുരളി (ക്രിസ്വാഗൺ). മികച്ച നവാഗത മലയാളി സംവിധായകയ്ക്കുള്ള ഫിപ്രസി അവാർഡ്-ശിവരഞ്ജിനി (വിക്ടോറി



അവാർഡ്, മികച്ച തിരക്കഥയ്ക്കുള്ള ജൂറി അവാർഡ്, കെ.ആർ. മോഹനൻ അവാർഡ് പ്രത്യേക പരാമർശം എന്നിങ്ങനെ അഞ്ച് അവാർഡുകളാണ് ഫാസിൽ മുഹമ്മദ് സംവിധാനം ചെയ്ത ഫെമിനിച്ചി ഫാത്തിമ നേടിയത്. മറ്റു പുരസ്കാരങ്ങൾ: സാങ്കേതിക മികവിനുള്ള പ്രത്യേക പുരസ്കാരം-ഹലാ എൽക്കോസി (ഈസ്റ്റ് ഓഫ് നൂൺ-നെതർലൻസ്), മികച്ച ഏഷ്യൻ ചിത്രത്തിനുള്ള നെറ്റ്പാക് അവാർഡ്- ‘മി, മറിയം ദ ചിൽഡ്രൻ ആൻഡ് 26 അദേഴ്സ് (ഇറാൻ), മികച്ച യ), അനഘാ രവി (അപ്പുറം), ചിന്മയ് സിദ്ദി (റിഥം ഓഫ് ദമാം) എന്നീ ബാലതാരങ്ങൾക്ക് മികച്ച പ്രകടനത്തിനുള്ള പ്രത്യേക ജൂറി പരാമർശമുണ്ട്.

# ഓംപ്രകാശ് ചൗട്ടാല അന്തരിച്ചു



ഗുരുഗ്രാം: അഞ്ചു തവണ ഹരിയാന മുഖ്യമന്ത്രിയായ ഓംപ്രകാശ് ചൗട്ടാല (89) അന്തരിച്ചു. ഹൃദയാഘാതത്തെത്തുടർന്നായിരുന്നു അന്ത്യം. ഇന്ത്യൻ നാഷണൽ ലോക്ദൾ (ഐഎൻഎൽഡി) പ്രസിഡണ്ടായ ചൗട്ടാല മുൻ ഉപപ്രധാനമന്ത്രി ദേവിലാലിന്റെ മൂത്ത മകനാണ്. ചൗട്ടാലയുടെ നിര്യാണത്തിൽ ഹരിയാന മൂന്നു ദിവസത്തെ ദുഃഖാചരണം നടത്തി.

ഹരിയാന മുഖ്യമന്ത്രിയായിരുന്ന ദേവിലാൽ ഉപപ്രധാനമന്ത്രിയായതോടെയാണ് 1989 ഡിസംബറിൽ ഓംപ്രകാശ് ചൗട്ടാല ആദ്യമായി മുഖ്യമന്ത്രിയായത്. അധ്യാപക റിക്രൂട്ട്മെന്റ് കേസിൽ 2013-ൽ പത്തു വർഷത്തെ തടവിനു ശിക്ഷിക്കപ്പെട്ട ചൗട്ടാല കോവിഡ് മഹാമാരിയെത്തുടർന്ന് 2021-ൽ ജയിൽമോചിതനായി. അനധികൃത സ്വത്ത് സമ്പാദനക്കേസിൽ 2022-ൽ ചൗട്ടാലയെ രണ്ടു വർഷത്തെ തടവിന് ശിക്ഷിച്ചു. തിഹാർ ജയിലിലെ ഏറ്റവും പ്രായംകൂടിയ തടവുകാരനായിരുന്നു ചൗട്ടാല.

ചൗട്ടാലയുടെ ഇളയ മകനായ അഭയ് സിംഗ് ഐഎൻഎൽഡിയുടെ മുതിർന്ന നേതാവാണ്. മൂത്ത മകൻ അജയ് സിംഗ് ജനനായക് ജനതാ പാർട്ടി (ജെജെപി) അധ്യക്ഷനാണ്. കുടുംബത്തിലുണ്ടായ ഭിന്നതയെത്തുടർന്ന് 2018-ലാണ് അജയ് ജെജെപി രൂപവത്കരിച്ചത്.

അജയിന്റെ മകൻ ദുഷ്യന്ത് ഹരിയാന ഉപമുഖ്യമന്ത്രിയായിരുന്നു. അധ്യാപക റിക്രൂട്ട്മെന്റ് കേസിൽ അജയ് സിംഗിനെയും ശിക്ഷിച്ചിരുന്നു.

മുമ്പ് ബിജെപിയുടെ സഖ്യകക്ഷിയായിരുന്ന ഐഎൻഎൽഡി 2005 മുതൽ ഹരിയാനയിൽ അധികാരത്തിനുപുറത്താണ്. 2005-2014 കാലത്ത് കോൺഗ്രസാണ് അധികാരത്തിലെത്തിയത്. 2014 മുതൽ ബിജെപിയാണ് ഹരിയാന ഭരിക്കുന്നത്.

# ഗാർഹികപീഡന നിയമങ്ങൾ ഭർത്താവിനെ പിഴിയാനുള്ളതല്ല: സുപ്രീംകോടതി

ന്യൂഡൽഹി: ഭാര്യമാർക്ക് സംരക്ഷണം നൽകുന്ന ഗാർഹികപീഡന, സ്ത്രീധനപീഡന നിയമങ്ങൾ ഭർത്താവിനെ ഭീഷണിപ്പെടുത്താനും സമ്മർദംചെലുത്തി ആനുകൂല്യങ്ങൾ നേടാനും ദുരുപയോഗം ചെയ്യുന്നതായി സുപ്രീംകോടതി.

ഭാര്യയുടെ ആവശ്യങ്ങൾ അംഗീകരിപ്പിക്കാൻ ഭർത്താവിനുമേൽ സമ്മർദംചെലുത്താനായി ക്രൂരത, ബലാത്സംഗം, പ്രകൃതിവിരുദ്ധപീഡനം, കുറ്റകരമായി തടഞ്ഞുവെക്കൽ തുടങ്ങിയ വകുപ്പുകൾ സംയുക്ത പാക്കേജായി ചുമത്തുന്ന പ്രവണതയുണ്ടെന്നും ജസ്റ്റിസ് ബി.വി. നാഗരത്ന അധ്യക്ഷയായ ബെഞ്ച് നിരീക്ഷിച്ചു.

ഭോപാലിലെ ദമ്പതിമാരുടെ വിവാഹമോചനത്തിന് ഉത്തരവിട്ടാണ് സുപ്രീംകോടതിയുടെ നിരീക്ഷണം. സ്ത്രീകളുടെ ഉന്നമനം ലക്ഷ്യമിട്ടാണ് ക്രിമിനൽ നിയമത്തിൽ അവർക്ക് സംരക്ഷണം നൽകുന്നത്. എന്നാൽ, ചില സ്ത്രീകൾ അതിനുവേണ്ടിയല്ല ഈ നിയമങ്ങളെ ഉപയോഗിക്കുന്നത്.

പലപ്പോഴും ഭാര്യയും അവരുടെ ബന്ധുക്കളും ഭർത്താവിനും ഭർതൃവീട്ടുകാർക്കുമെതിരെ മേൽപ്പറഞ്ഞ കുറ്റങ്ങൾ സംയുക്ത പാക്കേജായി ആരോപിക്കുന്നു.

ഇതൊരു ആസൂത്രിത തന്ത്രമാണെന്ന് വിലയിരുത്തിയ സുപ്രീംകോടതി, ഇക്കാരണത്താൽ പലപ്പോഴും പ്രതികൾക്ക് ജാമ്യം നിഷേധിക്കുന്ന അവസ്ഥയുണ്ടെന്നും ചൂണ്ടിക്കാട്ടി.

നിസ്സാരമായ വഴക്കുകളാണ് പിന്നീട് മോശമായ പോരാട്ടമായി മാറുന്നതെന്നും കോടതി ചൂണ്ടിക്കാട്ടി.



FAMILY DENTAL

GENERAL DENTISTRY
COSMETIC DENTISTRY
IMPLANT, GUM SURGERY
ORTHODONTIC TREATMENT
WISDOM TOOTH EXTRACTIONS

552 S WASHINGTON ST., SUITE # 101,
NAPERVILLE, ILLINOIS 60540
PHONE: 630 999 1976

Children Welcome
Invisalign & Braces

9709 N. MILWAUKEE AVE.
GLENVIEW, ILLINOIS 60025
PHONE: 847 581 1418
(NORTHWEST CORNER OF MILWAUKEE & GREENWOOD)





DR. SUSAN EDUKUTHARAYIL BDS, DDS
DR. SUSMITHA EDUKUTHARAYIL DMD

Appointment, Visit: MyDentistToday.com MONDAY - SATURDAY

ACHIEVE REAL ESTATE GROUP, INC.

For All Your Real Estate Needs
Please Call ...

THOMAS KURUVILLA KARIKULAM
Real Estate Broker
1-847-219-6050
834 Rand Rd Mount Prospect IL 60056



FULL TIME REALTOR

# KNANAYA ASSOCIATION OF CALGARY (KAC)
## TO HOST GRAND CHRISTMAS, NEW YEAR CELEBRATION, AND INAUGURATION AS A KCCNA UNIT

The Knanaya Association of Calgary (KAC) which was registered in July 2022, is now a proud unit under the Knanaya Catholic Congress of North America (KCCNA). This historic milestone marks the establishment of the first local unit in Canada that operates independently from the Knanaya Catholic Association of Canada (KCAC), reflecting a new era of leadership, inclusivity, and commitment to fostering the values and heritage of the Knanaya community. The creation of KAC represents a significant step towards uniting the Knanaya community in Calgary, strengthening the ties of faith, culture, and tradition that bind us together.

**The Executive Committee 2025 -26 is as follows:**

President - Thomas Mundackal
Vice-President - Philson Cherukilikatt
Secretary - Jaisy Vanchipurackal
Joint Secretary - Bobby Ellickal
Treasurer - Jibu Puthenpurackal
NC Member - Celine Charath
President (KAC - WF) - Anna Nenchumthottiyil
President (KAC - KCYL) - Adhin Munduvelil

The Knanaya Association of Calgary (KAC) is thrilled to announce its Christmas and New Year Celebration, scheduled for Saturday, January 25th, 2025. This festive event will also mark the inauguration of KAC as an official unit under the Knanaya Catholic Congress of North America (KCCNA), a historic milestone for the Calgary Knanaya community.The event will be graced by the presence of Shaji Edat, the esteemed President of KCCNA, and Lyju Chennangat, Canada Regional Vice President (RVP) of KCCNA, as the chief guests. We are extremely excited and deeply grateful to announce that the event will also bring together Knanaya community members from Edmonton, Vancouver and Winnipeg. Their participation demonstrates the enduring bonds of faith, tradition, and togetherness that unite the Knanaya diaspora across Western Canada.

**- Celine Charath**
**KAC National Council Member KCCNA**

### Knanaya Association of Calgary (KAC) Executive Committee



Thomas Mundackal
(President)



Jaisy Vanchipurackal
(Secretary)



Philson Cherukilikatt
(Vice-President)



Bobby Ellickal
(Joint Secretary)



Jibu Puthenpurackal
(Treasurer)



Celine Charath
(NC Member)



Anna Nenchumthottiyil
(President, KAC - WF)



Adhin Munduvelil
(President, KAC - KCYL)

United in Heritage Growing in Faith Thriving in Unity

# എസ്ബി ആൻഡ് അസംപ്ഷൻ അലൂംമ്നി ക്രിസ്മസ് നവവത്സരാഘോഷങ്ങൾ 28–ന്

ചിക്കാഗോ: എസ്ബി ആൻഡ് അസംപ്ഷൻ കോളജ് അലൂംമ്നി അസോസിയേഷന്റെ ക്രിസ്മസ് നവവത്സരാഘോഷവും ഫാമിലി മീറ്റും ഡിസംബർ 28-ന് ശനിയാഴ്ച രാവിലെ 11 മണിക്ക് ഡെസ്പ്ലെയിൻസിലുള്ള കോർടാൻഡ് സ്ക്വയറിൽ (8909 David Place Desplaines IL 60016) നടക്കും. ഇല്ലിനോയി ഹൗസ് ഓഫ് റെപ്രസെന്റ്റീവ് അംഗം കെവിൻ ഓലിക്കൽ മുഖ്യാതിഥിയായിരിക്കും. ഡോ. മാത്യു സാധു (റിസർച്ച് സയന്റിസ്റ്റ്, മുൻ ലക്ചറർ സെ. തോമസ് കോളജ് കോലഞ്ചേരി) ക്രിസ്മസ് സന്ദേശം നല്കും.



തുടർന്ന് എസ്ബി ആൻഡ് അസംപ്ഷൻ പൂർവ്വവിദ്യാർത്ഥികളുടെ ക്രിസ്മസ് കരോൾ, കൾച്ചറൽ പ്രോഗ്രാം, സ്നേഹവിരുന്ന് എന്നിവ ഉണ്ടായിരിക്കും. ഈ ഫാമിലി മീറ്റിൽ 2024-ലെ വിദ്യാഭ്യാസ പ്രതിഭാ പുരസ്കാരദാന ചടങ്ങും നടത്തും. ചിക്കാഗോയിലും സമീപ സ്റ്റേറ്റുകളിലുമുള്ള എല്ലാ പൂർവ്വവിദ്യാർത്ഥികളും ചടങ്ങിൽ പങ്കെടുത്തുകൊണ്ട് ക്രിസ്മസ്-നവവത്സര പരിപാടികൾ വിജയിപ്പിക്കണമെന്ന് ഭാരവാഹികൾ അഭ്യർത്ഥിച്ചു. ആഘോഷങ്ങൾ സംബന്ധിച്ച വിവരങ്ങൾക്ക്: തോമസ് ഡിക്രൂസ് 224 305 3789 (സെക്രട്ടറി).

# ചിക്കാഗോ ലേഡീസ് ഫെലോഷിപ്പിന് പുതിയ നേതൃത്വം

ചിക്കാഗോ: ചിക്കാഗോ ലേഡീസ് ഫെലോഷിപ്പിന്റെ അടുത്ത രണ്ടു വർഷത്തെ കോ-ഓർഡിനേറ്ററായി സിസ്റ്റർ മോളി ഏബ്രഹാമിനെയും ജോയിന്റ് കോ-ഓർഡിനേറ്ററായി സിസ്റ്റർ ഗ്രേസി തോമസിനെയും തെരഞ്ഞെടുത്തു. സിസ്റ്റർ മിനി ജോൺസന്റെയും സിസ്റ്റർ റോസമ്മ തോമസി

കുര്യൻ ഫിലിപ്പ്

ന്റെയും പ്രവർത്തന കാലാവധി പൂർത്തിയായതിനെത്തുടർന്നാണ് പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തത്.

ഫെലോഷിപ്പ് ഓഫ് പെന്തെക്കോസ്തൽ ചർച്ചസ് ഇൻ ചിക്കാഗോയുടെ കൺവീനർ ഡോ. വില്ലി ഏബ്രഹാമിന്റെ ഭാര്യയാണ് കോ-ഓർഡിനേറ്ററായി തെരഞ്ഞെടുക്കപ്പെട്ട മോളി ഏബ്രഹാം. ഗുഡ്ഷെപ്പേർഡ് ഫെലോഷിപ്പ് ചർച്ചിലെ അംഗമാണ്. ജോയിന്റ് കോ-ഓർഡിനേറ്ററായി തെരഞ്ഞെടുക്കപ്പെട്ട ഗ്രേസി തോമസ് ഗിൽഗാൽ പെന്തെക്കോസ്തൽ അസംബ്ലിയിലെ സീനിയർ ശുശ്രൂഷകൻ പാസ്റ്റർ സാം തോമസിന്റെ ഭാര്യയാണ്.



മോളി ഏബ്രഹാം



ഗ്രേസി തോമസ്

# മെൽബൺ സോഷ്യൽ ക്ലബിന്റെ ക്രിസ്മസ്–പുതുവത്സരാഘോഷം

**റെജി പാറയ്ക്കൽ**

മെൽബൺ: മെൽബൺ സോഷ്യൽ ക്ലബിന്റെ ഈ വർഷത്തെ ക്രിസ്മസ്-പുതുവത്സരാഘോഷം ഏറെ പുതുമയോടെ ആഘോഷിച്ചു. മെൽബണിലെ Wuntrina St. Lues Parish ഹാളിൽ വെച്ച് വിവിധ കലാപരിപാടികളോടെയാണ് ആഘോഷങ്ങൾ നടന്നത്. ക്രിസ്മസ് പാപ്പയുടെ ആഗമനത്തോടെ പരിപാടികൾക്ക് തുടക്കമായി. സോഷ്യൽ ക്ലബിലെ അംഗങ്ങൾക്ക് കരോൾ സംഘത്തിന്റെ അകമ്പടിയോടെ എത്തിയ ക്രിസ്മസ് പാപ്പ ക്രിസ്മസ് സന്ദേശം നല്കി. വൈനും കേക്കും ആദ്യം നല്കി








ക്കൊണ്ട് ക്രിസ്മസ് ലഞ്ചിനു തുടക്കമായി. വിഭവസമൃദ്ധമായ ക്രിസ്മസ് ലഞ്ച് ഏവർക്കും രുചിയുടെ സന്തോഷം തീർത്തു.

ക്രിസ്മസ് ഗാനങ്ങൾ ആലപിച്ചുകൊണ്ട് കുട്ടികളും മുതിർന്നവരും ക്രിസ്മസ് പരിപാടിയിൽ സന്തോഷം പങ്കിട്ടു. കുട്ടികളുടെയും യുവാക്കളുടെയും ക്രിസ്മസ് ഡാൻസുകൾ കാണികളുടെ മനം കവർന്നു.

മുതിർന്നവർ അവതരിപ്പിച്ച ഹാസ്യാനുകരണങ്ങളും ഡാൻസും കോറിയോഗ്രാഫിയും ഏറെ വ്യത്യസ്തത പുലർത്തി. ആവേശം മോഡലിൽ സോഷ്യൽ ക്ലബിലെ കുട്ടികൾ അവതരിപ്പിച്ച മോഡേൺ ഡാൻസ് ഏവരുടെയും മനം കവർന്നു.




ഉച്ചഭക്ഷണത്തിനുശേഷം നടന്ന ജനറൽബോഡി മീറ്റിംഗിൽ അടുത്ത രണ്ടു വർഷത്തെ പ്രവർത്തനപരിപാടികൾക്ക് യോഗം അംഗീകാരം നല്കി. വൈകുന്നേരത്തെ ചായ സൽക്കാരത്തോടെ സോഷ്യൽ ക്ലബിന്റെ ഈ വർഷത്തെ ക്രിസ്മസ്-പുതുവത്സരാഘോഷങ്ങൾക്ക് തിരശ്ശീല വീണു. മെൽബൺ സോഷ്യൽ ക്ലബിന്റെ ഈ വർഷത്തെ ക്രിസ്മസ്-പുതുവത്സരാഘോഷങ്ങൾക്ക് കോ-ഓർഡിനേറ്റർമാരായ അലക്സ് വെള്ളാപ്പള്ളി, പ്രാഡോ ജോസ്, സ്നേഹാ ബാബു, സൈനു സിറിൾ, ആൽവിൻ ചാമക്കാല, തെരേസ ഫിലിപ്പ്, ഷാജൻ ഇടയാഞ്ഞിലി എന്നിവർ നേതൃത്വം നല്കി.






CMW Citywide Mortgage of America Corp.
Servicing Illinois, Florida, California, and Indiana
We can provide you a PRE-APPROVAL IN MINUTES
Purchase | Jumbo Loan
Refinance | Cashout
WWW.CITYWIDEMA.COM
EQUAL HOUSING LENDER | Illinois Residential Mortgage Licensee

Joseph Mullappallil
Mortgage Broker/Owner
joemcitywide@gmail.com
773-908-8296

Jeremy Karedan
Mortgage Broker/Owner
jeremy@citywidema.com
773-202-2600

4323 W. Irving Park Unit 1B Chicago, IL 60641 | NMLS: 255253

Mullappallil Law Group



Shijo Mullappallil
Attorney at Law
smullapp23@gmail.com
Cell: 847-650-8241
General Practice including: Real Estate Law, Wills, Trust Estate Planning, and Contracts

# ഫോമാ 2026 കൺവൻഷൻ ജൂലൈ 30 മുതൽ ഓഗസ്റ്റ് 2 വരെ ഹൂസ്റ്റണിൽ

**ഷോളി കുമ്പിളുവേലി**

ഹൂസ്റ്റൺ: അമേരിക്കയിലെ മലയാളികളുടെ ഏറ്റവും വലിയ കേന്ദ്ര സംഘടനയായ ഫോമായുടെ 2026-ലെ ഫാമിലി കൺവൻഷൻ 2026 ജൂലൈ 30, 31, ഓഗസ്റ്റ് 1, 2 (വ്യാഴം, വെള്ളി, ശനി, ഞായർ) തീയതികളിൽ ഹൂസ്റ്റണിലെ വിൻഡം ഹോട്ടലിൽ വെച്ച് അതിവിപുലമായ രീതിയിൽ നടത്തുന്നതാണെന്ന് ഫോമാ പ്രസിഡണ്ട് ബേബി മണക്കുന്നേൽ, ജനറൽ സെക്രട്ടറി ബൈജു വർഗീസ്, ട്രഷറർ സിജിൽ പാലക്കലോടി, വൈസ് പ്രസിഡണ്ട് ഷാലു പുന്നൂസ്, ജോ. സെക്രട്ടറി പോൾ ജോസ്, ജോ. ട്രഷറർ അനുപമ കൃഷ്ണൻ എന്നിവർ അറിയിച്ചു.




ഫോമായുടെ എൺപതിൽപ്പരം അംഗസംഘടനകളിൽ നിന്നുമായി രണ്ടായിരത്തി അഞ്ഞൂറോളം പ്രതിനിധികൾ പങ്കെടുക്കുന്ന വിപുലമായ കൺവൻഷനാണ് പ്രതീക്ഷിക്കുന്നത്. അതിന് അനുയോജ്യമായ ഹോട്ടലാണ് വിൻഡം എന്ന് ഫോമാ പ്രസിഡണ്ട് ബേബി മണക്കുന്നേൽ പറഞ്ഞു.

കൂടാതെ നാട്ടിൽനിന്നും രാഷ്ട്രീയ സാമൂഹിക സാംസ്കാരിക രംഗത്തെ പ്രമുഖരുടെ സാന്നിദ്ധ്യം നാലു ദിവസം നീണ്ടുനിൽക്കുന്ന ഈ കൺവൻഷനിൽ ഉണ്ടായിരിക്കും.

വിപുലമായ കലാപരിപാടികൾ കൺവൻഷന്റെ സായാഹ്നങ്ങളെ ഹരം പിടിപ്പിക്കും. അതുപോലെ ഫോമായുടെ പന്ത്രണ്ട് റീജിയണുകളെയും പങ്കെടുപ്പിച്ചു കൊണ്ടുള്ള കലാമത്സരങ്ങളും ഉണ്ടാകും. ഫോമായുടെ എല്ലാ അംഗസംഘടനകളുടെയും അഭ്യുദയകാംക്ഷികളുടെയും സഹകരണം ഉണ്ടാകണമെന്നും ബേബി മണക്കുന്നേൽ അഭ്യർത്ഥിച്ചു.

ഫോമായുടെ ഒമ്പതാമത് ഇന്റർനാഷണൽ കൺവൻഷനാണ് 2026-ൽ ഹൂസ്റ്റണിൽ വെച്ച് നടക്കുന്നത്. ഫോമാ വിമൻസ് ഫോറം, യൂത്ത് വിങ് എന്നിവയുടെ സഹകരണത്തോടെ ഫാമിലിക്കും പ്രത്യേകിച്ച് കുട്ടികൾക്ക് ഹൃദ്യമാകുന്ന പല പരിപാടികളും പ്ലാൻ ചെയ്യുന്നുണ്ടെന്ന് ജനറൽ സെക്രട്ടറി ബൈജു വർഗീസ് പറഞ്ഞു.

2024 വർഷത്തെ കൺവൻഷനേക്കാൾ ചെലവ് പ്രതീക്ഷിക്കുന്നതായും അതിനനുസരിച്ചുള്ള ബജറ്റ് ഉണ്ടാക്കുമെന്ന് ട്രഷറർ സിജിൽ പാലക്കലോടി അറിയിച്ചു. എല്ലാവരുടെയും സഹകരണത്തോടെ മികച്ച സ്പോൺസേഴ്സിനെ കണ്ടെത്തുമെന്നും അദ്ദേഹം പറഞ്ഞു.

ഫോമായുടെ ചരിത്രത്തിലെ തന്നെ ഏറ്റവും വലിയ ഫാമിലി കൺവൻഷനാണ് ലക്ഷ്യമിടുന്നതെന്ന് വൈസ് പ്രസിഡണ്ട് ഷാലു പുന്നൂസ്, ജോ. സെക്രട്ടറി പോൾ ജോസ്, ജോ. ട്രഷറർ അനുപമ കൃഷ്ണൻ എന്നിവർ പറഞ്ഞു. അതിനായി എല്ലാവരുടെയും സഹകരണം ഉണ്ടാകണമെന്നും അവർ അഭ്യർത്ഥിച്ചു.

# അന്നമ്മ ചാക്കോ മണക്കാട്ട് പുത്തൻപുരയിൽ അന്തരിച്ചു



കല്ലറ: പരേതനായ മണക്കാട്ട് ചാക്കോച്ചന്റെ ഭാര്യ അന്നമ്മ (93) അന്തരിച്ചു. പരേത കൈപ്പുഴ നരിച്ചിറയിൽ കുടുംബാംഗമാണ്. മകൾ: പരേതയായ ആൻസി വാഴക്കടവിൽ. മരുമകൻ: ജെയിംസ് വാഴക്കടവിൽ (കുമരകം). കൊച്ചുമക്കൾ: ശാലിനി സിജോ വലിയപറമ്പിൽ (ന്യൂസിലൻഡ്), ശാരി റ്റോജൻ ഇലവുങ്കൽ (ഉഴവൂർ), സജിത് സൈമൺ വാഴക്കടവിൽ (കാനഡ).

സഹോദരങ്ങൾ: പരേതരായ തോമസ് നരിച്ചിറയിൽ, ജോസഫ് നരിച്ചിറയിൽ, അച്ചുക്കുട്ടി ഓണശ്ശേരിൽ. സംസ്കാരം ഡിസംബർ 28-ന് ശനിയാഴ്ച മൂന്നിന് കല്ലറ പുത്തൻപള്ളിയിൽ.

# അറ്റ്ലാന്റാ കെസിഎജിക്ക് നവ നേതൃത്വം; ജോണി ഇല്ലിക്കാട്ടിൽ പ്രസിഡണ്ട്

**സിബി മുളയാനികുന്നേൽ**

അറ്റ്ലാന്റാ : ക്നാനായ കാത്തലിക് അസോസിയേഷൻ ഓഫ് ജോർജിയയുടെ 2025-2027 പ്രവർത്തന വർഷത്തിലേക്കുള്ള ഭരണസമിതിയെ തെരഞ്ഞെടുത്തു. 2024 താങ്ക്സ് ഗിവിങ് ആഘോഷത്തിന്റെ ഭാഗമായി നടന്ന സമ്മേളനത്തിൽ പുതിയ ഭരണസമിതി സത്യപ്രതിജ്ഞ ചെയ്തു.




പ്രസിഡണ്ട് : ജോണി ഇല്ലിക്കാട്ടിൽ
വൈസ് പ്രസിഡണ്ട് : ഡാർളി ഉപ്പൂട്ടിൽ
സെക്രട്ടറി : സിബി മുളയാനികുന്നേൽ
ജോയിന്റ് സെക്രട്ടറി : നിഷ പുലിക്കൂട്ടിൽ
ട്രഷറർ : റെജി കളത്തിൽ

നാഷണൽ കൗൺസിൽ അംഗങ്ങൾ : ഷാജുമോൻ തെക്കേൽ, ജെയിംസ് കല്ലറക്കാണിയിൽ, ജെസ്നി കൊട്ടിയാനിക്കൽ, ബിജു അത്തിമറ്റത്തിൽ, കൂടാതെ കമ്മിറ്റി മെംബേഴ്സ് ആയി ആന്റണി പൂവത്തുംമൂട്ടിൽ, സാബു വെങ്ങാലിൽ, പൗലോസ് പോട്ടൂർ, ഡൊമിനിക് ചാക്കോനാൽ (എക്സ്-ഓഫീഷ്യോ) എന്നിവരും സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു.

കെസിഎജിയുടെ ഒരുമയ്ക്കും ഉന്നമനത്തിനുമായി ഒരുമിച്ചു പ്രവർത്തിക്കുമെന്നും ക്നാനായ സമുദായത്തിന്റെ അടിസ്ഥാന തത്വങ്ങളിൽ ഉറച്ചുനിന്നുകൊണ്ട്, വിട്ടുവീഴ്ച ഇല്ലാത്ത നിലപാടുമായി മുന്നോട്ടു നീങ്ങുമെന്നും പുതിയ ഭരണസമിതി പ്രഖ്യാപിച്ചു.

# ബെൻസൻവിൽ ക്നാനായ ഇടവകയിൽ മെറി ഫ്രണ്ട്സ് സംഘടിപ്പിച്ചു

**ലിൻസ് താന്നിച്ചുവട്ടിൽ**

ചിക്കാഗോ: ബെൻസൻവിൽ തിരുഹൃദയ ക്നാനായ കത്തോലിക്കാ ഇടവക ഹാളിൽ യുവജനങ്ങൾക്കായി ക്രിസ്മസ് കൂട്ടായ്മ സംഘടിപ്പിച്ചു. യൂത്ത് മിനിസ്ട്രിയുടെ നേതൃത്വത്തിൽ ചിക്കാഗോ സെ. മേരീസ് സേക്രഡ് ഹാർട്ട് ഇടവകകളിലെ 18-നും 40-നും മദ്ധ്യേ പ്രായമായ യുവജനങ്ങളെയും യംഗ് കപ്പിൾസിനെയും ഉദ്ദേശിച്ചാണ് മെറി ഫ്രണ്ട്സ് കൂട്ടായ്മ സംഘടിപ്പിച്ചത്. ഡിസംബർ 21-ന് ശനിയാഴ്ച ഉച്ചയ്ക്ക് 12 മുതൽ 3 മണി വരെ വിപുലമായ പരിപാടികൾ വിവിധ കമ്മിറ്റികളുടെ നേതൃത്വത്തിൽ ഒരുക്കിയിരുന്നു. ജെൻസൺ ഐക്കരപറമ്പിൽ, മെലിന്റ നെല്ലിക്കാട്ടിൽ, ഷെറിൽ താന്നിക്കുഴിപ്പിൽ എന്നിവർ സംഗമം കോ-ഓർഡിനേറ്റ് ചെയ്തു. പങ്കെടുത്തവർക്കായി പ്രത്യേക മത്സരങ്ങളും ചർച്ചകളും സ്നേഹവിരുന്നും ക്രമീകരിച്ചിരുന്നു.










# ജോയി ഇട്ടൻ: സ്നേഹം ചേർത്ത് ജീവിതം എഴുതുന്ന മനുഷ്യൻ

## "അപരജീവിതത്തിൽ അനുദിനം സഹായം ചൊരിയുകിൽ, ധന്യമാകുമീ യാത്ര"

മറ്റുള്ളവരെ സഹായിക്കാനുള്ള മനസ്സുണ്ടാവുക എന്നത് ഒരു മനുഷ്യനെ സംബന്ധിച്ചിടത്തോളം വലിയ കാര്യമാണ്. ഒന്നുകിൽ ഒരുനേരത്തെ അന്നം, അതുമല്ലെങ്കിൽ വസ്ത്രം, വെള്ളം, താമസം തുടങ്ങി നമ്മൾ കൊടുത്തുകൊണ്ടേയിരിക്കണം. എത്ര നമ്മൾ പകുത്തു നൽകുന്നു അത്രത്തോളം നമ്മളിൽ എല്ലാം നിറഞ്ഞു നിൽക്കും. ഈ കൊടുക്കൽ വാങ്ങൽ തന്നെയാണ് മനുഷ്യനെ മറ്റുള്ള ജീവികളിൽ നിന്ന് വ്യത്യസ്തനാക്കുന്നതും അതുപോലെ തന്നെ അപചയം സംഭവിക്കാതെ നിലനിർത്തുന്നതും.

### മനുഷ്യത്വം ജനിക്കുമ്പോൾ

ജീവകാരുണ്യ പ്രവർത്തനങ്ങളിലൂടെയും സംഘടനാപ്രവർത്തനങ്ങളിലൂടെയും അമേരിക്കയിലും കേരളത്തിലും ഒരു വലിയ മാതൃകയായി മാറിയ വ്യക്തിയാണ് ജോയി ഇട്ടൻ. സംഘടനാപ്രവർത്തനം കൊണ്ടും, നേതൃത്വം കൊണ്ടും പലരെയും അദ്ദേഹം അത്ഭുതപ്പെടുത്തിയിട്ടുണ്ട്. ഇന്ത്യ പ്രസ്സ് ക്ലബ്ബ് ഓഫ് നോർത്ത് അമേരിക്കയുടെ മികച്ച സാമൂഹ്യ പ്രവർത്തകനുള്ള ആദ്യ പുരസ്കാരം, തിരുവനന്തപുരം കരുണാഹസ്തം ചാരിറ്റബിൾ സൊസൈറ്റിയുടെ അവാർഡ്, ന്യൂയോർക്ക് കേരളാ സെന്ററിന്റെ പുരസ്കാരമടക്കം നിരവധി അംഗീകാരങ്ങൾ നേടിയതോടെ അദ്ദേഹം അമേരിക്കൻ മലയാളികളുടെ അഭിമാനമായി മാറുകയായിരുന്നു. മൂവാറ്റുപുഴ ഊരമന ഗവ. ഹൈസ്കൂൾ ലീഡർ ആയി തുടങ്ങിയ സാമൂഹ്യ പ്രവർത്തനം, കേരളാ യൂണിവേഴ്സിറ്റി യൂണിയൻ കൗൺസിൽ മെമ്പർ, കെ.എസ്.യു. - ജനറൽ സെക്രട്ടറി, കെ.പി.സി.സി. മെമ്പർ, യൂത്ത് കോൺഗ്രസ് എറണാകുളം ജനറൽ സെക്രട്ടറി, എറണാകളും ജില്ല ട്രേഡ് യൂണിയൻ - പ്രസിഡന്റ്, ടിംബർ വർക്കേഴ്സ് യൂണിയൻ, ഓട്ടോറിക്ഷാ ഡ്രൈവേഴ്സ് യൂണിയൻ, ബിൽഡിംഗ് വർക്കേഴ്സ് യൂണിയൻ ഭാരവാഹിത്വങ്ങളിലേക്ക് വ്യാപിക്കുകയും തുടർന്ന് ഒരു നാടിന്റെ തന്നെ ഹൃദയമായി അദ്ദേഹം മാറുകയും ചെയ്തു. ഒരു മനുഷ്യനെ മഹാനാക്കുന്നത് അദ്ദേഹത്തിന്റെ ചുറ്റുപാടാണ്, കുടുംബമാണ്, സാമൂഹ്യ സാഹചര്യമാണ്. പിതാവിൽനിന്നും മുൻ തലമുറകളിൽ നിന്നും പകർന്നുകിട്ടിയ നന്മയാണ് ജോയി ഇട്ടൻ സമൂഹത്തിലേക്ക് പകർന്നുനൽകുന്നത്. മൂവാറ്റുപുഴ ഊരമന പാടിയേടത്തു കുടുംബാംഗമാണ് അദ്ദേഹം. നന്മയുടെ ഉറവ വറ്റാത്ത ഒരു കുടുംബത്തിൽനിന്നും അമേരിക്കയുടെ സാംസ്കാരിക ഭൂമികയിലേക്ക് പറിച്ചുനടപ്പെട്ട ഒരു ജീവിതം. അവിടെ നിന്നും ലഭിച്ച വിജയ സാധ്യതകൾ മാതൃരാജ്യത്തിന്റെയും ജന്മനാടിന്റെയും നന്മയ്ക്കായി മാറ്റിവെച്ച ഒരു നല്ല മനുഷ്യൻ. അതാണ് മാസ്റ്റേഴ്സ് ബിരുദധാരികൂടിയായ ജോയി ഇട്ടൻ.

### അമേരിക്കൻ അനുഭവങ്ങൾ മാറ്റിമറിച്ച ജീവിതം

മൂവാറ്റുപുഴയുടെ രാഷ്ട്രീയ ഭൂമികയിൽ ഒരു കാലത്ത് സജീവമായിരുന്ന ഒരാൾ. ട്രേഡ് യൂണിയൻ രംഗത്ത് പ്രവർത്തിക്കുകയും കേരളരാഷ്ട്രീയ രംഗത്ത് മൂവാറ്റുപുഴയുടെ നിറസാന്നിധ്യമായി മാറുകയും ചെയ്ത സമയത്താണ് ജോയി ഇട്ടൻ അമേരിക്കയിലേക്ക് എത്തുന്നത്.

അമേരിക്കയിൽ എത്തിയ ശേഷവും സാമൂഹ്യ സാംസ്കാരിക രംഗങ്ങളിൽ തുടക്കം മുതൽ സജീവമായി. ന്യൂയോർക്ക് വെസ്റ്റ്ചെസ്റ്റർ മലയാളി അസോസിയേഷനിൽ തുടങ്ങിയ പ്രവർത്തനം അമേരിക്കയിലെ മലയാളികളുടെ സംഘടനകളുടെ സംഘടനയായ ഫൊക്കാനയിലേക്കും തുടർന്ന് ഫൊക്കാനയുടെ നാഷണൽ ട്രഷറർ, എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് തുടങ്ങി നിരവധി പദവികളിൽ പ്രവർത്തിക്കുകയും ചെയ്തു. ഫൊക്കാന അദ്ദേഹത്തിന്റെ പ്രവർത്തന മഹത്വം മനസിലാക്കുകയും അദ്ദേഹത്തെ ഫൊക്കാനയുടെ ജീവകാരുണ്യ പ്രവർത്തനങ്ങളുടെ നേതൃത്വത്തിലേക്ക് നയിക്കുകയും ചെയ്തു. വെസ്റ്റ് ചെസ്റ്റർ മലയാളി അസോസിയേഷൻ രണ്ടുതവണ പ്രസിഡന്റ്, മൂന്നു തവണ മലങ്കര യാക്കോബായ അമേരിക്കൻ ഭദ്രാസന കൗൺസിൽ മെമ്പർ, മലയാളി ചേംബർ ഓഫ് കൊമേഴ്സ് നോർത്ത് അമേരിക്ക ജനറൽ സെക്രട്ടറി, ഇൻഡ്യൻ ഓവർസീസ് കോൺഗ്രസ് ന്യൂയോർക്ക് സ്റ്റേറ്റ് പ്രസിഡന്റ്, കോലഞ്ചേരി മെഡിക്കൽ കോളജ് മാനേജിംഗ് കമ്മിറ്റി അംഗം, കൂത്താട്ടുകുളം ബസ്സേലിയോസ് എൻജിനീയറിങ് കോളജ് ഡയറക്ടർ ബോർഡ് അംഗം, മലങ്കര യാക്കോബായ സെന്റർ വൈറ്റ് പ്ലെയിൻസ് ജനറൽ സെക്രട്ടറി, ഇപ്പോൾ ട്രസ്റ്റി ആയും വിജയക്കൊടി പാറിച്ച മുന്നേറ്റം അദ്ദേഹത്തിന്റെ സാമൂഹ്യ പ്രവർത്തനങ്ങൾക്ക് വലിയ വിജയമാണ് സമ്മാനിച്ചത്.











# വഴിത്താരകൾ

തയ്യാറാക്കിയത്: **അനിൽ പെണ്ണുക്കര**

ഒരുപക്ഷെ ഇത്രത്തോളം സ്ഥാനങ്ങൾ അമേരിക്കയിലും കേരളത്തിലും അലങ്കരിച്ച ഒരു പൊതുപ്രവർത്തകൻ ഉണ്ടോ എന്ന് തന്നെ സംശയമാണ്. മനുഷ്യരോടുള്ള ഇടപെടലും, കൃത്യമായ നേതൃപാടവവുമാണ് ജോയി ഇട്ടനെ ഈ നിലയിലേക്ക് നയിച്ചത്. കൂടാതെ സാംസ്കാരിക പ്രവർത്തങ്ങളുടെ ഭാഗമായി ചാരിറ്റി പ്രവർത്തനങ്ങൾക്ക് അദ്ദേഹം നൽകുന്ന പ്രാധാന്യം പ്രത്യേകം എടുത്തുപറയേണ്ടതാണ്.

## ജീവനിൽ അലിഞ്ഞു ചേർന്ന ജീവകാരുണ്യം

ഫൊക്കാനയുടെ ജീവകാരുണ്യ പ്രവർത്തനങ്ങളുടെ നേതൃത്വ രംഗത്ത് ജോയി ഇട്ടൻ വന്നതോടെ ആ പദ്ധതികളുടെ നടത്തിപ്പിന് ഒരു രൂപവും ഭാവവും വന്നു എന്നുതന്നെ പറയാം. ഫൊക്കാന 'സ്നേഹ വീട്' എന്ന പദ്ധതിയിലൂടെ നിരവധി മനുഷ്യരുടെ ഭവനം എന്ന സ്വപ്നം നിറവേറ്റാൻ അദ്ദേഹത്തിന്റെ നേതൃത്വത്തിന് കഴിഞ്ഞു. ഒൻപത് വീടുകൾ സ്വന്തമായും, പത്താമത്തെ വീടിന്റെ നിർമ്മാണം ഇപ്പോൾ നടന്നു കൊണ്ടിരിക്കുകയും ചെയ്യുന്നു. എല്ലാവിധ സൗകര്യങ്ങളോടും കൂടിയ വീടാണ് എല്ലാവർക്കും വേണ്ടത് എന്നാണ് ജോയി ഇട്ടന്റെ സങ്കല്പം. അതിന് അനുസരിച്ചു തന്നെയാണ് എല്ലാ വീടുകളുടെ പണിയും പൂർത്തിയാക്കിയത്. അഞ്ച് നിർധനരായ യുവതികളുടെ വിവാഹം എല്ലാ ചിലവുകളും നൽകി നടത്തി കൊടുത്തതും കർമ്മനിരതനായ അദ്ദേഹത്തിന്റെ സ്നേഹത്തിന്റെ ചില കണങ്ങളിൽ ഒന്ന് മാത്രമാണ്. ഉപരി പഠനത്തിന് നാല് കുട്ടികൾക്ക് പൂർണ്ണമായും ചെലവ് വഹിച്ചു. അവർക്കു ജോലിയിലും പ്രവേശിക്കുവാൻ അവസരം നൽകിയതും, മൂന്നു കുട്ടികളെ ഇപ്പോഴും പഠിപ്പിച്ചു കൊണ്ടിരിക്കുന്നതും അതേ സ്നേഹത്തിന്റെ ബാക്കിപത്രങ്ങളാണ്.

ഒരിക്കൽ ഒരു ട്രെയിൻ യാത്രയിൽ വെച്ച് അന്നത്തെ മുഖ്യമന്ത്രിയായിരുന്ന ഉമ്മൻ ചാണ്ടിയോട് വിധവയായ ഒരു സ്ത്രീ വീട് വേണമെന്ന ആവശ്യം പറഞ്ഞപ്പോൾ അദ്ദേഹം ഉടൻ തന്നെ ജോയി ഇട്ടനെ വിളിച്ച് അവർക്ക് വീട് നിർമ്മിച്ചു നൽകാൻ ആവശ്യപ്പെട്ട ഒരു സംഭവമുണ്ട്. പിറവത്ത് ഇടക്കാട്ടുവയൽ പഞ്ചായത്തിലെ ആ വിധവക്കും, അവരുടെ പെൺമക്കൾക്കും എല്ലാ സൗകര്യങ്ങളോടു കൂടിയ വീട് നിർമ്മിച്ചു നൽകിയത് വലിയ രീതിയിൽ വാർത്താ പ്രാധാന്യം നേടിയിരുന്നു.

ഇത് കൂടാതെ വിദ്യാഭ്യാസമാണ് ഒരു വ്യക്തിയുടെ വളർച്ചയുടെ നാഴികക്കല്ല് എന്ന് വിശ്വസിക്കുന്ന ജോയി ഇട്ടൻ തന്നെ തേടി വരുന്ന ഒരു വിദ്യാർത്ഥിയേയും നിരാശരാക്കാറില്ല എന്നത് യഥാർഥ്യമാണ്. നേഴ്സിംഗ് തുടങ്ങി നിരവധി നിർദ്ധനരായ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസം നൽകുന്ന ജോയി ഇട്ടൻ കഴിഞ്ഞ പത്ത് വർഷമായി ഇത് തുടരുന്നുണ്ട്.

ചെറുതും വലുതുമായ സഹായങ്ങൾ വേറെയും നൽകുന്ന അദ്ദേഹത്തിന്റെ പോളിസി മനുഷ്യൻ വിശന്നിരിക്കരുതെന്നും തലചായ്ക്കാൻ ഒരു കൂര ഇല്ലാതിരിക്കരുതെന്നും എന്ന വിശാലമായ ചിന്താഗതിയാണ്. തന്റെ നേരെ കൈ നീട്ടുന്ന ഏതൊരാൾക്കും ജോയി ഇട്ടൻ അവരുടെ ആവശ്യമനുസരിച്ച് ഒരു സഹായി മാത്രമല്ല. നല്ലൊരു സുഹൃത്തുംകൂടിയാണ്.

## ലോക കേരളസഭയും അനുബന്ധ പ്രവർത്തനങ്ങളും

കേരളത്തിന്റെ വികസനത്തിൽ പ്രവാസികളെ പങ്കാളികളാക്കുന്ന ലോക കേരളസഭയുടെ മെമ്പറായി പ്രവർത്തിക്കുന്ന ജോയി ഇട്ടൻ ലോക കേരളസഭയുടെ സമ്മേളനങ്ങളിലെ നിത്യ സാന്നിദ്ധ്യമായിരുന്നു. അമേരിക്കൻ മലയാളികൾക്ക് മാത്രമല്ല ലോക മലയാളികളുടെ പ്രശ്നങ്ങൾ പഠിച്ച് വിഷയത്തെ അവതരിപ്പിച്ച് സർക്കാർ ശ്രദ്ധയിൽ കൊണ്ടുവരാൻ അദ്ദേഹത്തിന് കഴിഞ്ഞു. അമേരിക്കയിൽ മുഖ്യമന്ത്രി പിണറായി വിജയന്റെ നേതൃത്വത്തിൽ നടന്ന ലോക കേരള സഭയുടെ അമേരിക്കൻ മേഖലാ സമ്മേളനത്തിൽ സർക്കാരിന്റെ മുൻപിൽ വെച്ച പ്രവാസി ട്രൈബ്യൂണൽ ഉൾപ്പെടെ ഉള്ള നിരവധി പ്രോജക്ടുകൾ സർക്കാർ പരിഗണനയ്ക്കു എടുത്തത് തന്നെ ജോയി ഇട്ടന്റെ പ്രവർത്തനങ്ങൾക്ക് കിട്ടിയ അംഗീകാരം കൂടിയാണ്. ലോക കേരളസഭ അമേരിക്കൻ മേഖലാ സമ്മേളനത്തിന്റെ വിജയത്തിന് നേതൃത്വം നൽകിയ പ്രധാനപ്പെട്ടവരിൽ ഒരാളായിരുന്നു ജോയി ഇട്ടൻ. കോൺഗ്രസ് പ്രവർത്തകൻ ആയിരുന്നിട്ടും അമേരിക്കൻ മലയാളികളുടെ ഉന്നമനത്തിനായി സംഘടിപ്പിക്കപ്പെട്ട പരിപാടി എന്ന നിലയിൽ അതിൽ അദ്ദേഹം സജീവമായി പ്രവർത്തിച്ചത് അദ്ദേഹത്തിന്റെ നന്മയായി കരുതാം.

## വരുംകാല മുന്നേറ്റങ്ങൾ

2024 – 2026 സജിമോൻ ആന്റണി നേതൃത്വം നൽകുന്ന ഫൊക്കാനയുടെ കേരളാ കൺവൻഷൻ ചെയർമാനാണ് ജോയി ഇട്ടൻ. കേരളത്തിൽ ഫൊക്കാനയുടെ കൺവൻഷന് നേതൃത്വം കൊടുക്കുവാൻ ജോയി ഇട്ടനെ പോലെ ഒരാൾക്ക് നിഷ്പ്രയാസം സാധിക്കും എന്നത് തന്നെയാണ് അദ്ദേഹത്തിന് ഈ സ്ഥാനം നൽകാൻ കാരണം.



അത്രത്തോളം സംഘാടന പാടവം അദ്ദേഹത്തിന് കേരളത്തിലും അമേരിക്കയിലും ഉണ്ട്. ഫൊക്കാനയുടെ ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ വ്യക്തി എന്ന നിലയിലെ കഴിവുകൾ 2025-ൽ നടക്കാൻ പോകുന്ന കേരളാ കൺവൻഷന് മുതൽക്കൂട്ടാവും എന്ന് തന്നെയാണ് അമേരിക്കൻ മലയാളികൾ വിശ്വസിക്കുന്നത്.

ഒരു മനുഷ്യന്റെ എല്ലാ ഉയർച്ചയ്ക്കും പിറകിൽ അദ്ദേഹത്തിന്റെ കുടുംബവുമുണ്ടാകും. പരേതരായ മാതാപിതാക്കൾ ഇട്ടൻ പിള്ള, ഏലിയാമ്മ ഇട്ടൻ എന്നിവരുടെ കരുതലിൽ വളർന്ന ജോയി ഇട്ടന് ഭാര്യ ജെസി ഇട്ടൻ, മക്കൾ ആൻ മേരി ഇട്ടൻ (അറ്റോർണി), മരുമകൻ: കെവിൻ സണ്ണി, എലിസബത്ത് ഇട്ടൻ (അധ്യാപിക), ജോർജ് ഇമ്മാനുവേൽ ഇട്ടൻ (മെഡിക്കൽ വിദ്യാർത്ഥി), കൊച്ചുമക്കൾ ജൂലിയ, ജോഷ്വാ എന്നിവരും സഹോദരങ്ങളായ ഷെവലിയാർ ജോർജ് ഇട്ടൻ, ജെയിംസ് ഇട്ടൻ, മേരി ഈപ്പൻ, ഡെയ്സി പോൾ (എല്ലാവരും അമേരിക്കയിൽ) അദ്ദേഹത്തിന്റെ എല്ലാ പ്രവർത്തനങ്ങൾക്കും പൂർണ്ണ പിന്തുണ നൽകി ഒപ്പമുണ്ട്.

മനുഷ്യനെ മാനുഷികത കൊണ്ടാണ് നിർമ്മിക്കപ്പെട്ടിട്ടുള്ളത്. മറ്റുള്ള ജീവികളിൽ നിന്നും അവനെ വ്യത്യസ്തനാക്കുന്നതും അതുതന്നെയാണ് എന്ന് ജോയി ഇട്ടന്റെ ജീവിത വഴികൾ നമ്മെ പഠിപ്പിക്കുന്നു.

അതെ, ജോയി ഇട്ടൻ ഒരു മാതൃകയാണ്. എന്താണ് സംഘടനാ പ്രവർത്തനമെന്നും അതെങ്ങനെയാണ് സമൂഹത്തിനു വഴികാട്ടിയാണെന്ന് വരും കാലത്തിനും ഓർമ്മപ്പെടുത്തുന്ന മാതൃക. അദ്ദേഹം തന്റെ യാത്ര തുടരട്ടെ... ആശംസകൾ...














© Kerala Express

നർമ്മം മർമ്മം



രാജീവ് പണിക്കർ




# മാപ്പ് മാപ്പേയ്

വാരാന്ത്യം

**വീ**ട്ടിൽ നിന്ന് ഇറങ്ങി പാപ്പൻപടി എന്ന ആദ്യ ജംക്ഷൻ എത്തുമ്പോൾ തന്നെ ഗൂഗിൾ മാപ്പ് പറഞ്ഞു.

'വലത്തോട്ട് തിരിക്ക്, വലത്തോട്ട് തിരിക്ക്'

ഞാൻ ചോദിച്ചു. 'എന്തിന്?'

'ഐമുറി ജങ്ക്ഷൻ വഴി വല്ലത്ത് പോയി കാലടി വഴി...'

'ഓക്കേ ഓക്കേ'

എല്ലാം സമ്മതിച്ചു കൊടുത്തെങ്കിലും ഞാൻ വലത്തോട്ട് പോയില്ല. ചെറായി ബീച്ചിലേക്ക് അത്യാവശ്യമായി യാത്ര പോകാൻ നേരം കാറിൽ ഗൂഗിൾ മാപ്പ് കണക്ട് ചെയ്തതാണ്. വഴി അറിയാൻ വേണ്ടിയല്ല. ഏകദേശം എത്ര സമയം എടുക്കും, ഉദ്ദേശം എത്ര കിലോമീറ്റർ കാണും എന്നൊക്കെ അറിയുക എന്നതാണ് പ്ലാൻ.

പറഞ്ഞ വഴി പോയില്ല എന്ന് മനസ്സിലായപ്പോ മാപ് പറഞ്ഞു.

'യു ടേൺ എടുക്ക്'

ഞാൻ മൈൻഡ് ആക്കിയില്ല. നേരെ തന്നെ പോയി.

പൂപ്പാനി എത്തിയപ്പോ മാപ്പ് പിന്നേം പറഞ്ഞു.

'ഇനി വലത്തോട്ട് പോട്ടെ... കാഞ്ഞിരക്കാട് വഴി വല്ലത്ത് എത്തി കാലടി വഴി..'

ഞാൻ പിന്നേം മൈൻഡ് ആക്കിയില്ല.

അമ്പലനട എത്തിയപ്പോൾ മാപ്പ് പറഞ്ഞു.

'ലെഫ്റ്റ്'

ഞാൻ വലത്തോട്ട് വളച്ചു. കാര്യം വൺവേ ആണെങ്കിലും വലത്തോട്ട് പോകുന്നതാ എളുപ്പം.

കാലടിക്കവല എത്തിയപ്പോൾ മാപ്പ് പിന്നേം പറഞ്ഞു.

'വലത്തോട്ട് പോ... വലത്തോട്ട് പോ... നേരെ വല്ലം വഴി കാലടിക്ക്'

ഞാൻ ഓർത്തു. എന്തൊരു ശുഷ്കാന്തി! സാധാരണ ദിവസം തന്നെ മുട്ടൻ ബ്ലോക്ക് ഉള്ള കാലടി പാലത്തിലൂടെ, പാലത്തിന്റെ പണി നടക്കുന്ന ദിവസം തന്നെ നോക്കി, എന്നെ പറഞ്ഞു വിട്ട്, കുടുക്കാഞ്ഞിട്ട് എന്തൊരു വിഷമം... ഞാൻ തിരിഞ്ഞു പോലും നോക്കാതെ നേരെ എടുത്തു. മുനിസിപ്പാലിറ്റിയുടെ മുന്നിൽ എത്തിയപ്പോൾ മാപ്പ് പിന്നേം പറഞ്ഞു.

'നേരെ വിട്ടോ.. കുഴിപ്പിള്ളിക്കാവ് റോഡ് വഴി തങ്കമാളികേടെ അവിടെ ചെന്നിട്ട്, എംസി റോഡിലെത്തി വല്ലം വഴി കാലടി..'

ഞാനൊന്നും മിണ്ടാൻ പോയില്ല. മൈൻഡ് ആക്കിയില്ല.

ഗാന്ധി പ്രതിമ ചുറ്റി ആലുവ സൈഡിലേക്ക് ഞാൻ വളച്ചപ്പോ പിന്നേം മാപ്പ്...

'മൂന്നാമത്തെ എക്സിറ്റ് എടുത്ത് ലെഫ്റ്റ്. കുഴിപ്പിള്ളിക്കാവ് റോഡ് വഴി തങ്കമാളികേടെ അവിടെ ചെന്നിട്ട്, എംസി റോഡിലെത്തി വല്ലം വഴി കാലടി..'

ഒരു പുച്ഛത്തോടെ ഞാൻ വീണ്ടും നേരെ ഓടിച്ചു. സർക്കാർ ഗേൾസ് സ്കൂൾ എത്തിയപ്പോ പിന്നേം...

'വലത്തോട്ട് വളച്ച് കുഴിപ്പിള്ളിക്കാവ് റോഡ് വഴി തങ്കമാളികേടെ അവിടെ ചെന്നിട്ട്, എംസി റോഡിലെത്തി വല്ലം വഴി കാലടി..'

ഞാൻ ചോദിച്ചു.

'ഇതിലെ പോയാലെന്താ?'

അപ്പോഴേക്കും വണ്ടി റിലയൻസ് മാൾ കഴിഞ്ഞിരുന്നു. മാപ്പ് എന്റെ ചോദ്യത്തിന് മറുപടി പറയാതെ വീണ്ടും പറഞ്ഞു.

'വലത്തോട്ട് വളച്ച് കുഴിപ്പിള്ളിക്കാവ് റോഡ് വഴി തങ്കമാളികേടെ അവിടെ ചെന്നിട്ട്, എംസി റോഡിലെത്തി വല്ലം വഴി കാലടി..'

ഞാൻ പറഞ്ഞു.

'ആലുവ വഴി പോയാ പോരെ?'

അപ്പോഴേക്കും വണ്ടി റോയലിന്റെ അടുത്തെത്തി. മാപ്പ് പറഞ്ഞു.

'ഇതാ എളുപ്പം. ഇവിടന്ന് ഇനിയെങ്കിലും വലത്തോട്ട് തിരിഞ്ഞ് തങ്കമാളികയുടെ അടുത്ത് കയറി എംസി റോഡ് വഴി കാലടി'

ഞാൻ ആകെ അസ്വസ്ഥനായി പറഞ്ഞു.

'ഇതന്നെയാ എളുപ്പം'

മുന്നോട്ട് പോകുന്ന വണ്ടി കണ്ട് മാപ്പ് ഇറിറ്റേറ്റഡ് ആയി.

'ഇതെങ്ങോട്ടാ ഈ പോകുന്നത്? അടുത്ത യു ടേൺ എടുക്ക്. എന്നിട്ട് ലെഫ്റ്റ് പോയി തങ്കമാളികയുടെ അടുത്ത് കയറി എംസി റോഡ് വഴി കാലടി. ഇത്ര വിവരല്ലാത്ത ആൾക്ക് എങ്ങനെയാ വഴി കാണിച്ച് കൊടുക്കുന്നത്'

ഞാൻ വണ്ടി സ്ലോ ആക്കി. പിന്നെ പറഞ്ഞു.

'പത്ത് നാൽപ്പത് കൊല്ലമായി ഞാൻ ഇതീക്കൂടെ യാത്ര ചെയ്യുന്നു. ആ എന്നെ ഇന്നലെ വന്ന നീ വഴി പഠിപ്പിക്കാൻ നിക്കണ്ട.'

പിന്നെ വണ്ടി നേരെത്തന്നെ ഓടിച്ചു. പാലക്കാട്ടു താഴത്ത് നിന്നും വലത്തോട്ട് കെഎസ്ആർടിസി റോഡിലൂടെ ആലുവയ്ക്ക് തിരിഞ്ഞു.

മാപ്പ് പറഞ്ഞു..

'എന്നാ നിങ്ങള് നിങ്ങക്ക് തോന്നുന്ന പോലെ...'

'നിങ്ങളോ?'

'അല്ല, സാറ് സാറിനു തോന്നുന്ന പോലെ ഓടിച്ചോ'

'ഞാനോടിക്കും... ഞാനേ പെരുമ്പാവൂർ തന്നെ ജനിച്ചു വളർന്ന ആളാ... ഈ പറവൂര് വഴി ചെറായി വരെ ഒന്ന് പോകാൻ എനിക്കാരുടെയും സഹായം വേണ്ട.'

'ഓടിച്ചോ... അതിന് ആരെതിര്ന്ന്?'

തുരുത്തിലേക്കുള്ള പുതിയ പാലം കടന്ന് നാട്ടുവഴിയിലൂടെ കുടുങ്ങി, റെയിൽവേ ക്രോസിലെ ബ്ലോക്കും കഴിഞ്ഞ് പറഞ്ഞ സമയത്തിലും അര മുക്കാൽ മണിക്കൂർ വൈകി ചെറായിയിൽ എത്തിയ എന്നോട് അവിടത്തെ റിസോർട്ടിലെ ആൾ ചോദിച്ചു...

'ഇച്ചിരി വൈകി... ല്ലേ.. മാപ്പിട്ട് പോരാരുന്നില്ലേ?'

കാർ ഓഫ് ആക്കും മുൻപേ സ്ക്രീനിൽ മാപ്പിന്റെ എന്തോ ഒരു ശബ്ദം കേട്ടു. അത് ഏതാണ്ട് ഇങ്ങനെ തോന്നി...

'ഞാനീ പെരുമ്പാവൂർ ഒന്നും ജനിച്ച് വളർന്ന ആളല്ലല്ലോ... അങ്ങനെ സംഭവിച്ചതാ...'

പണിക്കത്തി അഥവാ പണിക്കരുടെ കത്തി!



# ഡിസംബർ

കവിത



സന്ധ്യ ജിതേഷ്

**ഹാ!** ഡിസംബർ
നീയെത്ര നിശബ്ദമായിരിക്കുന്നു.
ജാലകത്തിലൂടെ അരിച്ചിറങ്ങിയ
തണുത്ത കാറ്റ് എന്റെ സിരകളെ
പതിയെ തഴുകുന്നു
മുടിയിഴകളെ ഉമ്മ വെക്കുന്നു..
തണുപ്പോ, മതിപ്പോ, വിഷാദമോ, വിരഹമോ
നീ കുടഞ്ഞിട്ട ഈറൻ മഞ്ഞുതുള്ളിയിൽ...?
ഹാ! ഡിസംബർ നിന്നെ പോലെ
മനസ്സിലിപ്പോൾ നഷ്ടങ്ങൾ മാത്രം...!
ഞാനിപ്പോൾ ദുഃഖിക്കുന്നു.

അകന്നു പോയ മനുഷ്യരെയോർത്ത്...
പ്രേമിച്ചു പോയവരെയോർത്ത്.
മരിച്ചവരെയോർത്ത്..
തെറ്റിദ്ധരിച്ചവരേയോർത്ത്.
വിരഹത്തിന്റെ നോവും
വിഷാദത്തിന്റെ മൗനവും
തന്നവരെയോർത്ത് ഞാനിപ്പോൾ ദുഃഖിക്കുന്നു...
ഹാ ! ഡിസംബർ
നഷ്ടങ്ങളുടെ പട്ടികയിൽ.
ഉപേക്ഷിക്കപ്പെടുന്ന ഇന്നലെകളുടെ
പട്ടികയിൽ നീയെന്നെ കൂടി ഉൾപ്പെടുത്തൂ..

വാരാന്ത്യം

കഥ



പ്രഭ പ്രമോദ്



# പ്രണയത്തെക്കുറിച്ച് മിണ്ടരുത്

പ്രണയത്തെക്കുറിച്ച് മിണ്ടരുത് എന്ന് കരുതിയിരുന്നു. എങ്കിലും എഴുതാതെ വയ്യെൻ പ്രണയമേ...

എത്ര വർഷങ്ങൾക്കു ശേഷമാണ് അവനെ കണ്ടത്! അതും തികച്ചും അപ്രതീക്ഷിതമായി!

'എന്തെടോ മുടി നരച്ചല്ലോ' എന്ന ചോദ്യത്തിനുത്തരമായി 'നിനക്കൊരു മാറ്റവുമില്ലല്ലോ' എന്നുമാത്രമാണ് അവൻ പറഞ്ഞത്.

തിരക്കുള്ള ബസ്സ്റ്റോപ്പിൽ ചുറ്റും ഒന്നു നോക്കിയ ശേഷം 'നമ്മുക്കാ സൈഡിലേയ്ക്ക് മാറി നിന്നാലോ?'എന്നായി അവൻ.

'എന്നാൽ ആ ചായക്കടയിലേയ്ക്ക് കയറി ഇരിക്കാം' എന്നു പറഞ്ഞത് ഞാനായിരുന്നു.

എനിക്കൊരു ചായയും അവനൊരു കാപ്പിയും ഓർഡർ ചെയ്തത് അവൻ തന്നെ.

എന്തു ചെയ്യുന്നു എന്നോ ഫാമിലി എങ്ങനെ എന്നോ ക്ലീഷേ ചോദ്യങ്ങൾ ചോദിക്കാൻ എനിക്കു തോന്നിയില്ല.

അവനൊന്നും പറഞ്ഞുമില്ല. ഒരു മേശയ്ക്കിരുവശം നിശബ്ദമായി ഇരുന്നു ഞങ്ങൾ.

ഞാൻ ചൂടുചായ ഊതി ഊതി കുടിക്കുന്നത് കണ്ട് 'നീ എന്നുമുതലാണ് ചൂടുചായ കുടിക്കാൻ തുടങ്ങിയതെ'ന്ന് ചെറിയൊരമ്പരപ്പോടെ അവൻ ചോദിച്ചു.

'ചായ തണുത്തതിനു ശേഷം പാട മാറ്റി ഒറ്റവലിക്കു കുടിക്കുന്നതായിരുന്നില്ലേ നിന്റെ ശീലം?'

ശരിക്കും അമ്പരന്നത് ഞാനായിരുന്നു...

അങ്ങനെ ഒരു ശീലം എനിക്കുണ്ടായിരുന്നു എന്നത് ഞാൻ എന്നേ മറന്നു...

'ഇയാൾ ഇതൊക്കെ ഇപ്പഴും ഓർക്കുന്നോ?' എന്ന ചോദ്യത്തിന് ഉത്തരം നൽകാതെ അവൻ കാപ്പി കപ്പ് ചുണ്ടോടടുപ്പിച്ചു.

പിന്നീടൊന്നും അവൻ ചോദിച്ചില്ല ഞാനും ...

ചായ കപ്പ് കാലിയാക്കി അവന്റെ ഒപ്പം തന്നെ കടയിൽ നിന്നും ഇറങ്ങി നടക്കുമ്പോൾ ഒരു ചെറു ചിരിയോടെ അവൻ പറഞ്ഞു.

'എന്റെ ഒരാഗ്രഹമായിരുന്നു നിന്റെ കൂടെ ഇരുന്ന് ഒരിക്കല്ലെങ്കിലും കാപ്പി കുടിക്കണമെന്നത്...'

'ങ്ഹേ? എന്തിന്?' അറിയാതെ ചോദിച്ചു പോയി.

'അന്നൊക്കെ പൊരിഞ്ഞ പ്രേമമായിരുന്നു നിന്നോട്...' വാക്കുകൾ തൊടുത്തുവിട്ട് അവൻ തിരക്കേറിയ ബസ്സിലേയ്ക്ക് ചാടികയറി..

എന്തിനായിരുന്നു ഇത്ര വൈകിയൊരു തുറന്നു പറച്ചിൽ!

കാലം അങ്ങനെയാണ്. ... എന്നെങ്കിലും എവിടെയെങ്കിലും വെച്ച് നമ്മൾ ചിലത് അറിഞ്ഞേ തീരൂ.

കവിത



രമ്യ ജ്യോതിസ്



# മറുവാക്കില്ലാത്തവർ

അടുത്തിരുന്നു അകം കുളിർത്തു!
ആകാശവീഥിക്കു താഴെ,
വെയിലിനെ മഴയെ മരങ്ങളെ കാടിനെ
പൂവിനെ പറവയെ മനുഷ്യരെ മനുഷ്യത്വത്തെ
സ്നേഹത്തെ വെറുപ്പിനെ
ഭാവിയെ വർത്തമാനത്തെ
ചിന്താധാരയാക്കി സംവദിച്ചു.
വാക്കുകൾക്ക് ക്ഷാമമില്ലായിരുന്നു,
സമയത്തിന് വിലയില്ലായിരുന്നു,
പെരുമാറ്റത്തിൽ മറയില്ലായിരുന്നു,
സന്തോഷങ്ങൾക്ക് നിരഭേദങ്ങൾ ഇല്ലായിരുന്നു.
ഒരേ ചിരി ഒരേ പ്രകാശം!
കാലമൊഴുകി,
അടുത്തിരുന്നു പക്ഷേ, അകലെയാണ്.
കാരണങ്ങൾക്ക് കാമ്പില്ല,
ചിരികൾക്ക് പല നിറം,
മറുവാക്കിലാതെ മറു ചിരിയില്ലാതെ
എത്രയോ മനുഷ്യർ!
കാലത്തിന് തെറ്റിയോ, അതോ മനസ്സുകൾക്കോ?
കാലമെന്ത് പിഴച്ചു
പരാജിതർ മനുഷ്യരല്ലേ

# എനിക്കും ഇച്ചാക്കയ്ക്കും ഇപ്പോൾ കിട്ടുന്ന സ്നേഹം മുൻപ് ചെയ്ത നല്ല കഥാപാത്രങ്ങളുടെ പലിശ'; മോഹൻലാൽ



മലയാളത്തിന്റെ താരരാജാക്കന്മാരാണ് മമ്മൂട്ടിയും മോഹൻലാലും. ഏത് ജനറേഷനിലുള്ള പ്രേക്ഷകനെയും ഒരുപോലെ സംതൃപ്തിപ്പെടുത്താൻ ഇരുവരുടെയും സിനിമകൾക്ക് കഴിഞ്ഞിട്ടുണ്ട്. തങ്ങൾ രണ്ടുപേരും ചെയ്തിട്ടുള്ള കഥാപാത്രങ്ങളാകാം ആളുകളിൽ നിന്ന് ഈ സ്നേഹം ലഭിക്കാൻ കാരണമെന്ന് പറയുകയാണ് മോഹൻലാൽ.

'എനിക്കും മമ്മൂട്ടിക്കും കിട്ടുന്ന സ്നേഹം ഞങ്ങൾ മുൻപ് ചെയ്ത് വെച്ച നല്ല കഥാപാത്രങ്ങളുടെ പലിശയാണ്. പഴയ സിനിമകൾ വീണ്ടും കാണാനായി ഇന്ന് ഒരുപാട് മാർഗങ്ങളുണ്ട്. ഫോണിലൂടെയും റീലിലൂടെയും ടെലിവിഷനിലൂടെയുമൊക്കെ കാണാനാകും. അതുപോലെ പഴയ സിനിമകൾ ഇപ്പോൾ വീണ്ടും തിയേറ്ററിൽ വരുന്നുണ്ട്. ന്യൂജനറേഷനിലെ ആളുകളാണെങ്കിൽ ഈ

സിനിമാക്കഥ

സിനിമകൾ ഇഷ്ടപ്പെട്ടു തുടങ്ങി. അവർ ഇപ്പോഴുള്ള സിനിമകളുമായി അതിനെ താരതമ്യം ചെയ്യുമ്പോൾ അതിൽ കൂടുതൽ കോമഡിയും സെന്റിമെന്റ്സും പാഷനും കാണുന്നു. അത് ഈ സ്നേഹത്തിനുള്ള ഒരു കാരണമാണ്.

പിന്നെ പറയാനുള്ളത്, ഞങ്ങൾക്ക് മികച്ച കുറേ സംവിധായകരുടെ കൂടെ വർക്ക് ചെയ്യാനുള്ള അവസരം ലഭിച്ചിരുന്നു. വളരെ മികച്ച സിനിമകളും കഥകളുമായിരുന്നു അതൊക്കെ. എന്റെ സിനിമകൾ നോക്കുകയാണെങ്കിൽ ഭരതൻ, മണിരത്നം, പത്മരാജൻ, അരവിന്ദൻ ഉൾപ്പെടെയുള്ള ആളുകളുടെ കൂടെ വർക്ക് ചെയ്യാനായി. പുതിയ ജനറേഷന് ഒരുപാട് നല്ല സംവിധായകരുണ്ട്. എന്നാൽ നല്ല കഥകൾ ലഭിക്കുന്നില്ല. ഞാൻ കൊമേഴ്ഷ്യൽ ചിത്രങ്ങളും ആക്ഷനും കോമഡിയുമൊക്കെ ചെയ്തിരുന്നു. നിരവധി സംവിധായകരുടെ കഥകളിൽ പെർഫോം ചെയ്യാനുള്ള അവസരങ്ങൾ എനിക്ക് ലഭിച്ചിരുന്നു,' മോഹൻലാൽ പറഞ്ഞു.

# ന്യൂനപക്ഷ ക്ഷേമം: പ്രായോഗിക ചുവടുവയ്പ്പ്

അഡ്വ: എ.എ. റഷീദ്
ചെയർമാൻ, സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ

ആഗോള ന്യൂനപക്ഷാവകാശ ദിനമായ ഡിസംബർ 18-ന്, സുപ്രീം കോടതി ജഡ്ജിയായിരുന്ന ജസ്റ്റിസ് കെ.എം. ജോസഫ് നടത്തിയ ഒരു സുപ്രധാന നിരീക്ഷണം ഓർത്തുപോവുകയാണ്. അന്തസ്സോടെ ജീവിക്കാനുള്ള അവകാശം എല്ലാവർക്കും വിവേചനരഹിതമായി ഉറപ്പാക്കാൻ കഴിയുന്നതാണ് ജനാധിപത്യം. എന്നാൽ വർത്തമാനകാലത്ത് നടക്കുന്നത് എന്താണ്? ന്യൂനപക്ഷങ്ങൾ നിരന്തരം വേട്ടയാടപ്പെടുന്നു. അർഹതപ്പെട്ടത് പോലും ലഭിക്കാൻ അവർക്ക് കാതങ്ങൾ സഞ്ചരിക്കേണ്ടിയിരിക്കുന്നു. ദുർബലമായ ശബ്ദങ്ങൾക്ക് കാതോർക്കാൻ പലർക്കും വിമുഖതയാണ്. നിരന്തരമായ വേട്ടയാടപ്പെടലിന് ശേഷം അവർ നിശബ്ദമായി ഭൂമിയിലേക്ക് മറയുന്നു. ഒന്ന് കണ്ണീർ തോർത്താൻ, ഒരാശ്വാസവാക്കു പറയാൻ ഒരു പക്ഷേ, ഭൂമുഖത്ത് ആരുമുണ്ടാകണമെന്നില്ല.

അന്തസ്സോടെ ജീവിക്കുക എന്നതിന്റെ അർത്ഥമെന്താണ്? ഏറ്റവും ദുർബലരായ ആളുകൾക്ക് നമ്മൾ എങ്ങനെ നീതി പുലർത്തും? പ്രാചീന ഗ്രീക്ക് തത്ത്വചിന്തകരിൽ നിന്നാണ് അന്തസ്സ് എന്ന ആശയം ഉടലെടുത്തത്. മനുഷ്യന്റെ മാന്യത യുക്തിസഹമായി കണക്കാക്കിയ അരിസ്റ്റോട്ടിൽ, വ്യക്തിഗത സദ്ഗുണത്തിനും ധാർമ്മിക സമഗ്രതയ്ക്കും ഊന്നൽ നൽകിയ സ്റ്റോയിക് തുടങ്ങിയ തത്ത്വചിന്തകരിൽ നിന്നായിരുന്നു ആവിർഭാവം... രണ്ടാം ലോകമഹായുദ്ധത്തിന് ശേഷം 1948-ലെ സാർവത്രിക മനുഷ്യാവകാശ പ്രഖ്യാപനം മനുഷ്യാവകാശങ്ങളും അന്തസ്സും തമ്മിലുള്ള ബന്ധം ഉറപ്പിച്ചു. ദേശീയത, വംശീയത അല്ലെങ്കിൽ വിശ്വാസം എന്നിവ പരിഗണിക്കാതെ ഓരോ വ്യക്തിക്കും മൗലികാവകാശങ്ങളുടെ അവകാശത്തിനുള്ള സാർവത്രിക മാനദണ്ഡങ്ങൾ ഈ പ്രഖ്യാപനരേഖയിലൂടെ സ്ഥിരീകരിക്കുന്നു.

നിയമത്തിനപ്പുറം അവകാശങ്ങൾക്ക് സവിശേഷമായ സ്ഥാനമാണുള്ളത്. വ്യക്തികളെ അവരുടെ ക്ഷേമത്തിനും മറ്റുള്ളവരുടെ ക്ഷേമത്തിനും വേണ്ടി വാദിക്കാൻ അത് പ്രാപ്തരാക്കുന്നതോടൊപ്പം സാമൂഹികബോധവും ഉത്തരവാദിത്ത്വവും വളർത്തുന്നു. ഭരണഘടനയുടെ ആർട്ടിക്കിൾ 12 മുതൽ 32 വരെ മൗലികാവകാശങ്ങൾ ഉൾക്കൊള്ളുന്നു. അമിതാധികാര പ്രയോഗത്തിനും വിവേചനത്തിനും അടിച്ചമർത്തലിനും എതിരെ വ്യക്തമായ സംരക്ഷണം നൽകുന്നതാണിത്. അന്തസ്സോടെയും സ്വാതന്ത്ര്യത്തോടെയും ജീവിക്കാൻ അനുവദിക്കുന്ന പ്രത്യേകാവകാശത്തിന് പദവി പരിഗണിക്കാതെ ഓരോ പൗരനും അർഹതയുണ്ടെന്ന് ഉറപ്പാക്കുന്നു. ഈ അവകാശങ്ങൾ നമുക്ക് ഉറപ്പാക്കിയത് ഭരണഘടനാശിൽപികൾക്ക് നിയമവാഴ്ചയോടുള്ള തെളിവിന്റെ ഉദാഹരണമാണ്. ഈ അവകാശങ്ങൾ കേവലം വാഗ്ദാനം ചെയ്താൽ മാത്രംപോര, മറിച്ച് അവ വിട്ടുകൊടുക്കുകയും വേണം. അതിനാണ് ന്യൂനപക്ഷ കമ്മീഷൻ പോലുള്ള അവകാശ സംരക്ഷണ സ്ഥാപനങ്ങൾ ഇവിടെ പ്രാവർത്തികമായത്.

ഐക്യരാഷ്ട്രസഭയാണ് 1992 ഡിസംബർ 18 ലോക ന്യൂനപക്ഷ അവകാശ ദിനമായി പ്രഖ്യാപിച്ചത്. പ്രഖ്യാപനം വന്ന് മൂന്നു പതിറ്റാണ്ടുകഴിഞ്ഞിട്ടും തുല്യ നീതിക്കും നിലനിൽപ്പിനും വേണ്ടിയുള്ള പോരാട്ടത്തിലാണ് ലോകമെമ്പാടുമുള്ള ന്യൂനപക്ഷ ജനവിഭാഗം.

1849-ൽ ഹംഗേറിയൻ ഡയറ്റാണ് ലോകത്താദ്യമായി ന്യൂനപക്ഷ അവകാശങ്ങൾ രൂപവത്കരിക്കുന്നത്. വംശപരവും, മതപരവും, ഭാഷാപരവുമായ ന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾ, അന്തർദേശീയ മനുഷ്യാവകാശ നിയമങ്ങളുടെ അവിഭാജ്യ ഘടകമാണ്.

ഇന്ത്യയിലെ മതന്യൂനപക്ഷ വിഭാഗങ്ങളുടെ ക്ഷേമം ഉറപ്പുവരുത്തുവാനും ഭരണഘടനയും പാർലമെന്റും സംസ്ഥാന നിയമസഭകളും ന്യൂനപക്ഷ സംരക്ഷണത്തിനും സമഗ്ര വികസനത്തിനുമായി രൂപം നൽകിയിട്ടുള്ള നിയമങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നുവെന്ന് ഉറപ്പുവരുത്താനുമാണ് 1992-ലെ നാഷണൽ കമ്മീഷൻ ഫോർ മൈനോറിറ്റീസ് ആക്ട് പ്രകാരം ദേശീയ ന്യൂനപക്ഷ കമ്മീഷന് കേന്ദ്രസർക്കാർ രൂപം നൽകിയത്. കേരള സംസ്ഥാനത്തിലെ ന്യൂനപക്ഷങ്ങളുടെ സമഗ്രമായ വിദ്യാഭ്യാസ പുരോഗതിക്കും ക്ഷേമത്തിനും സംരക്ഷണത്തിനും ശാക്തീകരണത്തിനും വേണ്ടിയാണ് 2013-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ഓർഡിനൻസും 2014-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ആക്ടും പ്രകാരം കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ രൂപീകരിച്ചിട്ടുള്ളത്. സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ രൂപീകരിച്ചുകൊണ്ട് 2013 മേയ് 15-ാം തീയതി അസാധാരണ ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിച്ചു.

നാലാമത് കമ്മീഷനാണ് സംസ്ഥാനത്ത് നിലവിൽ പ്രവർത്തിച്ചുവരുന്നത്. ഒരു പരാതി പരിഹാര ഫോറം എന്നതിൽ നിന്ന് ന്യൂനപക്ഷ കമ്മീഷന്റെ പ്രവർത്തനങ്ങളെ പ്രായോഗിക തലത്തിലേക്ക് പറിച്ചുനട്ട് നിസ്സഹായരും ദുർബലരുമായ ജനവിഭാഗത്തിന്റെ ജീവിതോന്നതിക്ക് വേണ്ടി ഫലപ്രദമായ നടപടികൾ നടപ്പാക്കുക എന്നതാണ് നാലാമത് ന്യൂനപക്ഷ കമ്മീഷന്റെ സുപ്രധാന ലക്ഷ്യം.

## ന്യൂനപക്ഷ വിഭാഗങ്ങൾ

മുസ്ലീം, ക്രിസ്ത്യൻ, ബുദ്ധ, ജൈന, സിഖ്, പാഴ്സി എന്നിങ്ങനെ 6 വിഭാഗങ്ങളെയാണ് സംസ്ഥാനത്ത് ന്യൂനപക്ഷ വിഭാഗങ്ങളായി നിശ്ചയിച്ചിട്ടുള്ളത്. അതിൽ ബുദ്ധ, ജൈന, സിഖ്, പാഴ്സി വിഭാഗങ്ങളെ സൂക്ഷ്മ ന്യൂനപക്ഷ വിഭാഗങ്ങളായും പരിഗണിച്ചുവരുന്നു.

2011-ലെ കാനേഷുമാരി കണക്കനുസരിച്ച് സംസ്ഥാനത്തെ 35 മില്ല്യൺ വരുന്ന ജനസംഖ്യയിൽ 15 മില്ല്യൺ ന്യൂനപക്ഷ ജനവിഭാഗങ്ങളാണ്. സംസ്ഥാനത്തെ ആകെ ജനസംഖ്യയുടെ 42 ശതമാനം വരുന്ന ന്യൂനപക്ഷ ജനവിഭാഗങ്ങളിൽ മുസ്ലീം, ക്രിസ്ത്യൻ വിഭാഗങ്ങളാണ് ഭൂരിപക്ഷമുള്ളത് (മുസ്ലീം- 59%, ക്രിസ്ത്യൻ- 40%,). സൂക്ഷ്മ ന്യൂനപക്ഷങ്ങളായ ബുദ്ധ- 0.03%, ജൈന- 0.03%, സിഖ്- 0.03%, പാഴ്സി- 0.01% വിഭാഗങ്ങൾ ജനസംഖ്യയിൽ 1 ശതമാനം മാത്രമാണുള്ളത്.

നിലവിൽ ന്യൂനപക്ഷ വിഭാഗങ്ങൾ ജനസംഖ്യയുടെ 46 ശതമാനമാണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു.


സംസ്ഥാനത്തെ ന്യൂനപക്ഷ ജനവിഭാഗങ്ങളുടെ അവകാശങ്ങൾ സംബന്ധിച്ച് അവരിൽ അവബോധം സൃഷ്ടിക്കുക, കമ്മീഷന്റെ പ്രവർത്തനങ്ങൾ പ്രസ്തുത ജനവിഭാഗങ്ങൾക്കിടയിലെത്തിക്കുക എന്ന ഉദ്യമത്തോടെ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും സെമിനാറുകൾ സംഘടിപ്പിച്ചു വരുന്നു. കൂടാതെ സംസ്ഥാനത്തെ സൂക്ഷ്മ ന്യൂനപക്ഷങ്ങളായ ബുദ്ധ, ജൈന, സിഖ്, പാഴ്സി വിഭാഗങ്ങളിലെ സംഘടനാ പ്രതിനിധികളെ പങ്കെടുപ്പിച്ച് സംസ്ഥാനത്താദ്യമായി എറണാകുളത്ത് വെച്ച് സൂക്ഷ്മ ന്യൂനപക്ഷ വിഭാഗങ്ങളുടെ സംസ്ഥാനതല സെമിനാറും സംഘടിപ്പിച്ചു.

## ന്യൂനപക്ഷ ക്ഷേമം

കേരളത്തിൽ ന്യൂനപക്ഷ സമുദായങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ക്ഷേമത്തിനുമായി സർക്കാർ തലത്തിൽ ന്യൂനപക്ഷ ക്ഷേമ വകുപ്പ്, ന്യൂനപക്ഷ ഡയറക്ടറേറ്റ്, സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ, ന്യൂനപക്ഷ ധനകാര്യ വികസന കോർപ്പറേഷൻ, വഖഫ് ബോർഡ്, ഹജ്ജ് തീർത്ഥാടനം, ന്യൂനപക്ഷ യുവജന പരിശീലന കേന്ദ്രങ്ങൾ, മദ്രസകളുൾപ്പെടെ നിരവധി സ്ഥാപനങ്ങളും പ്രവർത്തിക്കുന്നുണ്ട്.

## കമ്മീഷൻ പരിഗണിക്കുന്ന പരാതിയുടെ സ്വഭാവം

വിപുലമായ അധികാരങ്ങളും ചുമതലകളുമാണ് കമ്മീഷനിൽ നിക്ഷിപ്തമായിട്ടുള്ളത്. സംസ്ഥാനത്ത് ന്യൂനപക്ഷങ്ങളുടെ വികസനത്തിലുണ്ടായിട്ടുള്ള പുരോഗതി വിലയിരുത്തുക, ന്യൂനപക്ഷങ്ങൾക്ക് സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവും ഭാഷാപരവുമായുള്ള അവകാശങ്ങളും സംരക്ഷണ വ്യവസ്ഥകളും ആനുകൂല്യങ്ങളും നഷ്ടപ്പെടുന്നത് സംബന്ധിച്ചുള്ള പ്രത്യേക പരാതികളിന്മേൽ അന്വേഷണം നടത്തുകയും തെളിവെടുപ്പ് നടത്തുകയും പരിഹാര നടപടികൾ നിർദ്ദേശിക്കുകയും ചെയ്യുക തുടങ്ങി ന്യൂനപക്ഷങ്ങളെ നേരിട്ടോ അല്ലാതെയോ ബാധിക്കുന്ന ഒട്ടുമിക്ക വിഷയങ്ങളിലും കമ്മീഷന് നേരിട്ടിടപെട്ട് പരിഹാരം നിർദ്ദേശിക്കാവുന്നതാണ്. ഒരു വ്യവഹാരം വിചാരണ ചെയ്യുന്ന സിവിൽ കോടതിക്കുള്ള എല്ലാ അധികാരങ്ങളും കമ്മീഷന് അതിന്റെ ചുമതലകൾ നിർവ്വഹിക്കുമ്പോൾ വിനിയോഗിക്കാവുന്നതാണ്. സംസ്ഥാനത്തിന്റെ ഏത് ഭാഗത്തുനിന്നും ഏതൊരാളെയും വിളിച്ചു വരുത്തുവാനും അന്വേഷണ വിഷയവുമായി ബന്ധപ്പെട്ട രേഖകൾ പിടിച്ചെടുക്കുവാനും കമ്മീഷന് അധികാരമുണ്ട്. സർക്കാർ തലത്തിൽ ന്യൂനപക്ഷ ജനവിഭാഗങ്ങൾക്ക് അവകാശപ്പെട്ട സ്കോളർഷിപ്പുകളുടെ വിതരണം, സംവരണം ഇവയെല്ലാം കമ്മീഷൻ ജാഗ്രതയോടെ നിരീക്ഷണവിധേയമാക്കാറുണ്ട്.



ലേഖകൻ

ന്യൂനപക്ഷങ്ങളെ/ന്യൂനപക്ഷ സ്ഥാപനങ്ങളെ/ന്യൂനപക്ഷ സമുദായാംഗങ്ങളെ ബാധിക്കുന്ന ഏതൊരു വിഷയത്തെക്കുറിച്ചും അവകാശ നിഷേധത്തെക്കുറിച്ചും ആർക്കും കമ്മീഷനിൽ പരാതിപ്പെടാവുന്നതാണ്. വെള്ള പേപ്പറിൽ തയ്യാറാക്കിയ പരാതി തപാൽ മാർഗ്ഗമോ, തിരുവനന്തപുരത്തെ ഓഫീസിൽ നേരിട്ടോ, കമ്മീഷൻ സിറ്റിംഗ് നടത്തുന്ന സ്ഥലങ്ങളിൽ മെമ്പർമാർക്ക് നേരിട്ടോ, kscminorities@gmail.com എന്ന ഇ-മെയിൽ വിലാസത്തിലോ, 9746515133 എന്ന നമ്പറിലേക്ക് വാട്ട്സ് ആപ്പ് സന്ദേശമായോ പരാതി സമർപ്പിക്കാവുന്നതാണ്. പരാതിയോടൊപ്പം യാതൊരുവിധ ഫീസും നൽകേണ്ടതില്ല.

## കമ്മീഷൻ പരിഗണിച്ചതും തീർപ്പാക്കിയതുമായ ഹർജികൾ

2023 ആഗസ്റ്റ് 8-ന് ചെയർമാൻ അഡ്വ. എ.എ. റഷീദിന്റെ നേതൃത്വത്തിൽ ചുമതലയേറ്റ നാലാമത് കമ്മീഷൻ സംസ്ഥാനത്തെ എല്ലാ ജില്ലകളിലുമായി നടത്തിയ 110 സിറ്റിംഗുകളിൽ പരിഗണിച്ച 910 ഹർജികളിൽ 350 എണ്ണം തീർപ്പ് കൽപ്പിച്ചു.

## സൂക്ഷ്മ ന്യൂനപക്ഷ വിഭാഗങ്ങളെ സംബന്ധിച്ച് നടത്തിയ പഠനം

സംസ്ഥാനത്തെ സൂക്ഷ്മ ന്യൂനപക്ഷ (ബുദ്ധ, ജൈന, സിഖ്, പാഴ്സി) വിഭാഗങ്ങളുടെ ശാക്തീകരണം ലക്ഷ്യമിട്ട പ്രവർത്തനങ്ങൾക്കും നാലാമത് കമ്മീഷൻ രൂപം നൽകി. അതിന്റെ ഭാഗമായി സംസ്ഥാന ചരിത്രത്തിലാദ്യമായി സൂക്ഷ്മ ന്യൂനപക്ഷ വിഭാഗങ്ങളെ ഏകീകരിപ്പിച്ചുകൊണ്ട് എറണാകുളത്ത് 2024 ജനുവരിയിൽ സംഘടനാ നേതാക്കളുടെ വിപുലമായ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ സംസ്ഥാനത്തെ സൂക്ഷ്മ ന്യൂനപക്ഷ സംഘടനാ പ്രതിനിധികളെ പങ്കെടുപ്പിച്ചുകൊണ്ട് സംസ്ഥാനതല സെമിനാർ സംഘടിപ്പിക്കുവാൻ തീരുമാനിക്കുകയും 2024 ഫെബ്രുവരിയിൽ സെമിനാർ സംഘടിപ്പിക്കുകയുമുണ്ടായി.

സംസ്ഥാനത്ത് അധിവസിക്കുന്ന സൂക്ഷ്മ ന്യൂനപക്ഷ വിഭാഗങ്ങളുടെ വിവരശേഖരണമെന്ന പ്രാഥമിക ചുവടുവെയ്പ്പിലേയ്ക്ക് കമ്മീഷൻ കടക്കുകയുണ്ടായി. ബന്ധപ്പെട്ട ജനവിഭാഗങ്ങളുടെ ജീവിത നിലവാരം, വിദ്യാഭ്യാസ പശ്ചാത്തലം, സാമൂഹിക നിലവാരം എന്നിവ സംബന്ധിച്ച പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ കേരള മീഡിയ അക്കാദമിയുമായി കമ്മീഷൻ ധാരണാപത്രം ഒപ്പിടുകയും അതുപ്രകാരം മീഡിയ അക്കാദമി സമയബന്ധിതമായി പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. സംസ്ഥാനത്ത് സൂക്ഷ്മ ന്യൂനപക്ഷ വിഭാഗങ്ങളുടെ കൃത്യമായ കണക്ക് നിലവിലില്ലാതിരുന്ന സാഹചര്യത്തിലാണ് കമ്മീഷൻ മുൻകൈയെടുത്ത് വിപുലമായ സർവ്വേ നടത്തിയത്. സംസ്ഥാനത്തെ സൂക്ഷ്മ ന്യൂനപക്ഷ ജനവിഭാഗങ്ങളുടെ ഉന്നമനത്തിനായുള്ള പഠന റിപ്പോർട്ടിലെ പ്രധാന നിർദ്ദേശങ്ങൾ കമ്മീഷൻ സർക്കാരിന് സമർപ്പിച്ചു.

റിപ്പോർട്ട് പ്രകാരം സംസ്ഥാനത്ത് 6 പാഴ്സി കുടുംബങ്ങളും (കോഴിക്കോട്, കണ്ണൂർ, തൃശ്ശൂർ ജില്ലകളിൽ 2 വീതം), 350 സിഖുവിഭാഗക്കാരും, 3000 ജൈന സമുദായാംഗങ്ങളും, 4000 ബുദ്ധമതാനുയായികളുമാണ് അധിവസിക്കുന്നത്.

## സമന്വയം - ന്യൂനപക്ഷ ജനവിഭാഗങ്ങൾക്ക് ഒരു ലക്ഷം തൊഴിലവസരങ്ങൾ

ന്യൂനപക്ഷ വിഭാഗങ്ങളിലെ അഭ്യസ്തവിദ്യരും തൊഴിൽ രഹിതരുമായ യുവതീയുവാക്കൾക്ക് തൊഴിൽ പരിശീലനവും തൊഴിലും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷനും കേരള നോളജ് ഇക്കോണമി മിഷനും സംയുക്തമായി തുടക്കം കുറിച്ച സംരംഭമാണ് 'സമന്വയം'

പ്ലസ്ടുവോ അതിലധികമോ വിദ്യാഭ്യാസ യോഗ്യതയുള്ള (ഐ.ടി.ഐ, പോളിടെക്നിക് ഉൾപ്പെടെ) 18-നും 59-നും മദ്ധ്യേ പ്രായമുള്ള ന്യൂനപക്ഷ വിഭാഗങ്ങളിലെ ഒരുലക്ഷം പേർക്ക് ഒരു വർഷം കൊണ്ട് സ്വകാര്യ തൊഴിലോ, വിദേശ തൊഴിലോ ലഭ്യമാക്കുകയോ, ലഭ്യമാക്കുന്നതിനുള്ള തൊഴിൽ പരിശീലനമോ, ഭാഷാ പരിജ്ഞാനമോ നൽകുകയാണ് ഈ സംരംഭത്തിലൂടെ ഉദ്ദേശിക്കുന്നത്.

തൊഴിൽ രഹിതരായ അഭ്യസ്തവിദ്യർക്ക് വൈജ്ഞാനിക തൊഴിൽ പരിചയവും നൈപുണ്യ പരിശീലനവും നൽകുകയാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തൊട്ടാകെ തൊഴിൽ നൈപുണ്യ പരിശീലന പരിപാടിയും തൊഴിൽമേളകളും സംഘടിപ്പിച്ചുവരികയാണ്. സംസ്ഥാനത്തെ ന്യൂനപക്ഷങ്ങളായ ക്രിസ്ത്യൻ, മുസ്ലീം വിഭാഗങ്ങളിലെയും സൂക്ഷ്മ ന്യൂനപക്ഷങ്ങളായ ബുദ്ധ, ജൈന, സിഖ്, പാഴ്സി വിഭാഗങ്ങളിലെയും അഭ്യസ്തവിദ്യരായ തൊഴിൽ രഹിതർ പദ്ധതിയുടെ ഗുണഭോക്താക്കളാകും.

## ഇനി വാട്ട്സ് ആപ്പിലൂടെയും പരാതി നൽകാം

സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ പ്രവർത്തനങ്ങൾ കൂടുതൽ ജനകീയവൽക്കരിക്കുക എന്ന ലക്ഷ്യത്തോടെ ന്യൂനപക്ഷ ജനവിഭാഗങ്ങളിൽ നിന്നും കമ്മീഷൻ വാട്ട്സ് ആപ്പിലൂടെയും പരാതി സ്വീകരിക്കും. കേരള പിറവിദിനത്തിൽ ന്യൂനപക്ഷ ക്ഷേമ വകുപ്പ് ഡയറക്ടർ ഡോ. രേണുരാജ് ഐ.എ.എസ് വാട്ട്സ് ആപ്പിലൂടെ ആദ്യ പരാതി സ്വീകരിച്ചു.

(ശേഷം 30-ാം പേജിൽ)

# കാനഡയിൽ നിന്നും കെസിസിഎൻഎയിൽ പുതിയ മൂന്ന് യൂണിറ്റുകൾ







ബൈജു ആലപ്പാട്ട്

കാനഡ: കാനഡയിൽ നിന്നും വെസ്റ്റേൺ ഒന്റാരിയോ, എഡ്മൺടൺ, മാനിട്ടോബ (വിന്നിപെഗ്) എന്നീ പുതിയ മൂന്ന് യൂണിറ്റുകളെ ക്നാനായ കാത്തലിക് കോൺഗ്രസ് ഓഫ് നോർത്ത് അമേരിക്ക (കെസിസിഎൻഎ) അംഗസംഘടനകളായി ഡിട്രോയിറ്റിൽ വെച്ച് നവംബർ 23-നു നടന്ന കെസിസിഎൻഎ നാഷണൽ കൗൺസിൽ യോഗം അംഗീകാരം നല്കി. ഇതോടെ അമേരിക്കയിലെയും കാനഡയിലുമായി 24 അംഗ സംഘടനകളുടെ മഹാഫെഡറേഷനായി കെസിസിഎൻഎ മാറി.

കാനഡയിലെ തന്നെ കാൽഗറി യൂണിറ്റിനു ഫെബ്രുവരിയിലെ സാൻ അന്റോണിയോ നാഷണൽ കൗൺസിൽ യോഗം അംഗീകാരം നല്കിയിരുന്നു. ഷാജി എടാട്ടിന്റെ നേതൃത്വത്തിലുള്ള കെസിസിഎൻഎ എക്സിക്യൂട്ടീവിന്റെ നേട്ടങ്ങളുടെ പട്ടികയിൽ ഇതു രേഖപ്പെടുത്തും.

കെസിസിഎൻഎയുടെ നാഷണൽ കൗൺസിൽ ഡിട്രോയിറ്റിലെ സെന്റ് തോമസ് ചർച്ച് ഹാളിൽ നവംബർ 23-ന് ശനിയാഴ്ച നടന്നു.

കെ.സി.എസ് ഡിട്രോയിറ്റ്-വിൻഡ്സർ ആതിഥേയത്വം വഹിച്ച നാഷണൽ കൗൺസിൽ മീറ്റിംഗിൽ അമേരിക്കയിൽ നിന്നും കാനഡയിൽ നിന്നുമായി 52 നാഷണൽ കൗൺസിൽ അംഗങ്ങൾ പങ്കെടുത്തു.

കെസിസിഎൻഎ പ്രസിഡണ്ട് ഷാജി എടാട്ടിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന നാഷണൽ കൗൺസിൽ യോഗം ജനറൽ സെക്രട്ടറി അജീഷ് പോത്തൻ താമ്രത്ത് 2024 വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചുകൊണ്ട് തുടക്കം കുറിച്ചു. കെസിസിഎൻഎ ട്രഷറർ സാമോൻ പല്ലാട്ടുമഠം വാർഷിക ഫിനാൻഷ്യൽ റിപ്പോർട്ട് അവതരിപ്പിച്ചു. തുടർന്ന് ഉപസംഘടനകളായ വിമൻസ് ഫോറം, കെസിവൈഎൽ, കെസിവൈഎൻഎ, കെവൈഎ പ്രതിനിധികൾ തങ്ങളുടെ വാർഷിക റിപ്പോർട്ടുകൾ അവതരിപ്പിച്ചു.

നാഷണൽ കൗൺസിൽ മീറ്റിംഗിനുശേഷം കെസിഎസ് ഡിട്രോയിറ്റ്-വിൻഡ്സറിന്റെ പിടി പാർട്ടിയിലും എല്ലാ നാഷണൽ കൗൺസിൽ അംഗങ്ങളും പങ്കെടുത്തു.

ആതിഥേയരായ കെസിഎസ് ഡിട്രോയിറ്റ്-വിൻഡ്സർ പ്രസിഡണ്ട് സജി മരങ്ങാട്ടിൽ, സെക്രട്ടറി ഷാജൻ മുകളേൽ, ആർവിപി അലക്സ് പുല്ലുകാട്ട്, കെസിസിഎൻഎ ജോ. സെക്രട്ടറി ജോബിൻ കക്കാട്ടിൽ എന്നിവർക്ക് നാഷണൽ കൗൺസിലിന്റെ പേരിൽ പ്രസിഡണ്ട് ഷാജി എടാട്ട് നന്ദിയും അനുമോദനവും അർപ്പിച്ചു.

## ഫൊക്കാന വിമൻസ് ഫോറത്തിന്റെ ഫോട്ടോഗ്രാഫി മത്സരത്തിലേക്ക് അപേക്ഷ ക്ഷണിക്കുന്നു

സരൂപ അനിൽ

ന്യൂയോർക്ക്: മാജിക് മൊമന്റ്സ് ഓഫ് യുവർ ഡേ: ബ്ലിസ് ഓഫ് ഹോളിഡേയ്സ് ആൻഡ് ന്യൂ ഇയർ എന്ന തീമിൽ ഫൊക്കാന വിമൻസ് ഫോറം സംഘടിപ്പിക്കുന്ന ഫോട്ടോഗ്രാഫി മത്സരത്തിലേക്ക് അപേക്ഷകൾ ക്ഷണിച്ചു തുടങ്ങി. 16 വയസ്സിനു മുകളിൽ പ്രായമുള്ള എല്ലാവർക്കും സ്ത്രീ-പുരുഷ ഭേദമെന്യേ മത്സരത്തിൽ പങ്കെടുക്കാൻ യോഗ്യതയുണ്ട്. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി ജനുവരി 15 ആണ്. അപേക്ഷയോടൊപ്പം മത്സരത്തിനുള്ള ഫോട്ടോയും സമർപ്പിക്കേണ്ടതാണ്. 10 ഡോളറാണ് രജിസ്ട്രേഷൻ ഫീസ്. ഏറ്റവും മികച്ച ഫോട്ടോയ്ക്ക് 250 ഡോളറും പോപ്പുലർ ഫോട്ടോയ്ക്ക് 150 ഡോളറും ക്യാഷ് പ്രൈസ് സമ്മാനമായി നല്കും. ജനുവരി 30-നാണ് ഫലപ്രഖ്യാപനം നടത്തുക. കൂടുതൽ വിവരങ്ങൾ ഫ്ളയറിലും അപേക്ഷാ ഫോമിലും ഉൾപ്പെടുത്തിയിട്ടുണ്ട്. താഴെക്കാണുന്ന ലിങ്കിൽ ക്ലിക്ക് ചെയ്താൽ അപേക്ഷാ ഫോം ലഭ്യമാകുന്നതാണ്.
https://forms.gle/d5RbtyxarMAWQafW7




## ഫാ. ബോബൻ വട്ടംപുറത്ത് കെസിസിഎൻഎ സ്പിരിച്വൽ ഡയറക്ടർ

ബൈജു ആലപ്പാട്ട്

ഡിട്രോയിറ്റ്: കെസിസിഎൻഎയുടെ പുതിയ സ്പിരിചൽ ഡയറക്ടറായി സാൻ അന്റോണിയോ സെന്റ് ആന്റണി ക്നാനായ പാരിഷ് വികാരി റവ.ഫാ. ബോബൻ വട്ടംപുറത്തിനെ നിയോഗിച്ചുകൊണ്ടുള്ള കോട്ടയം അതിരൂപത അദ്ധ്യക്ഷന്റെ നിർദ്ദേശത്തിനു ഡിട്രോയിറ്റിൽ വെച്ച് നവംബർ 23-നു നടന്ന കെസിസിഎൻഎ നാഷണൽ കൗൺസിൽ മീറ്റിംഗ് അംഗീകാരം നൽകി.



2016 മുതൽ ക്നാനായ റീജിയണിൽ സേവനമനുഷ്ഠിക്കുന്ന ഫാ. ബോബൻ വട്ടംപുറത്ത് ചിക്കാഗോ സെ. മേരീസ് ക്നാനായ പാരിഷ് അസി. വികാരി, ഡിട്രോയിറ്റ് ക്നാനായ പാരിഷ്, അറ്റ്ലാന്റ ക്നാനായ പാരിഷ് എന്നിവിടങ്ങളിൽ വികാരിയുമായിരുന്നു. 2021 മുതൽ സാൻ അന്റോണിയോ സെ. ആന്റണി ക്നാനായ പാരിഷ് വികാരിയായി സേവനമനുഷ്ഠിക്കുന്ന ഫാ. ബോബൻ വട്ടംപുറത്ത് കെസിസിഎൻഎ അന്റോണിയോ കൺവൻഷനിൽ ആതിഥേയ യൂണിറ്റിന്റെ സ്പിരിചൽ ഡയറക്ടർ എന്ന നിലയിൽ കൺവൻഷന്റെ വിജയത്തിനായി വളരെ മാതൃകാപരമായ പ്രവർത്തനങ്ങൾ നടത്തിയിരുന്നു.

# ഹൂസ്റ്റൺ ക്നാനായ കാത്തലിക് സൊസൈറ്റിക്ക് യുവ നേതൃത്വം

**ജോംസ് മാത്യു കിഴക്കേകാട്ടിൽ**

ഹൂസ്റ്റൺ: ഹൂസ്റ്റൺ ക്നാനായ കാത്തലിക് സൊസൈറ്റിയുടെ (എച്ച്കെസിഎസ്) 2025 പ്രവർത്തനവർഷത്തേക്കുള്ള ഭരണസമിതി തോമസ് വിക്ടർ നീറ്റുകാട്ടിലിന്റെ നേതൃത്വത്തിലുള്ള യുവനേതൃത്വം നയിക്കും.




ഡിസംബർ 14-ന് ഹൂസ്റ്റൺ ക്നാനായ കമ്യൂണിറ്റി സെന്ററിൽ വെച്ച് ക്രിസ്മസ് ആഘോഷത്തിന്റെ ഭാഗമായി നടന്ന സമ്മേളനത്തിൽ വെച്ച് പുതിയ നേതൃത്വം സത്യപ്രതിജ്ഞ ചെയ്തു.

വൈസ് പ്രസിഡണ്ടായി നീതു സിംപ്സൺ വാലിമറ്റവും സെക്രട്ടറിയായി ജോംസ് മാത്യു കിഴക്കേകാട്ടിലും ജോ. സെക്രട്ടറിയായി സ്മിതോഷ് മാത്യു ആട്ടുകുന്നേലും ട്രഷററായി ഫിലിപ്സ് കാരിശ്ശേരിയും പ്രോഗ്രാം എക്സിക്യൂട്ടീവായി ജനി ടോണി തുണ്ടിൽ, സോഷ്യൽ മീഡിയ എക്സിക്യൂട്ടീവായി അമൃത ജോയ് പാലക്കപറമ്പിൽ എന്നിവരും സത്യപ്രതിജ്ഞ ചെയ്ത് സ്ഥാനമേറ്റു.

ഹൂസ്റ്റണിലെ ക്നാനായ സമുദായത്തെ സേവിക്കുന്നതിൽ അർപ്പണബോധമുള്ളവരും സമൂഹത്തോട് പ്രതിബദ്ധത ഉള്ളവരുമായ ഈ പുതിയ യുവജന ഭരണസമിതി അംഗങ്ങൾ പല സാമുദായിക, സാംസ്കാരിക സംഘടനകളിൽ പ്രവർത്തിച്ച് തങ്ങളുടേതായ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ളവരാണ്.

ക്നാനായ സമുദായത്തിന്റെ അടിസ്ഥാന പ്രമാണങ്ങളിൽ വിട്ടുവീഴ്ചയില്ലാത്ത നിലപാടുകളുമായി മുന്നോട്ടു നീങ്ങുമെന്നും എച്ച്കെസിഎസിന്റെ ഉന്നമനത്തിനായി ഒരുമിച്ച് പ്രവർത്തിച്ച്, പ്രത്യേകിച്ച് യുവജനങ്ങളെ ചേർത്തു നിർത്തി നൂതനമായ ആശയങ്ങൾ ആവിഷ്കരിച്ചുകൊണ്ട് സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തി മുന്നോട്ടുപോകുമെന്നും പുതിയ ഭരണസമിതി പ്രഖ്യാപിച്ചു.

കെസിസിഎൻഎ നാഷണൽ കൗൺസിലിലേക്ക് ഫിലിപ്പ് മാപ്പിളശ്ശേരി, ജിമ്മി കുന്നശ്ശേരി, ജോജോ സിറിയക് തറയിൽ, കെന്നഡി കോര ഇഞ്ചനാട്ട്, പീറ്റർ സൈമൺ വാലിമറ്റത്തിൽ, ദിലു കട്ടപ്പുറം, ഷിജു കണ്ണച്ചപറമ്പിൽ, സുധ ആലപ്പാട്ട്, സണ്ണി കുര്യാക്കോസ് പ്ലാത്തോട്ടത്തിൽ, തിമോത്തി ടോസ് കണ്ടാരപ്പള്ളി എന്നിവരും ജൂബി പതിയിൽ ബിൽഡിംഗ് ബോഡി സെക്രട്ടറിയായും ജോസ് കുര്യൻ ഇഞ്ചെനാട്ടിൽ ട്രഷററായും ജോ സണ്ണി കാരിക്കൽ ഓഡിറ്ററായും, മറ്റ് സബ് ഓർഗനൈസേഷൻ ഭാരവാഹികളും സത്യപ്രതിജ്ഞ ചെയ്തു.

# ഇന്ത്യൻ നേഴ്സസ് അസോസിയേഷൻ ഓഫ് മിഷിഗണിന് നവനേതൃത്വം

**ഡോ. മാത്യു വർഗീസ്**

മിഷിഗൺ: ഇനാം (ഇന്ത്യൻ നേഴ്സസ് അസോസിയേഷൻ ഓഫ് മിഷിഗൺ) ന്റെ ഡിസംബർ 8-ന് നടത്തപ്പെട്ട ജനറൽ ബോഡിയിൽ വെച്ച് 2025-26-ലേക്കുള്ള ഭാരവാഹികളുടെ തെരഞ്ഞെടുപ്പും ക്രിസ്മസ് പാർട്ടിയും വാറനിലുള്ള സിഎസ്ഐ കോൺഗ്രിഗേഷൻ ഓഫ് ഗ്രേറ്റ് ലേക്സ് ചർച്ച് ഹാളിൽ വെച്ച് നടത്തപ്പെട്ടു. പ്രസിഡണ്ട് ആനി മാത്യുവിന്റെ അദ്ധ്യക്ഷതയിൽ നടന്ന ഈ മീറ്റിങ്ങിൽ സെക്രട്ടറി ഡയിസൻ ചാക്കോ, ട്രഷറർ സരജ സാമുവേൽ, മുൻ ബിഒടി മെംബേഴ്സ് എന്നിവരും സന്നിഹിതരായിരുന്നു.


സിനസ് ജോസഫ്
പ്രസിഡണ്ട്


സൂസൻ ഏബ്രഹാം
വൈസ് പ്രസിഡണ്ട്


ഷൈബി മാസ്കർനഹാസ്
സെക്രട്ടറി


അനിക മാത്യൂസ്
ജോയിന്റ് സെക്രട്ടറി


സരജ സാമുവേൽ
ട്രഷറർ

**2025-2026-ലേക്കുള്ള പുതിയ ഭാരവാഹികൾ:** സിനസ് ജോസഫ്-പ്രസിഡണ്ട്, സൂസൻ ഏബ്രഹാം-വൈസ് പ്രസിഡണ്ട്, ഷൈബി മാസ്കർനഹാസ്-സെക്രട്ടറി, അനിക മാത്യൂസ്-ജോയിന്റ് സെക്രട്ടറി, സരജ സാമുവേൽ-ട്രഷറർ. ഇവരെ കൂടാതെ ബിഒടി മെംബേഴ്സ്, ഇലക്ഷൻ ചെയർ, കമ്മിറ്റി മെംബേഴ്സ് എന്നിവരെയും തെരഞ്ഞെടുത്തു. കൂടുതൽ നേഴ്സസിനേയും നേഴ്സ് പ്രാക്ടീഷണേഴ്സിനെയും ഇനാം സ്വാഗതം ചെയ്യുന്നു. സ്നേഹവിരുന്നോടു കൂടി മീറ്റിംഗ് പര്യവസാനിച്ചു.



## വിനിമയ നിരക്ക്

| | |
|---|---|
| യു.എസ്. ഡോളർ | 85.06 |
| യൂറോ | 88.76 |
| സ്റ്റെർലിംഗ്പൗണ്ട് | 106.89 |
| സ്വിസ് ഫ്രാങ്ക് | 95.16 |
| സിംഗപ്പൂർ ഡോളർ | 62.76 |
| കനേഡിയൻ ഡോളർ | 59.22 |
| ഒമാൻ റിയാൽ | 220.92 |
| ബഹ്റൈൻ ദിനാർ | 225.52 |
| സൗദി റിയാൽ | 22.64 |
| യു.എ.ഇ. ദിർഹം | 23.16 |
| കുവൈത്ത് ദിനാർ | 276.19 |



# ഫൊക്കാനയുടെ ആദരം ഏറ്റുവാങ്ങി മുൻ പ്രസിഡണ്ട് ജി.കെ. പിള്ള

ശ്രീകുമാർ ഉണ്ണിത്താൻ

ടെക്സസ്: ഫൊക്കാന ടെക്സസ് റീജിയൻ ഉദ്ഘാടനത്തോടനുബന്ധിച്ച് ഫൊക്കാന മുൻ പ്രസിഡണ്ട് ജി.കെ. പിള്ളയേയും ഫൊക്കാനയുടെ നേതാക്കളായ റീജിയണൽ വൈസ് പ്രസിഡണ്ട് ഫാൻസിമോൾ പള്ളത്തുമഠം, മാർട്ടിൻ ജോൺ, പൊന്നു പിള്ള എന്നീ വ്യക്തികളെയും ഫൊക്കാന ആദരിച്ചു.

ജി.കെ. പിള്ള 2012-ലെ ഫൊക്കാന ഹൂസ്റ്റൺ കൺവൻഷന് നേതൃത്വം നല്കിയ വ്യക്തിയാണ്. ഈ കാലയളവിൽ ഫൊക്കാന പ്രസിഡണ്ട് എന്ന നിലയിൽ അർപ്പണ മനോഭാവത്തോടും ആത്മാർത്ഥതയോടും കൂടി സംഘടനയെ നയിക്കുകയും ഫൊക്കാനയുടെ വളർച്ചയ്ക്ക് കാരണമാവുകയും ചെയ്തു.

ഒരു നേതാവ് സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കടന്നുവരുമ്പോൾ ധാരാളം മാറ്റങ്ങളാണ് പല മേഖലകളിലും പ്രകടമാകുന്നത്. അതിനർത്ഥം അവർ സമൂഹത്തിന്റെ അടിത്തട്ടിലേക്ക് കൂടുതൽ ഇറങ്ങിച്ചെന്ന് പ്രവർത്തിക്കുന്നവരാണ് എന്നുള്ളതാണ്. അത്തരത്തിൽ അമേരിക്കൻ മലയാളികൾക്കിടയിൽ മാറ്റത്തിന്റെ അലയൊലികൾ വലിയ തോതിൽ സൃഷ്ടിച്ച വ്യക്തിയാണ് ജി.കെ. പിള്ള. ആരുടെയും സഹായമില്ലാതെ സ്വന്തം കഴിവിന്റെ ആത്മബലത്തിലാണ് ഈ കൊടുമുടികൾ അദ്ദേഹം നടന്നുകയറിയത്. അദ്ദേഹത്തിന് ഫൊക്കാനയുടെ അഭിനന്ദനങ്ങൾ.

ഫാൻസിമോൾ പള്ളത്തുമഠം ഫൊക്കാനയുടെ 2024-2026-ലെ റീജിയണൽ വൈസ് പ്രസിഡണ്ടായി നല്ല പ്രവർത്തനം നടത്തുന്ന വ്യക്തിത്വമാണ്. ടെക്സസ് റീജിയന്റെ ചരിത്രത്തിൽ ആദ്യമായി ഇരുനൂറിലധികം ആളുകളെ പങ്കെടുപ്പിച്ചു വലിയ ഒരു റീജിയണൽ കൺവൻഷൻ നടത്തുവാൻ നേതൃത്വം നല്കി. ഈ റീജിയണിൽ നിന്നും രണ്ട് സംഘടനകൾ മാത്രമുണ്ടായിരുന്നിടത്ത് ഇപ്പോൾ പുതിയ അഞ്ച് സംഘടനകൾ അംഗത്വത്തിനായി അപേക്ഷ നല്കിയിട്ടുണ്ട്. റീജിയന്റെ പ്രവർത്തനത്തിൽ ഉണ്ടായ പുരോഗതിക്കാണ് ഫാൻസിമോൾ ആദരിക്കപ്പെടുന്നത്.

മാർട്ടിൻ ജോൺ ഫൊക്കാനയുടെ കൺവൻഷൻ കൺവീനറാണ്. ഒരു സംഘടനയ്ക്ക് ഏറ്റവുമധികം ജനസ്വീകാര്യതയും വിസിബിലിറ്റിയും ഉണ്ടാകുന്നത് നല്ല സംഘാടകർ സംഘടനകളുടെ നേതൃത്വത്തിലേക്ക് വരുമ്പോഴാണ്. ഇതിനു കാരണം മറ്റൊന്നുമല്ല. കണ്ടുവരുന്ന ശൈലിയിൽ നിന്ന് വ്യത്യസ്തമായി ചില കാര്യങ്ങൾ സമൂഹത്തിനായി നടപ്പിലാക്കുവാൻ അവർ ശ്രമിക്കും. മറ്റുള്ളവരെ സഹായിക്കുക എന്നുള്ളത് ഒരു ജീവകാരുണ്യ പ്രവർത്തനമായിട്ടാണ് മാർട്ടിൻ ജോൺ കാണുന്നത്. മാർട്ടിൻ ജോണിന്റെ പ്രവർത്തനം ഫൊക്കാനയ്ക്ക് കൂടുതൽ അംഗസംഘടനകളെ ലഭിക്കാൻ കാരണമായി. അതിനാണ് അദ്ദേഹം ഫൊക്കാനയുടെ ആദരവിന് അർഹനായത്.

പൊന്നു പിള്ള ഫൊക്കാനയുടെ ആദ്യകാലം മുതലുള്ള നേതാവാണ്. സംഘടനയ്ക്കു വേണ്ടി ഫൊക്കാനയുടെ വനിതാ ഫോറത്തിലും അവർ കർമ്മനിരതയാണ്. ഫൊക്കാനയിൽ കാലാകാലങ്ങളായി അവർ നല്കിയ സേവനങ്ങളെ മാനിച്ചാണ് ആദരിക്കപ്പെടുന്നത്.

ഫൊക്കാന മുൻ പ്രസിഡണ്ട് ജി.കെ. പിള്ള ഫൊക്കാനയുടെ ഇപ്പോഴത്തെ കമ്മിറ്റി എല്ലാവരെയും ചേർത്തു പിടിച്ചുകൊണ്ട് ഒത്തൊരുമയോടെ മുന്നോട്ട് പോകുന്ന രീതിയെ അഭിനന്ദിക്കുകയും ഫൊക്കാനയുടെ പ്രവർത്തനത്തിൽ ഉണ്ടായ ഉയർച്ചയിൽ സന്തോഷം രേഖപ്പെടുത്തുകയും ചെയ്തു.

ഫൊക്കാന പ്രസിഡണ്ട് സജിമോൻ ആന്റണി, സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താൻ, ട്രഷറർ ജോയി ചാക്കപ്പൻ, എക്സി. വൈസ് പ്രസിഡണ്ട് പ്രവീൺ തോമസ്, അഡീ. അസോ. സെക്രട്ടറി അപ്പുക്കുട്ടൻ പിള്ള, മുൻ ട്രസ്റ്റി ബോർഡ് മെമ്പർ തോമസ് തോമസ്, വിമൻസ് ഫോറം വൈസ് ചെയർ ഷീല ചെറു തുടങ്ങി ഫൊക്കാന ഭാരവാഹികളും നിരവധി ഫൊക്കാന നേതാക്കളും മേയർ കെൻ മാത്യുവും ചേർന്നാണ് ഫൊക്കാനയുടെ അഭിനന്ദനങ്ങൾ പൊന്നാടയായി അണിയിച്ചത്.











KERALA EXPRESS പ്രവാസി താളുകൾ

# HOUSTON KCS HELD A MEMORABLE CHRISTMAS CELEBRATION ON SATURDAY, DECEMBER 14TH, 2024

Houston: The event took place at the Houston Knanaya Community Center in Missouri City, starting at 5:30 PM. It featured a variety of entertainment from members of all ages, making it a delightful experience.

**Vineeth Eranical**

Houston KCS Joint Secretary, Mr. Jose Nedumackal, began the official meeting with a welcome speech.

The Chief Guest, Mr. Eldos Mathew Punnoose IFS, Counselor Officer of the Indian Government to the United Nations, inaugurated the meeting by lighting a lamp. He highlighted the importance of preserving our community's traditions and the bonds we share. Special Guest Malayalam movie actor and producer, Mr. Prem Prakash, expressed gratitude for his special relationship with the Knanaya community and the Kottayam Diocese. He captivated the audience by singing a song at their request.

Bro. VC Raju, founder of Snehamandiram, a home for the destitute in Padamugham, Idukki, was a special honoree. He wished everyone peace and joy and encouraged all to welcome Infant Jesus into their lives.

Houston KCS President, Mr. Cyril Thaiparambil, gave a presidential address, highlighting last year's activities and expressing gratitude for member support and sponsor contributions. KCCNA National Council RVP Mr. Anoop Myalkarapurathu and Professor Daisy Luke (Retd. BCM College, Kottayam) also delivered Christmas messages. Fr. Joseph Mannapuram shared his message and blessings. Vice President Mrs. Smitha Kadavil concluded the official meeting with a vote of thanks.









The 2025 executive team, led by President-Elect Mr. Thomas Victor, had the 2025 calendar published by Mr. Eldos Punnoose. Over 1,000 attendees witnessed the recognition of top graduates from each grade and the awarding of the Kottayam-Malabar Forane with an ever-rolling trophy for the highest points in Arts and Sports events. The oath of office for newly elected officers for 2025 was also conducted.

The event's success was due to the leadership of the executive team: President Mr. Cyril Thaiparambil, Vice President Mrs. Smitha Kadavil, Secretary Mr. Vineeth Eranical, Joint Secretary Mr. Jose Nedumackal, Treasurer Mr. Vishal Kakkatil, Service Executive Dr. Navin Pathiyil, and Social Executive Mrs. Smitha Thycattu. The presence of a real Santa Claus, beautiful decorations, and energetic Christmas carols highlighted seasonal significance of the evening, which concluded with a sumptuous meal.

# ഷുഗർലാൻഡ് സിറ്റി കൗൺസിലിലേക്ക് ഡോ. ജോർജ് കാക്കനാട്ട് മത്സരിക്കുന്നു

**പി.പി. ചെറിയാൻ**

ഹൂസ്റ്റൺ: പ്രസിഡണ്ട് തെരഞ്ഞെടുപ്പിന്റെ ആവേശം അല്പമൊന്നു ശമിച്ചതിനു പിന്നാലെ സിറ്റി കൗൺസിൽ തെരഞ്ഞെടുപ്പിലേക്ക് വീണ്ടും പോരാട്ടങ്ങളുടെ കാഹളം. പ്രസിഡണ്ട് തെരഞ്ഞെടുപ്പിൽ നിന്ന് വിഭിന്നമായി ഇക്കു



റി മലയാളി സാന്നിദ്ധ്യമാണ് കൗൺസിൽ തെരഞ്ഞെടുപ്പിന് ആവേശം കൂട്ടുന്നത്. ടെക്സാസിലെ സമ്പന്ന നഗരങ്ങളിലൊന്നായ ഷുഗർലാൻഡ് സിറ്റി കൗൺസിൽ അറ്റ് ലാർജ് പൊസിഷൻ 1-ലേക്ക് മലയാളികൾക്ക് സുപരിചിതനായ ഡോ. ജോർജ് കാക്കനാട്ട് ആണ് മത്സരിക്കുന്നത്.

